# ദുഃഖവെള്ളിയാഴ്ച പ്രഭാതം

**കൗമാ**

ܕܨܦܪܐ ܕܥܪܘܒܬܐ ◆

ܒܥܕܢܐ ܕܨܦܪܐ ܢܘܕܐ ܘܢܣܓܘܕ ܠܗ . ܠܡܫܝܚܐ
ܕܦܪܩܢ ܒܚܫܗ ܘܡܘܟܟܗ ❖

ܒܟܠ ܩܘܡܐ ܕܥܕܢܐ ܕܨܦܪܐ ܡܬܐܡܪܐ ܬܫܒܘܚܬܐ ܗܕܐ ◆

ܠܟ ܡܪܝ ܬܫܒܘܚܬܐ ܠܐܒܘܟ ܐܝܩܪܐ. ܘܠܪܘܚܐ
ܕܩܘܕܫܐ ܣܓܕܬܐ ܘܪܘܡܪܡܐ . ܘܥܠܝܢ ܚܛܝܐ ܪܚܡܐ ܘܚܢܢܐ
ܢܬܦܬܚܘܢ . ܬܪܥܝ ܐܘܪܫܠܡ ܕܠܥܠ ܘܢܥܠܘܢ .
ܨܠܘܬܗܘܢ ܩܕܡ ܒܐܡ ܕܡܫܝܚܐ ❖ ܫܘ ܠܟ
ܡܪܝ. ܫܘ ܠܟ ܡܪܝ. ܫܘܒܚ ܠܟ ܣܒܪܢ ܠܥܠܡ .
ܒܪܟܡܪܝ ❖ ܐܒܘܢ ܕܒܫܡܝܐ ܘܫܪ ❖

(ബ്ഏദോനൊ ദുസഫ്റോ നൗദേ വ്നെസ്ഗുദേലേ
ലംശീഹോ ദുഫർക്കാൻ ബ്ഹാശേ വ്മൂക്കോക്കോ)

(മൂന്നുപ്രാവശ്യം)

ലൊക് മോർ തെശ്ബുഹത്തോ ലാബൂക്ക് ഈഖോറോ
വല് റൂഹൊ ദ്കുദ്ശോ സെഗ്ദ്തൊ വ്റുമ്റോമോ
വാലായ്ൻ ഹാത്തോയേ റഹ്മേ വഹ്നോനൊ
നെസ്ഫാസ്ഹൂൻ തർഐ ഊറിശ്ലേം ദൽ ഏൽ
വ്നേലോൻ സ്ലാവോസാൻ ക്ദൊംബിം ദമ്ശീഹോ
ശുബ്ഹോ ലൊക്മോറാൻ ശുബ്ഹോ ലെക്മോറാൻ
ശുബ്ഹോ ലൊക്സബറാൻ ല്ഓം-ബാറെക്മോർ

(മലയാളം)

പീഡാ-താഴ്ചകളാൽ നമ്മെ, വീണ്ടോനാം മിശിഹാ-യേ
വാഴ്ത്തിനമിക്കാം- പുലർകാലേ (മൂന്നുപ്രാവശ്യം)

(ലൊക്മോർ തെശുബ്ബുഹത്തോ)

നാഥാ!തേ സ്തുതിയും, മാനം താതന്നും
മഹിമാവന്ദനകൾ ശുദ്ധാത്മാവിന്നും
ഉണ്ടാ-ഉൾകൃപ പാപികളാം ഞങ്ങളിലും
മേലാമൂറിശിലേം വാതിൽക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മിശിഹാ!
സ്തോത്രം കർത്താവേ! സ്തോത്രം കർത്താവേ!
നിത്യം ശരണവുമേ! സ്തോത്രം ബാറെക്മോർ

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!....................

## പ്രാരംഭ പ്രാർത്ഥന

## 51-ാം സങ്കീർത്തനം

ദൈവമേ! നിന്റെ കൃപയിൻ പ്രകാരം എന്നോടു കരുണ ചെയ്യണമേ. നിന്റെ കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെ പാപങ്ങൾ മായിച്ചുകളയേണമേ.

എന്റെ അന്യായത്തിൽ നിന്ന് എന്നെ നന്നായി കഴുകി, എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമെ. എന്തെന്നാൽ എന്റെ അതിക്രമങ്ങൾ ഞാൻ അറിയുന്നു, എന്റെ പാപങ്ങൾ എപ്പോഴും എന്റെ നേരെ ഇരിക്കുന്നു.

നിനക്ക് വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു. നിന്റെ തിരുമുമ്പിൽ തിന്മകൾ ഞാൻ ചെയ്തു. എന്നാൽ നിന്റെ വചനത്തിൽ നീ നീതീകരിക്കപ്പെടുകയും നിന്റെ ന്യായവിധികളിൽ നീ ജയിക്കുകയും ചെയ്‌വാനായിട്ടുതന്നെ. എന്തെന്നാൽ അന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കുകയും ചെയ്തു.

എന്നാൽ നീതിയിൽ നീ ഇഷ്ടപ്പെട്ടു. നിന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ എന്നെ നീ അറിയിച്ചു. നിന്റെ സോപ്പാകൊണ്ട് എന്റെ മേൽ

തളിക്കണമെ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ നീ വെണ്മയാക്കണമെ. ഉറച്ച മഞ്ഞിനേക്കാൾ ഞാൻ വെണ്മയാകും.

നിന്റെ ആനന്ദവും സന്തോഷവുംകൊണ്ട് എന്നെ തൃപ്തിയാക്കണമെ. ക്ഷീണതയുള്ള എന്റെ അസ്ഥികൾ സന്തോഷിക്കും, എന്റെ പാപങ്ങളിൽ നിന്നു നിന്റെ മുഖം തിരിച്ച് എന്റെ അതിക്രമങ്ങളെയെല്ലാം മായിച്ചുകളയണമേ.

ദൈവമേ! വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമെ. സ്ഥിരതയുള്ള നിന്റെ ആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമെ. നിന്റെ തിരുമുമ്പിൽ നിന്ന് എന്നെ തള്ളിക്കളയരുതേ. നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽനിന്ന് എടുക്കുകയുമരുതേ.

എന്നാലോ നിന്റെ അനന്ദവും രക്ഷയും എനിക്കു തിരിച്ചു തരണമെ. മഹത്വമുള്ള നിന്റെ ആത്മാവ് എന്നെ താങ്ങുമാറാകണമെ. അപ്പോൾ ഞാൻ അതിക്രമക്കാരെ നിന്റെ വഴിപഠിപ്പിക്കും. പാപികൾ നിങ്കലേക്കു തിരിയുകയും ചെയ്യും.

എന്റെ രക്ഷയുടെ ദൈവമായ ദൈവമേ! രക്തപാതകത്തിൽ നിന്ന് എന്നെ രക്ഷിക്കണമേ. എന്റെ നാവു നിന്റെ നീതിയെ സ്തുതിക്കും. കർത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കണമെ. എന്റെ വായ് നിന്റെ സ്തുതികൾ പാടും.

എന്തെന്നാൽ ബലികളിൽ നീ തിരുമനസ്സായില്ല. ഹോമ ബലികളിൽ നീ നിരപ്പായതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്മയുള്ള ആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയം നിരസിക്കുന്നില്ല.

നിന്റെ ഇഷ്ടത്താൽ സെഹിയോനോടു നന്മ ചെയ്യണമേ. ഊർശ്ലേമിന്റെ മതിലുകൾ പണിയണമേ. അപ്പോൾ നീതിയോടുകൂടിയ ബലികളിലും ഹോമ ബലികളിലും നീ ഇഷ്ടപ്പെടും. അപ്പോൾ നിന്റെ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും.

ദൈവമേ! സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.
ശുബഹോ -മെനഓലം

## എന്യോനൊ

**(ഹൌദഹവോബുകറോ)**

പാതകിപോൽ-ഞങ്ങളെ രക്ഷിപ്പാൻ
ന്യായ-സ്ഥാനം പ്രാപിതനേ!
ദേവാ!-ദയ ചെയ്തീടണമേ.

ദാസൻ-ത-ന്നടി കന്നത്തേറ്റു
കന്മ-ഷദാസരെ വീണ്ടോനെ! ദേവാ!....
തലമേൽകോൽ-കൊണ്ടടിയേറ്റിവർ തൻ
പാപ-ച്ചീട്ടു പൊളിച്ചോനേ! ദേവാ!....
മന്നവരും-വിധിനാഥന്മാരും
കൊല്ലാൻ-ചതിവാലാർന്നോനേ!ദേവാ!....
നിർദ്ദോഷം-സകലവിധീശ്വരനേ!
ദോഷി-കളാൽ വിധിയേറ്റോനേ! ദേവാ!....
ബാറെക്മോർ. **ശുബ്ഹൊ.... മെൻ ഓലം...**
നീതിജ്ഞാ!-പുണ്യനിധേ! സ്വഹിതാൽ
ദ്രോഹി-കളാൽ വിധിയേറ്റോനേ! ദേവാ!....
കുറിയേലായിസോൻ

### സങ്കീർത്തനം 63

എന്റെ ദൈവമേ! നീ എന്റെ ദൈവമാകുന്നു. ഞാൻ നിനക്കായിട്ടു കാത്തിരിക്കും.

ദാഹിച്ചും വരണ്ടും വെള്ളത്തിനായി ആഗ്രഹിച്ചിരിക്കുന്ന ഭൂമിയെ പ്പോലെ എന്റെ ആത്മാവ് നിന്നെക്കുറിച്ച് ദാഹിച്ചിരിക്കുന്നു. എന്റെ ജഡവും നിനക്കായി കാത്തിരിക്കുന്നു.

നിന്റെ ബലവും നിന്റെ ബഹുമാനവും കാണ്മാൻ ഇപ്രകാരം സത്യ മായിട്ട് ഞാൻ നിന്നെ നോക്കി.

എന്തെന്നാൽ നിന്റെ കരുണ ജീവനേക്കാൾ നല്ലതാകുന്നു. എന്റെ അധരങ്ങൾ നിന്നെ സ്തുതിക്കും.

ഞാൻ ജീവനോടെയിരിക്കുമ്പോൾ ഇപ്രകാരം ഞാൻ നിന്നെ വാഴ്ത്തുകയും നിന്റെ നാമത്തിൽ ഞാൻ എന്റെ കൈകൾ ഉയർത്തുകയും ചെയ്യും.

എന്റെ ആത്മാവ് കൊഴുപ്പും മേദസ്സും കൊണ്ടെന്നപോലെ പുഷ്ടിയാകും. എന്റെ വായ് സ്തുതിയുള്ള അധരങ്ങൾകൊണ്ട് നിന്നെ മഹത്വപ്പെടുത്തുകയും ചെയ്യും.

എന്റെ കിടക്കയിന്മേൽ ഞാൻ നിന്നെ ഓർത്തു. രാത്രികാലങ്ങളിൽ ഞാൻ നിന്നെ ധ്യാനിക്കുകയും ചെയ്തു.

എന്തെന്നാൽ നീ എനിക്കു സഹായക്കാരനായിത്തീർന്നു. നിന്റെ ചിറകുകളുടെ നിഴലിൽ ഞാൻ മറയ്ക്കപ്പെടും.

എന്റെ ആത്മാവ് നിന്നെ പിൻതുടർന്നു. നിന്റെ വലതുകൈ എന്നെ താങ്ങുകയും ചെയ്തു.

അവർ എന്റെ ആത്മാവിനെ നശിപ്പിപ്പാൻ അന്വേഷിച്ചു അവർ ഭൂമിയുടെ ആഴങ്ങളിലേക്ക് പ്രവേശിക്കും.

അവർ വാളിനു ഏൽപ്പിക്കപ്പെടുകയും കുറുനരികൾക്കു ഭക്ഷണമായിത്തീരുകയും ചെയ്യും; രാജാവു ദൈവത്തിൽ സന്തോഷിക്കും.

അവനെക്കൊണ്ട് ആണയിടുന്ന ഏവനും പുകഴ്ചയുണ്ടാകും. എന്തെന്നാൽ അസത്യം പറയുന്നവരുടെ വായ് അടയ്ക്കപ്പെടും.

ദൈവമേ! സ്തുതി നിനക്കു യോഗ്യമകുന്നു. ബാറെക്മോർ*

**(ഹൌദ് ഉഹ്ദോനോ)**

ദേവേശാ മശിഹാ! സ്വസ്നേഹത്താൽ
വിധിനിലയേ കന്നത്തടിയേ-
റ്റടിമയിൽ നിന്നും വീണ്ടോനേ!
നിന്നേ-യാർ-ന്നേൻ, കൃപ ചെയ്കെന്മേൽ

ദേവേശാ! മശിഹാ!സ്ലീബായിന്മേൽ
ഞങ്ങടെ രക്ഷയ്ക്കായി തൂങ്ങി-
ജീവൻ മൃതിയാൽ തന്നോനേ!
നിന്നേ-യാർ-ന്നേൻകൃപ ചെയ്കെന്മേൽ.

ദേവേശാ! മശിഹാ! നിജവിനയത്താൽ
താണവർ ഞങ്ങളെയേറ്റിത്തൻ-
പാടാൽ പീഡകൾ തീർത്തോനേ!
നിന്നേ-യാർ-ന്നേൻ കൃപ ചെയ്കന്മേൽ

ദേവേശാ! മശിഹാ! തിരുവിഷ്ടത്താൽ
സ്ലീബായും പീഡയുമേറ്റി-
ട്ടാദാമ്യരെ രക്ഷിച്ചോനെ!
നിന്നേ-യാർ-ന്നേൻ കൃപ ചെയ്കെന്മേൽ

ദേവേശാ! മശിഹാ! പാപത്താൽദോഷം
തീണ്ടാത്തോരേകാ! സ്വഹിതാൽ-
ദോഷികൾ ഞങ്ങളെ വീണ്ടിടുവാൻ
കുറ്റ-ത്തിൻ-വിധിയേറ്റോനേ!

ബാറെക്മോർ. **ശുബ്ഹൊ.... മെൻ ഓലം...**

ദേവേശാ! മശിഹാ! ഞങ്ങളെ രക്ഷിപ്പാൻ
കഷ്ടതയും കുരിശും പേറി-
ക്നുമായാലുയിർതന്നോനെ!
നിന്നേ-യാർ-ന്നേൻ കൃപ ചെയ്കെന്മേൽ

കുറിയേലായിസോൻ

## സങ്കീർത്തനം 35

(കോലോദുശുബ്ഹോ ബ്പുംമാലാഖെ)

1. കർത്താവേ! എന്റെ വ്യവഹാരം നടത്തി, എന്നോട് പൊരുതുന്നവരോട് പൊരുതണമേ. ആയുധവും പരിചയും പിടിച്ച് എന്റെ സഹായത്തിനായി നില്ക്കണമെ.

ഇന്നാൾ നിന്നാൻ-മൌലി നമിച്ചാ- വിധിഗേഹത്തിൽ
സർവ്വവിധീശ വിധീ-ശൻ-താൻ
പിഴയിൽനിന്നും നമ്മെ വിടുർത്താൻ മത്സരികളിൽ നി-
ന്നേറ്റാൻ ദുഷിപരിഹാ-സ-ങ്ങൾ

കുറിയേ.....

2. എന്റെ ജീവനെ അന്വേഷിക്കുന്നവർ ലജ്ജിച്ച് നാണിക്കും. എനിക്ക് വിരോധമായി തിന്മ വിചാരിച്ചവർ പിന്തിരിഞ്ഞ് നാണിക്കും.

ഇന്നാൾ വിധിപതി-പീലാത്തോസെ! യിവനെ ക്രൂശി-
ക്കെന്ന യൂദന്മാ-രാ-ർത്തു
ദ്രോഹികൾ ബാറാബായെ ചോദിച്ചുത്തമസുതനേ
നിഹനിപ്പാൻ ക്രൂശിൽ-തൂ-ക്കി കുറിയേ.........

3. അവരുടെ വഴി അന്ധകാരമാകും. അതിൽ മാർഗ്ഗഭ്രംശം ഉണ്ടാകും. ദൈവത്തിന്റെ മാലാഖ അവരെ ഓടിക്കും. എന്തെന്നാൽ അവർ എനിക്കായി കെണികൾ മറച്ചുവെച്ചു. എന്റെ ആത്മാവിനു വലയും വിരിച്ചു.

ഇന്നാൾ തുപ്പലണിഞ്ഞാനേദൻ നാഥൻ- പറുദീ-
സാദാമിനു വീണ്ടും -നൽ-കാൻ
നമ്മേ ദുഷ്കൃതദാസ്യം നീക്കിക്കാപ്പാൻ ദാസ-
പ്രഹരത്തെ ക-ന്നത്തേ-റ്റാൻ കുറിയേ....

4. കള്ള സാക്ഷികൾ എനിക്ക് വിരോധമായി എഴുന്നേറ്റു ഞാൻ അറിയാത്ത കാര്യം എന്നോട് ചോദിച്ചു. അവർ മനുഷ്യരുടെ ഇടയിൽ നിന്ന് എന്റെ പ്രാണനെ നശിപ്പിച്ചു. നന്മയ്ക്ക് തിന്മ എന്നോട് പകരം ചെയ്തു.

ഇന്നാൾ ശിഷ്യന്മാരുടെ കൂറുതണുത്തു പരക്കം-
പാച്ചിലിനേ ശരണം-തേ-ടി
ക്രൂശക മദ്ധ്യേ സത്യത്തിൻ ഗുരുനാഥൻ തനിയേ
വ്യഥയും പീഡയുമേ-ൽക്കു-ന്നു കുറിയേ...

5. എന്റെ കഷ്ടതയിൽ അവർ ഒന്നിച്ചുകൂടി സന്തോഷിച്ചു. അവർ എന്നെക്കുറിച്ച് ദീർഘമായി സംഘം കൂടി. ഞാനോ അറിഞ്ഞില്ല. അവർ നിഗളത്തോടും, പരിഹാസത്തോടും കൂടെ എന്റെ നേരെ പല്ലുകടിച്ചു.

ഇന്നാൾ യൂദജനം വിളികൂട്ടി, “പീലാത്തോസേ!
മൂശാതൻ നിയമ-ത്തേ-യും
ശാബതിനെയും ജനതതിയേയും തെറ്റിക്കുന്നോ-
രീമാനുഷനെ ക്രൂ-ശി-ക്ക.” കുറിയേ...

(ശ്മാഹോദേകുലഹൂൻ ആമ്മേ)

**1. എന്റെ ഹൃദയത്തിന്റെ തകർച്ചയെ നീ സൗഖ്യപ്പെടുത്തി. ശക്തീകരിക്കണമേ.**

വിദ്വേഷികൾ ചെയ്തതെന്തെന്നു-
കേൾക്കുവീൻ എല്ലാ ജാതികളും
സൃഷ്ടികൾ തന്നധി നായകനെ-
നിന്ദ്യസ്ലീബാമേൽ തൂക്കീ
വന്നിടുവിൻ- തന്നെ നമിച്ചീടാം. കുറിയേ..

**2. അവരുടെ മേശ കെണിക്കായും അവരുടെ പ്രതികാരം വിരുദ്ധത്തിനായും തീരട്ടെ.**

ഭൂവാസികളെ ശ്രദ്ധിപ്പീൻ
കൊലയാളിയെ ദോഷികളേറ്റു
സൃഷ്ടിഗണത്തിനുടയോനേ-
വൈരത്താൽ ക്രൂശിൽ തൂക്കി
വന്നിടുവീൻ-തന്നെ നമിച്ചീടാം. കുറിയേ...

**3. കോപവും ക്രോധവും അവരുടെമേൽ ചൊരിയണമേ.**

ചന്ദ്രാർക്കന്മാർ വാനത്തിൽ-
മങ്ങീ-ക്കേണു സൃഷ്ടികളും
സൃഷ്ടികൾ സ്രഷ്ടാവോടൊപ്പം
ഖേദിച്ചീടുന്നതു യുക്തം
വന്നിടുവീൻ-തന്നെ നമിച്ചീടാം. കുറിയേ...

**4. എന്തെന്നാൽ നീ ദണ്ഡിപ്പിച്ചവന്റെ പിന്നാലെ അവർ പോയിരിക്കുന്നു.**

കയ്പ്പേറിയതാം കാടിയവ-
ന്നവരേകീ ദാഹിച്ചപ്പോൾ
ലിഖിതം നിഖിലം നിറവായെ-
ന്നോതീട്ടതു ദാനം ചെയ്താൻ
വന്നിടുവീൻ-തന്നെ നമിച്ചീടാം. കുറിയേ...

**5. ജീവന്റെ പുസ്തകത്തിൽ നിന്ന് അവർ മായിക്കപ്പെടട്ടെ. നിന്റെ നീതിമാൻമാരോടുകൂടി അവർ എഴുതപ്പെടാതിരിക്കട്ടെ.**

തന്നെയെതിരേൽപ്പാനെത്തീ-
പരിശുദ്ധന്മാർ മൃതിഗതരും
സത്യം കർത്താവിവനാണേ-
ന്നുരചെയ്താർ ജനതാമദ്ധ്യേ
വന്നിടുവീൻ-തന്നെ നമിച്ചീടാം. കുറിയേ...

**6. സ്തോത്രത്തോടെ ദൈവത്തിന്റെ നാമത്തെ ഞാൻ സ്തുതിക്കും. സ്തോത്രത്തോടെ അവനെ മഹത്വപ്പെടുത്തുകയും ചെയ്യും**

മ്ലേച്ഛന്മാരാൽ ദൂഷിതമാം-
ആലയമതിൽ നിന്നും റൂഹാ
നീങ്ങിയതായ് താൻ ചീന്തിയതാം-
തിരശ്ശീലയഹോ സാക്ഷിച്ചു
വന്നിടുവീൻ-തന്നെ നമിച്ചീടാം. ബാറെക്മോർ

**ശുബ്ഹൊ.... മെൻ ഓലം...**

7. യൂദന്മാരെയോർത്തിടുവിൻ-
തരുവിന്മീതേതൂക്കിയവൻ
ദൈവം, ദൈവതനുജൻതാൻ-
നിങ്ങളെ നിർമ്മൂലം നീക്കും
വന്നിടുവീൻ-തന്നെ നമിച്ചീടാം. കുറിയേ...

## സങ്കീർത്തനം 54,55
### (യൗമ്മോനോ)

1. ദൈവമേ നിന്റെ തിരുനാമത്താൽ എന്നെ രക്ഷിക്കേണമേ. എന്തെന്നാൽ അന്യജാതിക്കാർ എനിക്ക് വിരോധമായി എഴുന്നേറ്റിരിക്കുന്നു

കഷ്ടതയാൽ മരണനുകത്തെ-യഴിവാക്കി-
ത്തനുവിൻ ത്യാഗത്താൽ;
ദുഷ്ടാത്മാക്കളെ ലജ്ജിപ്പിച്ചോരീശോ ധന്യൻ
നിൻ ഹാശായിൽ -കഷ്ടതയാൽ പ്രഭ -നേടണമെങ്ങൾ

2. കർത്താവേ നീ നല്ലവനാകകൊണ്ട് ഞാൻ നിന്റെ തിരുനാമത്തെ സ്തോത്രം ചെയ്യും. എന്തെന്നൽ സർവ്വവ്യസനത്തിൽ നിന്നും നീ എന്നെ രക്ഷിച്ചു.

തിരുസഭയെ - പ്രതികഷ്ടതയേ-റ്റടിയാരേ-
ത്തെറ്റിൽ നിന്നും വീണ്ടോനേ!
ദുർഭിന്നതയും കലഹവുമതിൽനിന്നകലത്താക്കീ-
ട്ടന്ത്യംവരെ നിൻ- ശാന്തിയതിൻസുതരിൽ- മേവണമേ.

3. വഞ്ചനയും ദുഷ്ടതയും ദുർഗുണവും അതിന്റെയുള്ളിൽ ഉണ്ട്. അതിന്റെ തെരുവീഥികളിൽ നിന്ന് ദുഷ്ടതയും വഞ്ചനയും മാറിപ്പോകുന്നില്ല.

വിധിനിലയേ- രക്ഷകനിന്നാൾ- പാതകിയെ
പ്പോൽനി- ന്നെങ്ങൾക്കായ്-
മൃതി കൈക്കൊണ്ടിഹ ശാശ്വതജീവൻ നൽകിയ നേരം
സൃഷ്ടികളഖിലം -വ്യസനം പൂണ്ടധികം- വിലപിച്ചു.

4. എന്തെന്നാൽ അവർ എന്നോട് തർക്കത്തിലായിരിക്കുന്നു. ലോകങ്ങൾക്കും മുമ്പുള്ളവനായ ദൈവംകേട്ട് അവരെ താഴ്ത്തും.

യൂദന്മാർ- ഗോഗുൽത്താമേൽ-രക്ഷകനെ-
ക്കുരിശി-ച്ചൊരു നാളിൽ
അടിനിലയിടറീ, കൂരിരുളേറീ, മൃതിഗതരിളകീ-
സൃഷ്ടികളഖിലം-സങ്കടവും വ്യഥയും- പ്രാപിച്ചു.
കുറിയേ.....

## സങ്കീർത്തനം 22
## (ബ്ഹൊനോയൗമോ ക്അവ്ഗുദേ)

1. എന്റെ ദൈവമേ! എന്റെ ദൈവമേ! നീ എന്നെ ഉപേക്ഷിച്ചതും എന്റെ ഭോഷവചനങ്ങളാൽ എന്റെ രക്ഷയെ എന്നിൽ നിന്നും ദൂരത്താക്കിയതും എന്ത്

ഇന്നാൾ സ്രാപ്പികൾ കാദീശ് കാദീശ്
എന്നേവം വാഴുത്തുന്നോനെ
തൂക്കുക, തൂക്കുക, യെന്നാർത്തു-കായാപ്പഗണം
കുറിയേ......

2. ദൈവമേ പകൽ സമയത്ത് ഞാൻ നിന്നെ വിളിച്ചു. നീ ഉത്തരമരുളുന്നില്ല. രാത്രിയിൽ വിളിച്ചിട്ടും എനിക്കായി കാത്തിരിക്കുന്നില്ല.

ഇന്നാൾ ക്രോബകൾ- മഹിതം ബഹുമതി-
താവകമെന്നാർക്കുന്നോനെ
നീക്കുക, നീക്കുക -യെന്നുഴറീ-ശപ്തജനങ്ങൾ
കുറിയേ......

3. എന്നെ കണ്ടവർ ഒക്കെയും എന്നെ പരിഹസിച്ചു. അവർ അധരങ്ങൾ കൊണ്ട് ഗോഷ്ടി കാണിച്ചു. അവരുടെ തല കുലുക്കി.

ഇന്നാളംബര-മാരാൽ നിറയു-
ന്നതു ചെറുതാർ-ക്കായവനോടായ്
ചോദിച്ചാൻ നാ-ടേതെന്നാ-നിന്ദ്യൻ ഹാനാൻ
കുറിയേ......

4. അവനെ രക്ഷിപ്പാൻ കർത്താവിൽ അവൻ ആശ്രയിച്ചുവല്ലോ. തനിക്കു അവനിൽ ഇഷ്ടമുണ്ടെങ്കിൽ അവനെ വിടുവിച്ച് രക്ഷിക്കട്ടെ.

ഇന്നാൾ-പീലാത്തോസൊടു ജനമാ-
ർത്തീശോയെ-നിഹനിച്ചീടാൻ
ബാറാബായേ-വിട്ടവനെ-തൂക്കുക തരുവിൽ
കുറിയേ......

5. ബാശാൻകൂറ്റൻമാർ എന്നെ വളഞ്ഞിരിക്കുന്നു

ഇന്നാളാരുടെ-ബലമഹിമാവീ-
സൃഷ്ടികളെതാങ്ങീടുന്നു
അവനെത്തരുവിൽ -കുരിശിച്ചാർ- ഗോഗുൽത്തായിൽ
കുറിയേ......

6. ഞാൻ വെള്ളംപോലെ ഒഴിക്കപ്പെട്ടു.

ഇന്നാൾ മണ്ണാ-ലാദാമിനെ നി-
ർമ്മിച്ചോരാ-ത്തൃക്കൈത്തണ്ടിൽ
ആണിതറച്ചാർ- സ്കീപ്പാമേൽ- തരുവിന്മീതേ
കുറിയേ......

7. അവർ എന്റെ കൈകളേയും കാലുകളെയും തുളച്ചു. എന്റെ അസ്ഥി കളെല്ലാം വിലപിച്ചു.

ഇന്നാളുടയോൻ-തരുവിന്മീതേ-
ദാഹത്താൽ -ജലമാരായ്കെ,
പാരാവാരം-കൂറ്റൻപോ-ലാരവമേറ്റി
കുറിയേ......

8. എന്നെ സിംഹത്തിന്റെ വായിൽനിന്നും എന്റെ എളിമയെ അഹങ്കാര പ്രമത്തതയിൽ നിന്നും രക്ഷിക്കണമേ

ഇന്നാൾ ശാസ്ത്രീ പരീശന്മാരും
നിന്ദ്യന്മാർ പട്ടക്കാരും
ധാർമ്മികനെപ്രതി-സത്യം-ചൊ-ന്നില്ലുൾപ്പകയാൽ
ബാറെക്മോർ. **ശുബ്ഹൊ.... മെൻ ഓലം...**
ഇന്നാൾ ദുരിതം -സീയേനെ! ദൈ-
വാത്മജനെ-ക്രൂശിപ്പോളേ
സഭയേ! ഭാഗ്യം-നീയവനെ-കൊണ്ടാടുകയാൽ
സ്തൗമെൻകാലോസ്... കുറിയേലായിസോൻ

## പ്രുമിയോൻ

## കോലോ

**(കൂക്കോയോ)**

വെള്ളിദിനത്തിന്നുദയത്തിൽ-ജഗതീ-രക്ഷകനാം
ദേവാധിപനെക്കുരിശിപ്പാ-നവരുൾ-സുകരായി.
പ്രകൃതിവിറച്ചു-ഭൂമിതലം ഞെട്ടി
പാറ തകർന്നു-കൊടുമുടികൾ പതറീ
കബറുകൾ വിണ്ടു മൃതന്മാരും-നിർഗ-തരായെത്തീ;
നാഥാത്മജനെ ക്രൂശിച്ച-ശപ്തരെ നിന്ദിച്ചു.
ഹാലേലൂയ്യാ-ദുരിതമവർക്കെന്നും -ബാറെക്മോർ.
ശുബ്ഹൊ...മെൻഓലം ഹാലേലൂയ്യാ

ദൈവത്തിൻ ജീവാത്മജനാം-ജഗതീ-പാലകനെ
ഗോഗുൽത്താമേൽ സ്കീപ്പായിൽ-ജനസം-ഘം തൂക്കി;
കണ്ടകമകുടം-തിരുമൗലിയിൽവച്ചു;
കൈകൾ തറച്ചി-ട്ടവർപുളിവീഞ്ഞേകീ
ലിഖിതം പോലെ പിളർത്തി വിലാ-വയ്യോ കുന്തത്താൽ
ഗതിലോകർക്കരുളും നീരും-നിണവും പ്രവഹിച്ചു.
ഹാലേലൂയ്യ-തൻകൃപസംസ്തുത്യം. മൊറിയോ..

## എത്രോ
## വീണ്ടും കോലോകൾ

**(ബ്സഹ്റോ കൊംവോ ബെസ്ദീനോ)**

രാവിലെ നിന്നാൻ-സൃഷ്ടികളേ-
വിധിചെയ്യുന്നോൻ-വിധിയിൻ നിലയത്തിൽ;
ചോദ്യം ചെയ്താനീറയർ തൻ-പതിയൊടു ദാസൻ
സ്തുതിയാദാമിന്നവകാശം-നൽകാനേവം-
കഷ്ടപ്പെട്ടോനേ-
ബാറെക്മോർ. **ശുബ്ഹൊ.... മെൻ ഓലം...**

സൃഷ്ടികളെ വിധിക്കുന്ന ന്യായാധിപൻ പ്രഭാതത്തിൽ ന്യായസ്ഥലത്ത് നിന്നു. ഈറേന്മാരുടെ നാഥൻ ദാസനാൽ ചോദ്യം ചെയ്യപ്പെട്ടു. ആദാമിനെ അവന്റെ അവകാശത്തിലേക്കു തിരിക്കുവാൻ ഇവയെല്ലാം സഹിച്ച തനിക്കു സ്തുതി.

മയ്യലിലുടയോ-നേറ്റാൻ വിധി
പീലാത്തോസ്സാൽ- മരണാർഹനു തുല്യം
തൂക്കുക, തൂക്കുക നസറായൻ-യേശുവിനേ നീ-
നീക്കീടുക, ബാറാബായെ-മോചിപ്പിക്കുക-
യെ-ന്നാർത്തു യൂദർ

പ്രഭാതത്തിൽ മരണയോഗ്യനെപ്പോലെ കർത്താവ് പീലാത്തോസിനാൽ വിധിക്കപ്പെട്ടു. നസ്രായക്കാരനായ യേശുവിനെ ക്രൂശിക്ക, ക്രൂശിക്ക ബാറാബായിയെ വിട്ടുതരിക എന്നു യൂദജനം അട്ടഹസിച്ചു.

## ബോത്തെദ്ഹാശോ

◆ ܒܥܘܬܐ ܕܚܫܐ

ܒܪܝܟ ܡܪܝ ܚܫܟ ܕܗܘܐ ܚܠܦܝܢ . ܒܪܝܟ
ܡܘܟܟܟ ܕܡܛܠܬܢ ❖

(ബ്രിക്മോർ ഹാശോക് ദഹ്‌വൊ ഹ്‌ലോഫൈൻ
ബ്രീക്മൂകോക്ക് ദ്മേത്തുലോസാൻ)

ഞങ്ങൾക്കായ് നീ-യേറ്റൊരു പീഡാ-
താഴ്ചകളേറ്റം ധന്യം നാഥാ!

1. മുഴുരാ-വവനേ-വൈദികസംഘം
ശോധിച്ചുദയേ- പീലാത്തോസ്സിൻ
മുമ്പിൽ ചേർത്താൻ-തൻവിധികേൾപ്പാൻ
ഹാ!-യേശുവിനേ നിഹനിച്ചീ-ടാൻ
ജനമൊന്നാകെ -ഘോഷിച്ചാർത്തു

2. പാവനരക്തം-ചിന്താതവനേ
ക്രൂശകരീന്നും-മോചിച്ചീടാൻ
ആൾവിട്ടോതീ-ഗൂഢം ഭാര്യ
ആകാഞ്ഞതിനാൽ-ക്രൂശകരൊപ്പം
വിധിയേൽക്കായ്‌വാൻ-കഴുകിയവൻകൈ

3. മരണാർഹൻതാ-നിവനെന്നൊപ്പം
പീലാത്തോസ്സോ-ടാർത്താൻ, ഹസ്തം
ശോഷിച്ചോനും-രോഗാർത്തർക്കും
ശാബതുനാളിൽ-ശാന്തികൊടുത്താൻ
മരണത്തിനിവൻ-യോഗ്യൻ നൂനം!

4. ദൈവാത്മജനെ-ന്നെണ്ണുന്നോനേ
തൂക്കുക, തൂക്കെ-ന്നാർത്താരേറ്റം
സ്തുത്യഫലത്തെ-യാരാഞ്ഞാർന്നോ-
രവകാശമെഴും-താതാത്മജനേ
യവരന്ധതയാൽ-ദർശിച്ചില്ല
നിൻവിധി ചെയ്തോർ -വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ- ഞങ്ങളെയീശാ. മൊറിയൊ...

## മോർ അപ്രേമിന്റെ ബോവൂസൊ




ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാജ്യേ
ദേവാ ദയയുണ്ടാ-കേണം
നാഥാ കൃപതോന്നേണമൻപാൽ

1. തിരുനിണവില നിപതിച്ചതിനാൽ
പരിശുദ്ധാഗാരം ഞെട്ടി
തൽ ശുശ്രൂഷ സമാപിപ്പാൻ
അവസരമായെന്നതു കണ്ടു
വൈദികപദവീ ഭ്രംശത്താൽ
പൂജകരെ പ്രതി വിലപിച്ചു
ശാശ്വത ശൂന്യത വന്നതിനാൽ
ബലികേഴാനാരംഭിച്ചു
യേശുവിനെ പ്രതിജനമാർത്തു
പീലാത്തോസ് കൈകൾ കഴുകീ
തൻരക്തം സന്തതിനിരയിൽ
പിൻതലമുറകളിലേക്കേറ്റാൻ *ദേവാ!....

2. ഉദയേശോഭന വസനത്താൽ
വാനത്തേ നീ ചമയിച്ചു
ഉദയേ വൈരിജനം നിന്നേ
നിന്ദാവസ്ത്രമുടുപ്പിച്ചു
മഹിതം ബഹുമതി താവകമെ-

ന്നുദയേ ക്രോബകളാർക്കുമ്പോൾ
അഗ്ന്യാത്മമയന്മാരീറേർ
കാദീശാഘോഷിക്കുമ്പോൾ,
നീക്കുക, നീക്കുക ഭൂമിയിൽനി-
ന്നുയിരുള്ളോരിൽനിന്നിവനേ
എന്നുദയേ വിധിപതി സവിധം
തേവടിയാൾ ബഹളംകൂട്ടി *ദേവാ!....

3. അഗ്രിമമാം പെരുന്നാളാകും
കഷ്ടതനിറയും വെള്ളിയിതിൽ
ക്ഷണികമതാമിപ്പുലർകാലേ
നിൻ ശ്രേഷ്ഠത നിർമ്മിച്ചോരീ
സർവ്വത്തീന്നും പ്രഭയേറും
മശിഹായേ!സ്തുതിയങ്ങേയ്ക്കായ്
സർവ്വാനന്ദദമുദയം നീ
യുദയങ്ങളിലെല്ലാം സ്തുതിതേ
നിർമ്മാതാവിനെ വിധിചെയ്വാൻ
മണ്ണാങ്കട്ടയിരുന്നുദയേ
പ്രഭയേറും പുലർകാലം നീ
പുലർവേളയിലെല്ലാം സ്തുതി-തേ *ദേവാ!....

4. പൂക്കൾക്കുംപുൽക്കൊടികൾക്കും
കമനീയത നീയരുളുന്നു
ബലഹീനർക്കഖിലം വടിയും
തുണയതുമായോനേ! സ്തുതി തേ!
കരുണാനായകനേ സ്തുതി തേ!
പതിനായിരമായി സ്തുതി തേ!
നിഖിലവിധീശ വിധീശൻ നീ
വിധിനിലയത്തിൽ നിന്നതിനാൽ
ആയിരമുരുവോടായിരമായ്
സർവാധീശ്വരനേ! സ്തുതി തേ!
സ്തുതിതേ!പ്രേഷകജനകന്നും
പ്രോന്നതി പാവന റൂ-ഹായ്ക്കും *ദേവാ!....

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാ-ജ്യേ *ദേവാ!....

## മ്ശിഹോ ദമിലാക് നൂഹോമോ

1. വെള്ളിയതാംനാൾ ബന്ധിതനായ്-
കടലിനെ മണലാൽ ബന്ധിച്ചോൻ
മരണനുകത്തേത്തച്ചവനേ-
തരുവതിലേറ്റി ക്രൂ-ശിച്ചാർ

2. വെള്ളിയതാംനാൾ പീലാത്തോസ്
മൂഢജനത്തിൻ വിധിയെഴുതീ
വെള്ളിയതാം നാൾ വിധിയേറ്റു
ദൈവത്തെ ക്രൂശിച്ചോരും

3. വെള്ളിയതാം നാൾ കുന്തത്താൽ
ജീവിതഹൃദയം ഭേദിച്ചു;
സകലജഗൽ പുണ്യപ്രദമാം
ശോണിതവും ജലവും തൂ-കി

4. വെള്ളിയതാം നാൾ മൃതി കേണു
സ്നേഹിതനാം നീ-ചൻ പാഞ്ഞു
ഉയിരാർന്നോൻ മൃതവാസത്തിൽ
തൽദ്രവ്യം മോഷ്ടിച്ച-തിനാൽ

5. വെള്ളിയതാം നാൾ നിയമിച്ചാ
നുടയോനവനെ- പ്പൂങ്കാവിൽ,
അന്നാളിൽ താൻ മത്സരിയായ്
നഗ്നത പാപത്താ-ൽ പൂണ്ടു

6. വെള്ളിയതാം നാൾ പറുദീസിൽ
ചേർത്താനുടയോ-നാദമിനേ
വെള്ളിയതാംനാൾ ലജ്ജിതനാ
യംബരമായിലയേ- ചാർത്തി

7. വെള്ളിയതാം നാൾ കേട്ടു നരൻ
തിന്നും നാൾമൃ- തനാമെന്ന്;
നിന്നാജ്ഞയെ ലംഘിച്ചിട്ടും
മൃതിപൂണ്ടില്ലുൾ-കൃപമൂലം

8. വെള്ളിയതാം നാൾ കനിതിന്നോ
രാദ്യൻ സ്വപദം-കൈവിട്ടു
വെള്ളിയതാം നാൾ തരുവിൽ നി
ന്നീശനിറങ്ങീ മൃ-തനായി.

9. വെള്ളിയതാംനാളാദിനരൻ
തൻ പ്രഭയസ്തം-ഗതമായി;
വെള്ളിയതാംനാൾ തരുവിട്ടാൻ
അണിയിച്ചോൻ ദ്യുദിയാദത്തെ.

10. വെള്ളിയതാം നാളവനേദൻ
വിട്ടൂഴിയിൽ വൈദേശികനായി
വെള്ളിയതാം നാളാദിമരും
അന്തിമരും ഭേദം പൂണ്ടു

11 വെള്ളിയതാം നാളീശകര
നിർമ്മിതനാദം പൂണ്ടുഭയം
വെള്ളിയതാംനാൾ ദേവേശൻ
മൃതനായിക്കബറിൽ പാർ-ത്തു

12. വെള്ളിയതാംനാൾ മൃഗജാലം
വരുമാദത്തെക്കണ്ടരുകിൽ;
വെള്ളിയതാംനാൾ പാതാളേ
രക്ഷകഭാസ്സാൽ മൃതരേറ്റു

13. വെള്ളിയതാംനാൾ വിധിനാഥൻ
മൃതിവിധിയാദാ-മിന്നേകി
വെള്ളിയതാംനാളമ്പുടയോൻ
താണുമൃതന്മാർക്കു-യിരേകി

14. വെള്ളിയതാംനാൾ പാനം ചെ-
യ്താദാം ദ്രുതമാ-ർന്നൊരു കാസാ;
വെള്ളിയതാംനാൾ പാനം ചെ
യ്തുടയോൻ തിരുവിഷ്ടക്കാ-സാ.

15. വെള്ളിയതാംനാൾ പണിചെയ്വാൻ
ഭാഗ്യാരാമേ-ചെന്നാദാം;
വെള്ളിയതാംനാൾ മൃതഗേഹം
ദോഷിസമം ജീവദനാർ-ന്നു.

16. വെള്ളിയതാംനാൾ പരദേശ
പ്പാർപ്പാൽ ദുഷ്ടൻ-വിഹസിച്ചു;
വെള്ളിയതാംനാൾ മൃതമദ്ധ്യേ
അന്യനുതുല്യം വാ-ണീശൻ

17. വെള്ളിയതാംനാളാദത്തെ
ദുഷ്ടൻ താഴ്ത്തീ-ടാനാഞ്ഞു
വെള്ളിയതാംനാൾ നീതിസുതൻ
വഞ്ചകശീർഷം ധൂ-ളിച്ചു

18. വെള്ളിയതാംനാൾ മൃതതുല്യം
നാഥൻ പാതാ-ളം പൂകി
മുടിമാറ്റിയ മന്നവനൊപ്പം
ചതിവിൽ തന്നൊളിവാ-രായ്‌വാൻ

19. വെള്ളിയതാംനാൾ കൈവിട്ടാൻ
ശോഭനവസന-ത്തേയാദാം;
വെള്ളിയതാം നാളവർ നീക്കി
സുതനുടെ മോഹനമാം-വസ്ത്രം

20. വെള്ളിയതാംനാൾ ശിഷ്യന്മാർ
പകലോൻ മറവായെന്നോർത്തു;
ഞായർദിനത്തിൽ ശാശ്വതമാം
സൂര്യൻ ജീവൻ പ്രാപിച്ചു

## സൂമ്മോറോ

നീതിമാന്മാരുടെ കൂടാരത്തിൽ, മഹത്വത്തിന്റെയും രക്ഷയുടെയും ശബ്ദമെന്നു ദാവീദു മുഖാന്തിരം പരിശുദ്ധറൂഹാ പാടി

പ്രഭാതവായനകൾ

ലേവ്യ- 4:1-7, സംഖ്യ 19:1-11, 2 രാജക്കന്മാർ 19:20-29, സഖറിയ 13:7-14:5, ഹബക്കൂക്ക് 1:1-12, ഹസ്കീയേൽ 13:17-22. അപ്പോ.പ്ര. 22:30-23:16,1 കൊരിന്തി 1:18-31

## ഏവൻഗേലിയോൻ

### (പെസ്ഗോമോ)

ഹാ-ഹാ ഞാനറിയിക്കുംമൽപാദുകമേദോമിൽ
ഞാനട്ടഹസിക്കും പാലസ്തീനിൽ ഹാ-

വി.മത്തായി 27:1-10. വി.മർക്കോസ് 15:1-10
വി.ലൂക്കോസ് 22:66-71, വി.യോഹന്നാൻ 18:28-40

## പ്രഭാതസ്തുതിപ്പ്

കർത്താവിനെ സ്തോത്രം ചെയ്യുന്നതും, ഉന്നതമായ തന്റെ തിരുനാമത്തിന് പാടുന്നതും, പ്രഭാതത്തിൽ തന്റെ കൃപയും രാത്രി കാലങ്ങളിൽ തന്റെ വിശ്വാസവും അറിയിക്കുന്നതും എത്രയൊ നല്ലതാകുന്നു. കർത്താവേ പ്രഭാതത്തിൽ ഞാൻ ഒരുങ്ങി നിനക്കു കാണപ്പെടുമാറാകണമേ. കർത്താവേ നിന്റെ ജനത്തോടു കരുണ ചെയ്യണമേ. കർത്താവേ ഞങ്ങളെല്ലാവരുടെയും പാപങ്ങൾ പരിഹരിച്ചു ക്ഷമിക്കണമേ, പരിശുദ്ധനായുള്ളോവേ, നിന്റെ വലത്തുകൈ ഞങ്ങളുടെമേൽ ആവസിപ്പിച്ച് നിന്റെ തിരുനാമം നിമിത്തം ഞങ്ങളുടെ പാപരോഗങ്ങളെ സൗഖ്യമാക്കണമെ.

ആമ്മീൻ

**കൗമാ**

ܒܥܕܢܐ ܕܨܦܪܐ ܢܘܕܐ ܘܢܣܓܘܕ
ܠܡܫܝܚܐ ܕܦܪܩܢ ܒܚܫܘܗܝ ܘܡܘܟܟܐ ❖

(ബ്ഏദോനൊ ദുസഫ്റോ നൗദേ വ്നെസ്ഗുദ്ലേ
ലംശീഹോ ദുഫർക്കാൻബ്ഹാശേ വ്മൂക്കോക്കോ)

(മലയാളം)

പീഡാ-താഴ്ചകളാൽ നമ്മെ, വീണ്ടോനാം
മിശിഹാ-യേ വാഴ്ത്തിനമിക്കാം, പുലർകാലേ
(മൂന്നുപ്രാവശ്യം)

നാഥാ!തേ സ്തുതിയും.........
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.........

# മൂന്നാം മണി

## കൗമാ





മ്ശീഹൊ, ദെശ്ത്തായൽ ബദീനോ മെൻ അബെ്ദെ
ഹൂൽലാൻ ബ്യും ദീനോക് വെസ്റാഹാമ്മേലൈൻ

(മലയാളം)

ചോദ്യം നിജദാസനിൽ നിന്നേ-റ്റോൻ മശിഹാ!
വിധിനാ-ളൻപാലടിയാരിൽ- ദയചെയ്ക
(മൂന്നുപ്രാവശ്യം)

നാഥാ!തേ സ്തുതിയും.........
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.........
ദൈവമേ നിന്റെ കൃപയിൻ പ്രകാരം......

## എന്‌യോനൊ

## (അൽമൊറിയോ റൗബോ ആക്കീം)

1. പ്രതിവാദത്താൽ യൂദന്മാർ-
ബഹളം കൂട്ടീട്ടുടയോനേ
തരുവിന്മീതെ ക്രൂ-ശി-ച്ചു

2. ദൈവം വിധി നിലയേ നിന്നു-
ദോഷികളാൽ നിന്ദിതനായി
സൃഷ്ടികളെ മൃതിയാ-ൽ-കാ-ത്തു

3. മിസ്രേമീന്നും രക്ഷിച്ചോ-
നെതിരായ്, വിധിപാ!മശിഹാ -യെ
തൂക്കുകയെന്നലറീ-വേ-ശ്യ

4. മത്സരബുദ്ധികൾ മശിഹായെ
ക്കൊണ്ടിഹപോയ് വാദം ചെയ്തു
വിധിയേകീ കൊലചെയ്-തീ-ടാൻ

5. ആദാമിനെ നിർമ്മിച്ചോൻ തൻ-
തൃക്കൈകാലുകളിൻമീതേ
യാണിയടിച്ചു ദുഷ്ടന്മാർ

ബാറെക്മോർ. ശുബ്ഹൊ.... മെൻ ഓലം...

6. ഞങ്ങൾക്കായൂഴിയിലെത്തി-
സ്വേഷ്ടത്താൽ നരനായവനാം
ദേവാ! നിൻദയ സം-സ്തു-ത്യം
സ്തൗമെൻകാലോസ്... കുറിയേലായിസോൻ

## പ്രുമിയോൻ
## കോലോ

**(കൂക്കോയോ)**

ജഗതീശിൽപ്പിപരാദ്യസുതൻ വെള്ളി-ദിനേമൂന്നാം
മണിനേരത്തു പുറപ്പെട്ടാൻ സീയോ-നിൽ നിന്നും
സൃഷ്ടിഗണത്തിൻ-രക്ഷാദായകനെ
ഗോഗുൽത്തായിൽ സ്കീപ്പാ-യിന്മിതേ
നിഹനിപ്പാൻതൻ തോളിന്മേൽ സ്കീപ്പാ-യേ വച്ചാർ
സ്തുതിദൈവാത്മജാ, ലോകത്തേമൃതിയാൽ-കാത്തോനേ
ഹാലേലൂയ്യാ-ഉ-ഹാലേലൂയ്യാ. ബാറെക്മോർ
ശുബ്ഹൊ-മെൻഓലം-ഹാലേലൂയ്യാ
സ്ലീബായിൻ തരുവിന്മീതേ ലോക-ത്തിൻ പ്രഭയാം
നീതിയതാകും പകലോനെ തിരുസ-ഭ ദർശിച്ചാൾ
മുറിവുകൾ കൈമേൽ-ആണി, വിലാവിന്മേൽ
ചവളമതുംക-ണ്ടധികം വ്യസനിച്ചാൾ
തിരുസവിധത്തിലടുത്തേവം ചൊന്നാ -ളുത്തരമായ്
ഞങ്ങളെയോർത്തു മരിച്ചതിനാൽ ഞാനും- മമസുതരും
ഹാലേലൂയ്യ...........നിന്നെ വണങ്ങുന്നു

## വീണ്ടും കോലോ

**(സൊഹദേ പ്താഹാഗാസെക്കൂൻ)**

സകലജനങ്ങളുമേ കേൾപ്പിൻ
ക്രൂശിച്ചോൾ ചെയ്തെന്തെന്നു
ഭൂവാസികളേ ശ്രദ്ധിപ്പിൻ
നാഥനെയവൾ തൂക്കി തരുവിൽ
കുന്തം കുത്തി വിലാവുതുറ-
ന്നൊഴുകീ സകല ജഗത്പുണ്യം
ഹാ...............ഹാ.........നൽകും ശോണിതവും നീരും
ബാറെക്മോർ. ശുബ്ഹൊ.... മെൻ ഓലം...

**(അല്ലെങ്കിൽ)**

സകലജാതികളുമേ ഇതു കേൾപ്പിൻ, സകല ഭൂതല വാസികളുമേ ശ്രദ്ധിപ്പിൻ. ക്രൂശിച്ചവർ മരത്തിന്മേൽ അവരടെ നാഥനെ തൂക്കുകയും കുന്തത്താൽ തന്റെ വിലാവിനെ തുറക്കുകയും ലോകം ഒക്കെയുടെ വിമോചനത്തിനായി രക്തവും വെള്ളവും അതിൽ നിന്നൊഴുക്കുകയും ചെയ്തു.

ബാറെക്മോർ. ശുബ്ഹൊ.... മെൻ ഓലം...

ധാർമ്മിക രക്തത്തിൻമേൽ ഞാൻ
കുറ്റമൊഴിഞ്ഞോനെന്നോതി
സുതനെ വിസ്താരം ചെയ്തോൻ
വെള്ളം വാങ്ങി കൈകഴുകീ
ഇവനുടെ രക്തം ഞങ്ങളിലും
സുതരിലുമെന്നൊന്നായാർത്താർ
ഹാ.......ഹാ.....അവരെ വഹിച്ചോൻ സംസ്തുത്യൻ

**(അല്ലെങ്കിൽ)**

പുത്രനെ വിധിച്ച ന്യായാധിപൻ വെള്ളം വാങ്ങി കൈകൾ കഴുകി. ഞാൻ ഈ നീതിമാന്റെ രക്തത്തിൽ നിന്നു കുറ്റമൊഴിഞ്ഞവനായിരിക്കും എന്നു പറഞ്ഞു. അവരെല്ലാവരും അട്ടഹസിച്ച് അവന്റെ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ സന്തതികൾമേലും ഇരിക്കട്ടെ എന്നുപറഞ്ഞു.

## ബോത്തെദ്ഹാശോ

ܩܳܠܳܐ ܕܝܰܘܡܳܐ ◆

ܒܪܺܝܟ ܡܳܪܰܢ ܚܰܫܳܐ ܕܗܘ̣ܳܐ ܚܠܳܦܰܝܢ . ܒܪܺܝܟ ܡܽܘܟܳܟܶܗ ܕܡܶܛܽܠܳܬܰܢ ◆

(ബ്രിക്മോർ ഹാശോക് ദഹ്‌വൊ ഹ്‌ലോഫൈൻ
ബ്രീക്മൂകോക്ക് ദ്‌മേത്തുലോസാൻ)

ഞങ്ങൾക്കായ് നീ-യേറ്റൊരു പീഡാ-
താഴ്ചകളേറ്റം ധന്യം നാഥാ!

1. താതയുതം ദ്യോ-വു വിരിച്ചോനെ
ചമ്മിട്ടിവിരി-ച്ചവർ താഡിച്ചു
നിന്ദ്യ സ്കീപ്പാ-യേൽപ്പാനേകി-
ലോകാധർമ്മം-മോചിച്ചീടാൻ
അവനേ ഗോഗുൽ-ത്താമേൽ തൂക്കി.

2. ആദാംഹവ്വാ-യെന്നോർക്കേകി
പറുദീസിൽ താൻ -തേജോവസ്ത്രം
തൻ തുകിൽ ചീന്തി-യാദാംമക്കൾ
പറുദീസായിൻ-നന്മയ്ക്കെതിരായ്
ചീട്ടിട്ടാർതൻ-വസ്ത്രത്തിന്നായ്

3. സൽസേവകരാം-സഭയുടെ മക്കൾ
ഉചിതസ്തുതിരാ-ജാവിന്നേകും
കൂലിക്കവരേ- കൂട്ടിച്ചേർത്താൻ
മൂന്നാം മണിയിൽ തരുവിന്മീതേ
തൻഹാശായേ-സ്തോത്രം ചെയ്‌വാൻ

നിൻവിധി ചെയ്തോർ -വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ- ഞങ്ങളെയീശാ. മൊറിയൊ...

## മോർ അപ്രേമിന്റെ ബോവൂസൊ



മോറാൻ എസ്രാഹാമേലൈൻ -ബ്ഹാശോക് റാബോ ദഹ്ലോഫൈൻ
ബ്ഹാശോക് നെഹവേ ഹോശൂശെ -വബ്മൽകൂസോ യോറൂസൊ
ആലോഹൻ റാഹേമേലൈൻ കുറിയേലായിസോൻ

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാ-ജ്യേ
*ദേവാ! ദയയുണ്ടാകേണം-
നാഥാ! കൃപതോന്നേണമൻപാൽ

1. വെള്ളിദിനേ ദോഷികളൊപ്പം
പിഴയാളികൾ നിന്നെത്തൂക്കി
ഉടയവനെ ക്രൂശിൽകണ്ടു
സൃഷ്ടിഗണം കൂരിരുളാണ്ടു
അട്ടഹസിച്ചാൻ തരുവിന്മേൽ
ശ്രദ്ധിച്ചു സൃഷ്ടികളെല്ലാം
ചെറിയൊരു വീടതിലെന്നോണം
ധരണിയിലെങ്ങും കേട്ടവരും
ഗോഗുൽത്തായിന്നുപരിതലേ
നാദത്തെ ശ്രദ്ധിച്ചപ്പോൾ
മിണ്ടാപ്രകൃതികൾ ചൊന്നേവം
ശപ്തജനത്തിനു ഹാ കഷ്ടം *ദേവാ....

2. വെള്ളിദിനേ ദോഷികളൊപ്പം
പിഴയാളികൾ നിന്നെ തൂക്കി
മാധുര്യത്തിൻ നീരുറവ-
യ്ക്കേകീ കയ്പും പുളിവീഞ്ഞും
മന്നോർമുടി മുടയുന്നോനേ

മുള്ളുകളാൽ മുടിയണിയിച്ചാർ
ഏദൻ ചവളമൊഴിച്ചോന്റെ
ഹൃത്തുപിളർന്നു ചവളത്താൽ
ക്രൂശകരതി നിന്ദാപൂർവ്വം
ഘോഷിച്ചാർ നീ ദൈവത്തിൻ
നന്ദനെങ്കിൽ- സ്ലീബായിൻ
തരുവിൽ നിന്നുമിറങ്ങിവരൂ
കൽപ്പനയാൽ മൃതർ വന്നെത്തി
ദുഷ്ടജനത്തേ-ശാസിച്ചു *ദേവാ....

3. ഈശോ നൃപതേ! ജേതാവേ!
സ്തോത്രം തേ ത്രിത്വത്തിന്നായ്
കഷ്ടത തീണ്ടീടാത്തൊരു നിൻ
നിത്യസ്ഥിതിയതിനായ് സ്തോത്രം
നിൻ ശ്രേഷ്ഠത വെളിവാക്കിയൊരാ
ജഡധാരണമതിനായ് സ്തോത്രം
നിന്മഹിമാവിന്നുന്നതിയെ-
ത്താഴ്ത്തിയ കരുണയ്ക്കായ് സ്തോത്രം *ദേവാ....

4. പിഴയാമിരുളിൽ നിന്നും നീ
ഹാശായാൽ സഭയേ കാത്തു
പീഡാതീത പ്രകൃതത്തിൽ
പീഡകൾ ജഡമതിലേറ്ററിവാൻ
താതാത്മയുതം നീ വാഴു-
ന്നത്യുന്നതിയിലാനാദ്യന്തം
നീയുണ്ടാക്കിയ പറുദീസിൽ
ചേർന്നാദാം മൂന്നാം മണിയിൽ;
മൂന്നാം മണിയിൽ തരുവിന്മേൽ
ശപ്തന്മാർ നിന്നേ-തൂക്കി *ദേവാ....

5. സ്കീപ്പൂസായിൻ മുറിവുകളാൽ
നീ കാത്തോരിടവക നിന്നെ
ഹാലേലൂയ്യാ ഗീതികളാൽ
വാഴ്ത്തുന്നു മൂന്നാം മണിയിൽ
പ്രേഷകതാതന്നുന്നതിയും
നതി പരിശുദ്ധാത്മാ-വിന്നും *ദേവാ....

ഞങ്ങൾക്കായുളവായൊരു നിൻ
ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻ ഹാശായിൻ കഷ്ടതയാൽ
നേടണമവകാശം രാ-ജ്യേ *ദേവാ....

## കുംപൗലൂസ്

സകലം മോചിച്ച കുഞ്ഞാടതിധന്യൻ
സ്തുതിയഖിലം രുധിരാൽ-വിടുവിച്ചോനേ!

1. നിർമ്മലമായീടും- ജീവനയാഗത്തിൻ
സ്കീപ്പായെക്കാണ്മാൻ- ജനത തിരിച്ചു.
പ്രവചിക്കുക മശിഹാ-നിന്നെയടിച്ചോനാ-
രെന്നവരുൽഘോഷി-ച്ചാക്ഷേപിച്ചു.
കുത്തും താഡനവും-ക്ഷമയൊടു കൈക്കൊണ്ടാൻ
ശാന്തനെ നിന്ദിച്ചാർ- കോപമവ-ന്നുണ്ടാ-യില്ല
അത്ഭുതകുഞ്ഞാടിൻ -കാഴ്ചയ്ക്കായ് ചെന്നു
ഉത്സവമെന്നോണം തരുസവിധത്തിൽ

2. സ്കീപ്പാതോളിന്മേ-ലേന്തീടുന്നോനെ
യെരുശലേംകാരാം-നാരികൾ കണ്ടു
ഉയിരോടാനന്ദം-ചേർത്തീടുന്നോനായ്
വിലപിച്ചീടാനവ-രാരംഭിച്ചു;
നൃപനേ!കൊണ്ടെങ്ങേ-യെങ്ങിഹപോകുന്നു
രക്ഷകനെയെന്തി-ന്നിത്തരു നീ-പേറീ-ടുന്നു
ദാവീദിൻ ഗീതം-തംബുരുനാദത്തോ-
ടവരാലാപിച്ചി-ട്ടുഴലൊടു കേണു

3. സ്കീപ്പായേന്തീടു-ന്നവനെക്കണ്ടപ്പോൾ
സ്ത്രീജനമത്യന്തം-മാലൊടുകേണു
അവരുടെനേരെ താ-നങ്ങുതിരിഞ്ഞോതി
നാരികളേയെന്തി-ന്നിതികേഴുന്നു;
യേരുശലേമിന്നായ്-മുറവിളി, കാന്തന്മാർ-
ക്കാധിതനൂജർക്കായ്-നിലവിളി-ഞാൻ നിർമ്മാതാവാം
യരുശലേമേ! നിൻ-നാശമിതാസന്നം
നിൻസുതർ ദാസ്യത്താൽ-ചിതറും നൂനം

4. സൃഷ്ടിസമൂഹത്തേ-യേന്തീടും വീരൻ
വന്നെത്തിച്ചേർന്നു-ഗോഗുൽത്തായിൽ
സീമകളേ ശക്ത്യാ-സംസ്ഥാപിച്ചോനേ
ഗോഗുൽത്തായിന്മേൽ-ശപ്തജനങ്ങൾ
തരുവാം സ്കീപ്പായേ-നാട്ടിയവർ തൂക്കി
പാണിയുഗത്തിന്മേൽ-ധർമ്മവിഹീ-നന്മാരെ-യ്യോ!
കാലുകളിന്മേലും-ആണിയടിച്ചേറ്റി
തരുവിന്മേൽതന്നേ-നഗ്നം തൂക്കി.

5. സൃഷ്ടികളിൻ നാഥൻ-ക്രൂശിതനായ് തീർന്നു
സ്ലീബാത്തരുവിന്മേൽ-തൂക്കപ്പെട്ടു
എഴുതീ തന്മീതേ-യിവനിസ്രായേലിൻ
മന്നൻ രക്ഷകനാ-മീശോയെന്നായ്
വീണഹ, വന്ദിച്ചാർഹിതമല്ലെന്നാലും
ദൈവികമായീടും-മാനവൻ-പേർക്കർപ്പിച്ചാർ
പിഴയാലന്ധതയെ-പൂണ്ട ജനത്തിന്റെ
തൽബഹുമാനത്തെ-നീതി ഗ്രഹിച്ചു.

## വൊയ്ലെക് സെഹിയൂൻ

സീ-യോനെ മശി-ഹായെ ക്രൂശിച്ചോളേ!
ഹാ കഷ്ടം ഭാ-ഗ്യം സഭയേ- സ്തുതിമഹിതേ!

1. ഏറ്റാനടി മൗ-നം വിധിഗേ-ഹേ വിമലൻ
പൈശൂന്യത്താ-ലീശോയെ-പ്രതിയാർത്തു
വിധിനാഥാ- ഞങ്ങളെ നിന്ദിക്കും
യൗസേപ്പിൻ-സൂതനെ തൂക്കിടുക
സൗഖ്യദനെ- ത്തള്ളുകയാൽ-ഭൂവധികം ഭ്രമമാർന്നു

2. താനടിയേറ്റ-പ്പോൾ ലെഗിയോൻ-വിറപൂണ്ടു
സൃഷ്ടാവിനെ ധി-ക്കാരികൾ നിന്ദച്ചതിനാൽ
ചിറകുവിടർ-ത്താറവരെച്ചുടുവാൻ
ജനകാംഗ്യം- ശമനമവർക്കേകി
തിരുവുളമായ് ദുഷിയേറ്റാൻ-തീപൂണ്ടോർ ശമമാർന്നു.

3. ന്യായേശാ! വാ-യിക്കുക നോ-ക്കുക നിയമം
കൊന്നീടുന്നി-ല്ലൊരുനാളും ധാർമ്മികനെ

പ്രതിദാനം- കണ്ണിനു കണ്ണല്ലോ
കുരുടർക്കായ്-കാഴ്ചകൊടുത്തീശോ
കാണിച്ചീടുക നിയമം-ചൊല്ലുന്നെന്തിഹ നീതി

4. ഘാതകനെങ്കിൽ -നിയമത്താ-ലെന്തുളവാം
പ്രാണപ്രദനാ-ന്നെന്നാലെ-ന്തരുളുന്നു
ലാസറസേ! വിധവാ നന്ദനനേ!
പ്രഭുസുതയാം-ബാലികയേ-വരുവിൻ
ഉയിർപൂണ്ടോ-രാംമൃതരേ-നിന്ദിപ്പിൻ-ക്രൂശകരേ

5. കുറ്റം ചെയ്താ-നാദാം സു-ന്ദരരൂപൻ
ദാസനെ വീണ്ടീ-ടാനുടയോൻ-നിന്നുള്ളിൽ
അടിയാനേ- പ്രതിയടിയേറ്റുടയോൻ:
സ്വകദാസൻ-സ്വാതന്ത്ര്യം നേടി
ദോഷിയെസം-രക്ഷിപ്പാൻ-ധർമ്മപരൻ ഹിതമാർന്നു

6. ക്രൂശകരേ ര-ക്തം വിമലം-ഞെട്ടിടുവിൻ
വീരൻമാർ തൻ- പുരിയതിനാ-ലഴിവാകും
പ്രബലപുരി-യേരുശലേമിന്റെ
സ്ഥാപനകൾ- ക്കറുതിയടുത്തയ്യോ!
സ്കീപ്പായാൽ-നിന്നെനശി-പ്പിക്കും നിൻവിധിയേറ്റോൻ

7. നീതിവിധി നാ-ഥനു നീ കാ-ണിച്ചിടുക
അന്യായത്തോ-ടുത്തമനേ-പിടികൂടി
കായേന്യർ-ദോഷികൾ പാവനമാ-
മാടിൻ ര-ക്തത്തിനു ദാഹിച്ചു
വിധിനാഥാ! ദോഷികളൊ-ത്തഴിയായ്‌വാൻ കരുതിടുക

8. നാഥാ!നീ രക്ഷിച്ചോരാ-നാവുകളും
വാകളുമങ്ങേ-സ്നേഹത്തെ-വാഴ്ത്തുന്നു
സ്തോത്രം തേ- മാനവനായോനേ!
സ്തോത്രം തേ- സ്ലീബായേറ്റോനേ!
സ്തോത്രമുയിർത്താരോഹാൽ-
വിമലതയെച്ചേർത്തോനേ

## സൂഗീസോ

(ശുബഹോ ലൊക്മോർ ദ്ലൊക്സൊഗ്ദോൻ

1. ഘാതക ധിക്കാരിയെ വെന്നോൻ
മശിഹാ ധന്യൻ ക്രൂശകിയാം
സെഹ്യോനെ വീഴ്ത്തി സ്നേഹാൽ
ചേർത്താൻ വിശ്വസ്തന്മാരേ

2. കൊന്നിടുമണലിക്കുഞ്ഞുങ്ങൾ
പെസഹായിൽ കൂട്ടുംകൂടി
തൻ പ്രിയശാന്തി പ്രദനെതിരായ്
ഗൂഢം തന്ത്രം ചിന്തിച്ചാർ

3. പൈശൂന്യമതാം തീ കൂട്ടി
മതിചലനത്താലാളിച്ചു
ചിന്തകളാകും കരുതീർത്തു
ചതി നിർമ്മിച്ചു രക്ഷകനായ്

4. സുതനെ നഗ്നം തരുവിൻമേൽ
ക്രൂശിച്ചതു ദർശിച്ചപ്പോൾ
ആടിക്കേണേരുശലേമിൻ
നാരികൾ രോദിപ്പതു കേട്ടേൻ

5. നാഥ സുതൻ തന്നാക്ഷേപം
കണ്ടുസഹിപ്പാൻ കഴിയാതെ
സൂര്യൻ മങ്ങിപ്രഭ മാഞ്ഞു
രക്തനിറം ചന്ദ്രൻ പൂണ്ടു

6. കീറിയ പാണികൾ കണ്ടപ്പോൾ
മുറവിളിക്കൂട്ടിക്കേണേറ്റം
നാരികൾ കണ്ണീർക്കടലോടെ
രോദനഗേഹം പ്രാപിച്ചു

7. പുളിവീഞ്ഞും കയ്പ്പും ചേർത്തോ-
രക്കൈ ഹാ ശോഷിച്ചില്ല
ദാഹമെവർക്കും തീർപ്പോനായ്
കാടിയതും കയ്പും നൽകി

8. അഴലൊടു ശിഷ്യന്മാർ പോയി-
തായും യൗസേപ്പും കേണു
പട്ടക്കാർ നിന്ദാപൂർവ്വം
വടിയാൽത്തന്നെത്താഡിച്ചു.

9. അക്ഷികൾ വാനത്തേക്കേറ്റി-
ട്ടട്ടഹസിച്ചാൻ താതനൊടായി
ഹൈക്ല പൂകീടാനാത്മം
തൃക്കൈകളിൽ അർപ്പിക്കുന്നേൻ

10. മന്ദിര മറയെത്താൻ കീറി
തന്മെയ് കുന്തത്താൽ കീറി
കബറീന്നും നിർഗതരെത്തി
ധിക്കാരികളെ ശാസിച്ചു

11. വിധിനാഥാ കല്ലറ കാപ്പാൻ
നിൻഭടരോടാജ്ഞാപിക്ക
എന്നിഹ പീലാത്തോസോടായ്
നിണമോഹികളുൽഘോഷിച്ചു

12. കഷ്ടത മെയ്യിൽ കയ്യേറ്റ
വചനമതാം സ്വയമുൽഭൂതൻ
കുരിശിൽ തൂക്കപ്പെട്ടോൻ തൻ
രുധിരത്തിനായ് പകവീട്ടി

13. തൻ ഗാത്രത്തിൻ മേലേറ്റം
ധാർഷ്ട്യം ശപ്തന്മാർ കാട്ടി
തൻ നഗരത്തെ നിശേഷം
തൻ ക്രോധം വിധ്വംസിച്ചു

## ഏവൻഗേലിയോൻ

## (പെസ്ഗോമോ)

ഹാ-ഹാ- എന്നെ കയ്പവരയ്യോ തീറ്റി
തന്നു കുടിപ്പാൻ കയ്പ്പേറും പാനീയം-ഹാ

വി.മത്തായി 27:26-30, വി. യോഹന്നാൻ 19:5-11, വി.മർക്കോസ് 15:21-27, വി.ലൂക്കോസ് 23:26-31

കൗമാ



മ്ശീഹൊ, ദെസ്നാഗദ് ബ്ദീനോ മെൻ അബെദ്ദെ
ഹുൻലാൻ ബ്യും ദീനോക് വെസ്റാഹാമ്മേലൈൻ

ചോദ്യം- നിജദാസനിൽ നിന്നേ-റ്റോൻ മിശിഹാ
വിധിനാ- ളൻപാലടിയാരിൽ- ദയചെയ്ക (മൂന്നുപ്രാവശ്യം)

നാഥാ!തേ സ്തുതിയും....
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..

## ആറാം മണി

**കൗമാ**





മ്ശീഹൊ,ദെസ്ബാസാഹ് ബ്ദീനോ മെൻഅബെ്ദെ
ഹൂൻലാൻ ബ്യൂം ദീനോക് വെസ്റാഹാമ്മേലൈൻ

(മലയാളം)

ദാസൻ- വിധിസമയത്താക്ഷേ-പിച്ചോനേ
മശിഹാ-വിധിദിവസേ കനിവാൽ- കൃപചെയ്ക
(മൂന്നുപ്രാവശ്യം)

നാഥാ!തേ സ്തുതിയും....
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..
ദൈവമേ നിന്റെ കൃപയിൻപ്രകാരം.....

(ഹൌ ദഹവോ ബുക്റോ)

1. സ്ലീബായും പീഡകളുംപേറി-മുള്ളിൻ
മുടികയ്യേറ്റോനേ-ദേവാ! ദയ ചെയ്തീടണമേ

2. ആദത്തെ സുതസഹിതം കാപ്പാൻ
സ്വഹിതാൽ- തരുവതിലാരൂഢ... ദേവാ...

3. പരിഹാസം ചെയ്‌വാൻ തൻ തലയിൽ
മുള്ളിൻ- മുടിയവരണിയിച്ചു ദേവാ....

4. സ്കീപ്പാമേൽ തന്നെ കണ്ടപ്പോൾ
പകലോ-നിരുളാൽ പ്രഭനീക്കി..... ദേവാ...
ബാറെക്മോർ. **ശുബ്ഹൊ.... മെൻ ഓലം...**

5. സ്ലീബായാൽ മർത്യരെ രക്ഷിപ്പാൻ
താണോ-രുന്നതനെ സ്തോത്രം... ദേവാ...
സ്തൗമെൻകാലോസ്... കുറിയേലായിസോൻ

## പ്രുമിയോൻ- കോലോ

(മശിഹോ നാതർ ല്ഈൗത്തോക്)

ദൈവം സ്കീപ്പാമേൽതൂങ്ങീ-സൃഷ്ടികളതിസങ്കടമാർന്നു-
ആകാശത്തിലെ സൈന്യങ്ങൾ-ഭയമൊടുവിഹ്വലരായ് മേവി
പീലാത്തോസിൻ സന്നിധിയിൽ-
മൗലി വണങ്ങിയ സുതനെക്കണ്ടപ്പോൾ
നിന്ദിത നാഥനെ സൂക്ഷിച്ചാ-സൂര്യൻ രശ്മികളെ നീക്കി
സൃഷ്ടികളേയല്ലാ-മേന്തുന്നോനെപ്പിഴയെന്യേ-
നിന്ദിത മണ്ണുവിധിച്ചപ്പോൾ-
ആഴികളും ഭൂമിതലും സംഭ്രമാർന്നു. ബാറെക്മോർ
ശുബഹോ-മെനഓലം

### (അല്ലെങ്കിൽ)

ദൈവം ക്രൂശിൽ തൂക്കപ്പെട്ടരിക്കുന്നു. സൃഷ്ടികൾ വിലപിച്ചു. പീലാത്തോസിന്റെ മുമ്പാകെ തലകുനിച്ചു നിൽക്കുന്ന പുത്രനെ കണ്ടിട്ട് സ്വർഗ്ഗീയ സൈന്യങ്ങൾ ഭയത്തോടും വിറയലോടും കൂടെ നിന്നു. നാഥൻ പരിഹസിക്കപ്പെടുന്നതു കണ്ടിട്ട് സൂര്യൻ അതിന്റെ കിരണങ്ങൾ മുറിച്ചുകളഞ്ഞു, ഭൂമി വിറച്ചു. ആഴത്തിന്റെ അടിസ്ഥാനങ്ങൾ ഇളകി. സൃഷ്ടികളെ വഹിച്ചിരിക്കുന്നവനെ നിന്ദ്യ മൺകട്ട ഇരുന്നുകൊണ്ട് വിധിക്കുന്നു. ബാറെക്മോർ

പാർത്താലത്യന്തം ശ്രേഷ്ഠം-സത്യം മോഷക വിശ്വാസം
ആണികൾ പാണിതലങ്ങളിലും-പാദങ്ങളിലും പേറുമ്പോൾ
ക്രൂശിതനാമുടയോനോടായ് പാപവിമോചനമർത്ഥിച്ചാൻ
സത്യം ചെയ്താൻകീപ്പാ ഞാ- നവനേയറിയുന്നല്ലെന്നായ്
* പ്രതി, യോഹന്നാനും-ശിഷ്യന്മാരും വിട്ടോടി
നാഥാ! രാജ്യേ നിൻ വരവിൽ-
സ്മൃതി ചെയ്യണമെന്നേ-യെന്നാ ഘാതകനാർത്തു
മൊറിയോ റാഹേം.....

**(അല്ലെങ്കിൽ)**

കള്ളന്റെ വിശ്വാസം ഏറ്റം വലുതും യഥാർത്ഥവുമായിരുന്നു. മരത്തിൽ തൂക്കപ്പെട്ടിരിക്കുന്ന അവന്റെ നാഥനോട് അവൻ പാപപരിഹാരം യാചിച്ചു. അവന്റെ കൈകളും കാലുകളും ആണികളാൽ തറയ്ക്കപ്പെട്ടു. എന്റെ അകൃത്യം ക്ഷമിക്കേണമെ. എന്നവൻ പറഞ്ഞു, ശെമഓൻകീപ്പാ തന്നെ ഉപേക്ഷിച്ച് 'ഞാനവനെ അറിയുന്നില്ല' എന്നാണയിട്ടു പറഞ്ഞു. യൂഹാനോനും മറ്റു ശിഷ്യന്മാരും തന്നെ ഉപേക്ഷിച്ച് ഓടിപ്പോയി. എന്നാൽ കൊലപാതകൻ, കർത്താവേ നിന്റെ രാജ്യത്തിൽ നീയെഴുന്നെള്ളുമ്പോൾ എന്ന് ഓർക്കേണമെ എന്നു നിലവിളിച്ചു പറഞ്ഞു, മൊറിയോറാഹേം.

## എത്രോ
## വീണ്ടും കോലോ

**(ഹൗ സഫ്റോ റാബോ)**

അപ്പുലരിയിൽ നിന്നെ-സ്കീപ്പാമേൽ ദുഷ്ടർ
തൂക്കുന്നതു കണ്ടാർ-വാനിലെ-യീറേന്മാർ
ശപ്തജനം തൂക്കെ-ന്നട്ടഹസിച്ചപ്പോൾ
ചെന്നദ്രോഷികളെ -സംഹാരം ചെയ്യാൻ-ഹാലേ..
സംഘത്തോടൊന്നായ് ചേർന്നഭ്യർത്ഥിച്ചാർ
ബാറെക്മോർ-ശുബ്ഹൊ-മെന് ഓലം

**(അല്ലെങ്കിൽ)**

കർത്താവേ, നീ ദുഷ്ടന്മാരുടെ കൈകളാൽ സ്കീപ്പായിൽ തറയ്ക്കപ്പെട്ടിരിക്കുന്നതിനെ മേലുള്ള ഈറന്മാർ കണ്ടസമയത്ത് അവർ കൂട്ടം കൂട്ടമായി പരസ്പരം ചേർന്ന് ആ ദുഷ്ടന്മാരുടെമേൽ ഇറങ്ങി അവനെ ക്രൂശിക്ക എന്നട്ടഹസിച്ച് ശപിക്കപ്പെട്ടവരെ നശിപ്പിക്കാൻ തിരക്കുകൂട്ടി. ബാറെക്മോർ

സിംഹാസനപീഠേ-പൂഴിഞ്ഞെളിഞ്ഞേറി
വിധിനായകപതിയേ-വിസ്താരം ചെയ്തു.
തൂക്കുകമരണത്തി-ന്നർഹൻ യേശുവിനെ
ബാറാബാസിനെവിടുകെ-ന്നാർത്തു സപ്രേന്മാർ
ഹാലേലൂയ്യാ
തൻസ്മൃതി മായിച്ചോൻ വാഴ്ത്തപ്പെട്ടോനാം
മൊറിയോ...

**(അല്ലെങ്കിൽ)**

മൺകട്ട സിംഹാസനത്തിൽ ഇരുന്ന് വമ്പു ഭാവിച്ചു ന്യായാധിപന്മാരുടെ ന്യായാധിപനെ വിസ്തരിച്ചു. ജനത്തിന്റെ സപ്രേന്മാർ ബാറാബായെ അഴിച്ചു വിടുക മരണയോഗ്യനായ യേശുവിനെ ക്രൂശിക്കുക എന്നട്ടഹസിച്ചു. അവരുടെ ഓർമ്മ ഇനിയും ഉണ്ടാകാതവണ്ണം അവരെ മായിച്ചു കളഞ്ഞവൻ വാഴ്ത്തപ്പെട്ടവനാകുന്നു. മൊറിയോ.

## ബോത്തെദ്ഹാശോ




ഞങ്ങൾക്കായ് നീ-യേറ്റൊരു പീഡാ-
താഴ്ചകളേറ്റം ധന്യം നാഥാ!

1. ഇരുളിൻ സുതരാം-മൂഢാത്മാക്കൾ
ദൈവികനാകും-കുഞ്ഞാടിനെയാ
സ്കീപ്പുസായിൻ-തരുവിൽ തൂക്കി

ബഹുവാകും തൻ-നന്മയ്ക്കെതിരായ്
കയ്പ്പേറിയതാം-പുളിവീഞ്ഞേകി

2. യീഹുദിലെദാ- രുണവൃത്തം ക-
ണ്ടുരു ശൈലങ്ങൾ-പൊട്ടിക്കീറി
ഏദനിലാദാ-മ്മിനെ നിർമ്മിച്ച
പാണികളിന്മേ-ലാണി തറയ്ക്കെ
ഖേദം യൂദർ-ക്കുണ്ടായില്ല

3. ശിശു കേസരിയ-ത്തരുവിൽ ചീറി
ഇരുളിൻ സുതരാം-ജംബുകരോടി
ദുഷ്ടാത്മാക്കൾ-വിസ്മയമാർന്നു
തന്നുടെ മകുടം- നിപതിച്ചതിനാൽ
പാപാധിപനാം-സാത്താൻ കേണു

നിൻവിധി ചെയ്തോർ -വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ- ഞങ്ങളെയീശാ. മൊറിയൊ...

## മോർ യാക്കോബിന്റെ ബോവൂസൊ

ܒܥܘܬܐ ܕܡܪܝ ܝܥܩܘܒ

ܡܫܝܚܐ ܕܐܬܐ ܠܚܫܐ ܘܠܡܘܬܐ ܘܠܙܩܝܦܘܬܐ.
ܫܡܥ ܒܥܘܬܢ ܘܥܒܕ ܪܚܡܐ ܥܠ ܢܦܫܬܢ
ܐܠܗܢ ܪܚܡ ܥܠܝܢ ܩܘܪ

മ്ശിഹൊ ദേസോ ല്ഹാശോ വ്മൗതോ വ്ലസ്കിഫൂസോ
ശ്മാ ബോവൂസാൻ വാബെഡ് റഹമെ അൽനഫ്ശോസാൻ
ആലോഹൻ റാഹേമേലൈൻ കുറിയേലായിസോൻ

മശിഹാ-സ്കീപ്പാമൃതികഷ്ടതകൾക്കായ് വന്നോനേ!
പ്രാർത്ഥനകേ-ട്ടിട്ടാത്മാക്കളിലമ്പുണ്ടാ-കേണം
* ദേവാ!ദയുണ്ടാ-കേണം-നാഥാ!
കൃപതോന്നേണമൻപാൽ

1. യാഗാർത്ഥം- ജീവനെഴും ദൈവിക കുഞ്ഞാ-ടെത്തി
അർപ്പുകരാ-മാചാര്യന്മാരായ് ക്രൂശകർ -നിന്നു
ഗോഗുൽ- ത്തായിൽ സ്ളീബായാം തരുവിന്മേൽ തൂക്കി
ദുർവേല-ക്കാരക്കല്ലേറ്റി കെട്ടി-ന്മീതെ
ആഴം-വി-ണ്ണെന്നിവകൾക്കിടയിൽ തൂണായ്-നാട്ടി
നിന്നാൻ വീ-രൻപോൽ ലോകത്തിൽ ഭാരം താങ്ങാൻ ദേവാ...!

2. മദ്ധ്യാഹന-ത്തിൽ കൂരിരുൾ കുന്നിച്ചിക്ഷിതി-മൂടി
ജ്യോതി-സിന്മേൽ കോയ്മയവന്നെന്നതിനാൽ തേറി
വെള്ളിയിൽ-വെട്ടം തേജസ്വിയെ വാഴ്ത്തീടാൻ മാഞ്ഞു
സ്ലീബായേ -റ്റോൻ ദൈവാത്മജനെന്നുലകം-കണ്ടു
മദ്ധ്യാഹന-ത്തിൽ വൃക്ഷഫലത്തേയാദാം-തിന്നു
ലജ്ജാപൂർവ്വം തൻമൂഢതയിൽ കമ്പംപൂണ്ടാൻ- ദേവാ...!

3. വസ്ത്രം സർ-പ്പം റാഞ്ചീടുകയാൽ നൃപനേ-ചാർത്താൻ
പകലിന്നു-ള്ളിൽ രാവുകരേറി സ്ഥാനം -നേടി
നഗ്നതപൂ-ണ്ടോരുടയോനെകണ്ടടിയാൻ-സൂര്യൻ
ഘോരാ-ക്ഷേപം കാണായ്‌വാൻ തൻ നയനം ചിമ്മി
നോഹിൻനാ-ഥൻതൻ നഗ്നതകാ-ണായ്‌വാൻ -ശേമും
യാഫേത്തും-പോൽ രവിയും മതിയും വദനം -മൂടി ദേവാ...!

4. സ്കീപ്പാ-യിന്മേൽ നീതിമഹാർക്കൻ മേവീ-ടുമ്പോൾ
സൃഷ്ടികളിൽ ഞാനെങ്ങനുദിക്കും ചൊന്നാൻ-സൂര്യൻ
മോഷകമ-ദ്ധ്യേ നാഥനെ നഗ്നം ദർശി-ച്ചപ്പോൾ
തൻതേജ-സ്സിനെയെങ്ങിനെ പകലോൻ വെളിവാക്കീടും
ജ്യോതിർവ്യൂ-ഹത്താൽ പൂർണ്ണമതാം തേജോ-ഗോളം
വൃക്ഷത്തി-ന്മേൽ നാഥനെ ദർശിച്ചന്ധത-പൂണ്ടു. ദേവാ...!

5. മദ്ധ്യാഹ്നേ-നഗ്നതയാർന്നാൻ പുത്രൻ സ്കീ-പ്പാമേൽ
ആദത്തെ-ക്കൊന്ന മഹാസർപ്പം പേടിച്ചാർത്തു
ദൃഷ്ടാന്തേ-ശിരഹസ്യം നിറയും ഹാശാ-വെള്ളി!
നിൻ വൃത്താ-ന്തം വർണ്ണിപ്പാനെൻവദനം-പോരാ
ആറാംനാളിൽ പറുദീസിൽ നിന്നാദാം-നീങ്ങി
അന്നാളിൽ-താൻ ദേവതനൂജൻ സ്കീപ്പാ-യേറി ദേവാ...!

നാഥാ-ഭൂവാനം നിൻ പീഢയതിൽ ക്ലേശിച്ചു
മാനോർ വാനോർ നിൻ താഴ്മയിലതി വിസ്മയമാർന്നു ദേവാ...!

**അല്ലെങ്കിൽ**

പൗരോഹത്യം രാജ്യം പ്രവചനമേന്നിവയെന്യേ
യൂദന്മാരേ നിങ്ങടെ നിലയം സർവ്വംശൂന്യം

## (കുംപൗലൂസ്)

ബലികളെ നീക്കീടും -തിരുബലി ധന്യംതാൻ
പുണ്യം നല്കീടും-ബലിയേ! സ്തോത്രം

1. അഗ്നിത്തേരിന്മേൽ-സ്ഥിതിചെയ്യുന്നോനെ
സ്കീപ്പാമേലേറ്റി-വെള്ളിദിനത്തിൽ
വച്ചുതറച്ചാർ തൻ-പാണികളത്യുഗ്രം
കാലുകളും ലേശം- കരളലിവെന്യേ
ആംഗ്യത്താൽ വാനോ- ടാഴവുമേന്തുന്നോൻ
തിരുവിഷ്ടം മൂലം- സ്കീപ്പായേത്താനേ-യേന്തി
ഈറന്മേർ ചൂളും-കാന്തിയെയേന്തുന്നോൻ
തരുവിന്മേൽ നഗ്നം-തൂക്കപ്പെട്ടു

2. വെള്ളിയതാം നാളിൽ-സൃഷ്ടിഗണം കേണു
ജനനികളേകന്റെ -കഷ്ടതകൾക്കായ്
രോദനഗേഹത്തെ-പുത്രനു നിർമ്മിച്ചു
സ്വർഗാദ്യാത്മജനേ-യോർത്തുകരഞ്ഞാർ
ജ്യോതിസാൽ വാനും-പാറകളാൽ പാരും
മൃതരാൽ ശീയോളും തിരുമഹാ-ത്മ്യം ഘോ-ഷിച്ചു
തൻമാഹാത്മ്യത്തിൻ-ഭാവമറിഞ്ഞീടാ-
തന്ധതപൂണ്ടേറ്റം-ക്രൂശക സംഘം

3. നിബിമുമ്പേറായി-ച്ചൊന്നതുപോൽ ഭൂവിൽ
വെള്ളിയതാം നാളിൽ-കൂരിരുളേറി
ദ്വേഷത്താൽ തൂക്കി-ക്കൊല്ലപ്പെട്ടോനാ
മേകസുതൻപേർക്കായ്-രോദനുമണ്ടായ്
അന്ധജനത്തിന്നായ്- ബഹുകഷ്ടം നേർന്നാൻ
അവരുടെയാനന്ദം-വ്യാധിയുമാ-ധിയുമായ്-മാറി
തൽപെരുന്നാളെല്ലാം- വിട്ടജനത്തിന്റെ
മോദത്തെ നീക്കും-വ്യഥയുണ്ടായി

4. വെള്ളിയിൽ വംശത്തിൻ-പതിയെപ്പറുദീസിൻ
ആദാമേ! നീയെ-ങ്ങെന്നു വിളിച്ചാൻ
ഏലോഹീംലമ്മാ-ശബക്താനിത്യേവം
തരുവിൽ ഘോഷിച്ചാൻ- വെള്ളിയതാം നാൾ
വെള്ളിയിലാദത്തെ സർപ്പം വഞ്ചിച്ചു
തൽപ്പിഴയെത്താനും-വെള്ളിയതാം നാൾ മാ-യിച്ചു
അന്ധതബോധത്തി-ന്നേറ്റ ജനത്തിന്മേൽ
വെള്ളിയതാം നാളിൽ-സൂര്യനിരുണ്ടു

5. തന്നെ വഹിച്ചോര-ത്തരുവിന്നാൾ കേണു
മുറവിളിയോടേവം-ചൊന്നുതുടങ്ങി
കഷ്ടമെനിക്കേറ്റം- ഞാനയ്യോ ദോഷി
ദുഷ്പ്രതിദാനം ഞാൻ-രക്ഷകനേകി
മഴമഞ്ഞെന്നിവയാൽ-അവനെന്നേപ്പോറ്റി
അപകാരത്താൽ ഞാൻ അവനേ സ്കീപ്പാമേ-ലേന്തി
സൃഷ്ടിസമൂഹത്തിൻ-പതിയേ ക്രൂശിച്ച
ദുർയൂദന്മാരേ-ദോഷം! ദോഷം!

6. പാർത്താൾ പാവനയാം-ദാവീദിൻ തനയ
തരുവിൽ ക്രൂശിതനാ-മേകാത്മജനെ
വീർപ്പിടുമുൾക്കാമ്പോ-ടേറ്റം രോദിച്ചാൾ
ബാഷ്പം വർഷിച്ചാൾ-മിഴികളിൽ നിന്നും
തരുവിൻമേൽ തൂക്കി-മാർവു പിളർന്നോൻ തൻ
ചാരേ ചെന്നെത്തി-സങ്കടപൂർവ്വം-ഭാഷി-ച്ചാൾ
പാണിതലത്താൽ തൻ- മാർവിൽ താഡിച്ചു
വിഹ്വലമാനസയാം-നിർമ്മല കേണു

7. നിർമ്മലയാം-മാട-പ്രാവിഹരോദിച്ചു
സ്നേഹിതനകും തൻ-കഴുകനുവേണ്ടി
തിരുവിഷ്ടത്തോടെൻ- മകനായോരീശാ
ഹതിമൃതികൾക്കായ് നീ പോയതുമെന്ത്?
ഉജ്ജ്വലതേജസ്സേ-മഹിമാവേറും നിൻ
രശ്മികളേയേവൻ-വീശിടുവാൻ-ധൈര്യം -കാട്ടി
വിഷ്ടപവീരാ നീ-കെട്ടപ്പെട്ടാരാൽ?
തരുവിന്മേൽ നീ-ഹാ! നഗ്നത പൂണ്ടു

8. ആ രോദനനാദം -ദൈന്യതയും പാരം
സങ്കടവും വീർപ്പും-സംപ്രാപിച്ചു
മൗലിനമിപ്പിച്ചി-ട്ടാച്ചെറുകുഞ്ഞുങ്ങൾ
പോയ പിറാവേപ്പോൽ-തേങ്ങിക്കേണാൾ
ക്രൂശിതനായ് കുന്തം- കൊണ്ടുപിളർന്നോനേ
കണ്ടുൾത്താപത്തോ-ടരികേ ചെന്നാ-ശ്ളേഷി-ച്ചാൾ
ലഹരി പിടിച്ചുൾക്കാ-മ്പതിസന്താപത്താൽ
ഗൽഗദസമ്പൂർണ്ണം സംസാരിച്ചാൾ

9. ദ്യുതിയെ മറച്ചീടാൻ രവിയോടു കല്പിക്കാ
ഏകസുതാ! ചാരെ-ഞാനണയട്ടെ
നിന്റെ നിയോഗത്താ-ലിരുളാർന്നീടട്ടെ
സ്ലീബാവൃക്ഷത്തേ- ഞാൻ പുണരട്ടെ
എൻ മകനെ ഞാൻ നീ-ന്നടികളെ മുത്തട്ടെ
പ്രാണപ്രദനേ നിൻ-സൗരഭ്യം ഞാ-നേൽ-ക്കട്ടെ
ദുർവൃത്തന്മാർ നിൻ-നഗ്നത കാണായ്‌വാൻ
അന്ധതപൂകട്ടെ -തൽ നയനങ്ങൾ

10. ദൂതന്മാർ മുമ്പൻ-ഗബ്റിയേലേ നിൻ
എരിതീവൈരാഗ്യം -കെട്ടതുമെന്ത്?
ദുഷിയേൽക്കുന്നു നി-ന്നുടയോൻ സ്കീപ്പായിൽ
അഗ്നിമയാമൗനം-പൂണ്ടതുമെന്ത്?
ഓ! മീഖായാലേ-തീക്ഷ്ണമതേ കാൺക
തന്റെ വിലാവിൻമേൽ- ദ്വേഷികൾ കുന്തത്താൽകുത്തി
പത്തു സഹസ്രത്തെ-വീഴ്ത്തിയ നിൻ വാളാൽ
ക്രൂശകരേ നാശം-ചെയ്തുമുടിക്ക

## (വൊയ്‌ലെക്സെഹിയൂൻ)

സീ-യോനെ മശീഹായേ ക്രൂശിച്ചോളേ
ഹാ-കഷ്ടം ഭാ-ഗ്യം സഭയേ സ്തുതിമഹിതേ

1. തേജോനാഥൻ സ്ളീബായിന്മേലേറി
പാവനനെക്കൊന്നീടാൻ ക്രൂശകരാർത്തു
നാശകരാം-ചെന്നയ്ക്കൾ ചുറ്റി
നിർമ്മലകു-ഞ്ഞാടതിനെച്ചീന്തി
ഹിതമൊടു വേ-ദനയേറ്റ-വരെയും വീ-ണ്ടാൻ കുരിശാൽ

2. തേജസുതരാം-ശിഷ്യന്മാർ പാഞ്ഞോടി
കൂരിരുളുകൾ തേ-ജോമയനെപ്പിടികൂടി
ദ്വേഷത്താൽ കയ്യാപ്പാതാനും
ഹന്നാനും -വാമവശാധിപനാം
യൂദായും -ദക്ഷിണഭാ-ഗാധിപനെ ക്രൂശിച്ചു

3. ചൊല്ലുന്നുമരം-കഷ്ടമെനിക്കെന്തുളവായ്
സൃഷ്ടിശനെയെൻ-മീതെ ഹാ! കുരിശിച്ചാർ
മഴമഞ്ഞെ-ന്നിവയാലവനെന്നെ
പോറ്റീ, ഞാ-നപകാരം ചെയ്തു
മശിഹാതൻ-ക്രൂശകരാം-യൂദന്മാരേ കഷ്ടം!

4. നാഥാ! മകനേ! കുരിശിച്ചാരിത്തരുവിൽ
ഉന്നതസുതനേ!ദ്വേഷിച്ചെന്തിനു പകയർ
സകലർക്കും-നന്മകൾ നീയരുളീ
ആരോഗ്യം നിഖിലർക്കും നൽകി
പ്രതിഫലമായ്-സ്കീപ്പാമേ-ലെന്തിന്നീ-പ്പരിഹാസം

5. ദോഷം ചെയ്തെ-ന്തെരൂശലേം പുത്രികളേ!
എൻപുത്രൻ കാ-ന്തർക്കുപകാരം ചെയ്തു.
തുപ്പലിനാൽ -കാഴ്ചകൊടുത്തന്ധർ-
ക്കരുളാൽകു-ഷ്ഠാർത്തർക്കമലതയും
കാന്തസുത-ന്മാരവനെ പ്രതിഫലമായി താഡിച്ചു.

6. നാഥാ! മകനെ! എങ്ങനെ ഞാൻ കേഴേണം
തോഴികളും-പാ-വനമാം സംഘവുമെന്യേ
സ്കീപ്പായേ-ഘാതകർ ചൂഴുന്നു
ദ്വേഷികൾ നിൻ-മൃതിയതിനുഴറുന്നു
മൂകമതാം -സൃഷ്ടിക്കേ-കുക കേഴാനാരാവം

7. മൂകതയോ നിർ-മ്മലരക്തം വീണധരേ!
ചേലയെഴുന്നോ-ർക്കുൾഭ്രമമേറ്റുക വലുതാം
പാറകളേ! ആർക്കുക കല്ലുകളേ!
ശാസിപ്പിൻ ക്രൂശകരേ നിങ്ങൾ
താൻ നഗ്നൻ പ്രകൃതികളേ! ആംഗ്യത്താ-ലിളകിടുവിൻ

8. ഓ! എഴുന്നേല്പ്പിൻ-സൃഷ്ടികളേ-പിതൃഭവന-
ത്തായകളേ കേ-ഴിൻ മൃതിപൂകും സുതനായ്
സുതനേകൻ-തമ്മിലിളക്കിടുവിൻ
തിരുമഹിമാ-വേറ്റം നിരസിച്ച
ക്രൂശകരേ-ഭീകരമാം -നെടുവീർപ്പാൽ-ശാസിപ്പാൻ

9. ഉഗ്രന്മാരാ-മുജ്ജ്വല ദൂതന്മാരേ
തൻ നഗ്നതക-ണ്ടെന്തെരിയാതമരുന്നു
നിങ്ങളിൽ ര-ണ്ടാളുകൾ സോദോമിൽ
നിന്ദിതരായ്-തൽപുരി തീയ്ക്കിരയായ്
വാനവരേ! ക്ഷമയരുതേ-ദുഷിയേറ്റീടുന്നുടയോൻ

10. സ്കീപ്പായേച്ചു-ഴുന്നോരാം ദ്രോഹികളിൽ
അത്യുന്നതരേ! വൈരാഗ്യത്തീചൊരിവിൻ
രക്ഷകനെ-തൂക്കിയ ജനതയ്ക്കായ്
ചിറകുകളിൽ-തീക്കനലേന്തിടുവിൻ
വാനവരേ!തന്നാംഗ്യം-രോധിച്ചോ-ക്ഷമയെന്ത്?

## ഏവൻഗേലിയോൻ
## (പെസ്ഗോമോ)

ഹാ-ഹാ- എന്നെ കയ്പവരയ്യോ തീറ്റി
തന്നു കുടിപ്പാൻ കയ്പ്പേറും പാനീയം-ഹാ

വി. യോഹന്നാൻ 19:15-22, വി.മത്തായി 27:38-44,
വി.മർക്കോസ് 15:29-32, വി.ലൂക്കോസ് 23:34-43

കൗമാ

[illegible]

[illegible]
[illegible]

ബദുമൂസ്ഗായൊസൊബ്റഹമൈക് എസ്ദകറൈൻ
മോറാൻ ബ്ഹൗയൗമൊ ശ്ബീഹൊദുമേസിസോക്

(മലയാളം)

നാഥാ! നിൻ വരവിൻ മഹിമാദിവസത്തിൽ
അടിയാ- രേയോർക്കുക കള്ള-നെയെന്നതുപോൽ
(മൂന്നു പ്രാവശ്യം)
നാഥാ!തേ സ്തുതിയും....
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..

## ഒമ്പതാം മണി

**കൗമാ**



മ്ശീഹൊ ദ്ബസ്ക്കീഫെ അക്കറൊ ലസോലുബ്ത്തൊ
സ്ലീബോക് നെഹവേ ലാൻ ശൂറൊ ബെസ്ഗൗസൊ

(മലയാളം)

സ്കീപ്പാ-യാൽ ക്രൂശകിയേമാ-യിച്ചോനേ മശിഹാ
കോട്ടയുമഭയവുമാം, നിൻസ്ളീബാ (മൂന്നു പ്രാവശ്യം)
നാഥാ!തേ സ്തുതിയും....
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..
ദൈവമേ നിന്റെ കൃപയിൻ പ്രകാരം......

## എന്യോനൊ

**(ബ്സകീഫോ അം ആവോലെ)**

1. സന്ദർശിപ്പാനാഗതനാം-
സൽസുതനെ ദ്രോഹികളൊപ്പം
ദോഷികളെണ്ണി സ്കീ-പ്പാ-മേൽ

2. ദേവേശനു ദാഹിച്ചപ്പോൾ-
പുളിവീഞ്ഞും കയ്പും നൽകി
നിറവേറി നിബിതൻ -വാ-ക്യം

3. മന്നൻ ദാവീദോതിയപോൽ-
തൻവസ്ത്രത്തെപ്പങ്കിട്ടാർ
ചീട്ടിട്ടാർ തന്ന-ങ്കി-ക്കായ്

4. വിശ്വസ്ത സഭാമക്കൾക്കായ്-
സ്ലീബാ കെൽപിയലും വലുതാം
ആയുധമായ് തീർത്തോൻ ധ-ന്യൻ

5. ദുഷ്ടൻ തൻ സേനകളിവയിൽ-
വിശ്വാസിനിയാം വിമലസഭ-
യ്ക്കാകട്ടെ സ്ലീബാ-കോ-ട്ട
ബാറെക്മോർ-ശുബഹൊ-മെൻഓലം

6. സ്ലീബായാൽ സഭ രക്ഷിതയായ്-
സ്ലീബായേ വെടിയാത്തിതിനാൽ!
സ്ലീബായതിനെകാ-ക്കു-ന്നു
സ്തൗമെൻകാലോസ്... കുറിയേലായിസോൻ

## പ്രുമിയോൻ
## കോലോ

**(കൂക്കോയോ)**

1. മൃതിയെ രുചിച്ചാൻ ദേവേശൻ-സ്ലീബാമേലേറി
പാതാളക്കോട്ട തകർത്താൻ-മൃതലോകം പൂകി
കതകുകളും ചെ-മ്പോടാമ്പലുമൊപ്പം
അഴകറ്റോനാ-മാദാമിനു ജീവൻ
നൽകിത്തന്നുത്ഥാനത്തെ -നമ്പിടുമാദാമിൻ
സുതർയാനം ചെയ്യേണ്ടോരാ- ക്കബറീന്നും പറുദീസ്
ഹാലോലൂയ്യാ-പൂകും വഴികാട്ടി
ബാറെക്മോർ. ശുബ്ഹൊ.... മെൻ ഓലം...

2. ജഗതീനാഥൻ ദൈവസുതൻ-സ്കീപ്പാ-യിന്മേൽ
മൗലിനമിച്ചാത്മത്തെത്തൻ-പിതൃപാണിയിലേകീ
പാറകൾ കീറി- കല്ലറകൾ വിണ്ടു
സൃഷ്ടികളെല്ലാ-മാശ്ചര്യം പൂണ്ടു
ദൈവസുതന്റെ വിലാവയ്യോ-യൂദന്മാർ ചീന്തി
പുണ്യം ലോകത്തിനു നല്കും-ജലവും ശോണിതവും
ഹാലേലൂയ്യാ-പ്രവഹിച്ചതിൽ നിന്നും

## വീണ്ടും കോലോ
## തൂബൈക് ഈൗത്തോ

വൃക്ഷത്തിന്മേൽ പാണിപദങ്ങളിലാണിയടി
ച്ചുടയോൻ ക്രൂശിതനായപ്പോൾ മോചന മർത്ഥിച്ചൊരുചോരൻ
തൻ വിശ്വാസം ബഹുശ്രേഷ്ഠം-ചൊന്നാൻ പോക്കുക മമദോഷം
ശീമോൻ കണ്ടു നിക്ഷേധിച്ചാൻ നിന്നാൻ യൂഹാനോനകലെ
ഘോഷിച്ചാൻ ചോരൻ നാഥാ- ഓർക്കണമെന്നേ നിൻ-രാജ്യേ
ബാറെക്മോർ. ശുബ്ഹൊ.... മെൻ ഓലം...

**(അല്ലെങ്കിൽ)**

കള്ളന്റെ വിശ്വാസം ഏറ്റവും വലുതും യാഥർത്ഥവുമായിരുന്നു. മരത്തിൽ തൂക്കപ്പെട്ടിരിക്കുന്ന അവന്റെ നാഥനോട് അവൻ പാപപരിഹാരം യാചിച്ചു. അവന്റെ കൈകളും കാലുകളും ആണികളാൽ തറയ്ക്കപ്പെട്ടു. എന്റെ അകൃത്യം ക്ഷമിക്കണമേ എന്നവൻ പറഞ്ഞു. ശെമവോൻ തന്നെ ഉപേക്ഷിച്ചു പറഞ്ഞു. യൂഹാനോൻ അകലെ നിന്നു. നിന്റെ രാജ്യത്തിൽ നീ എന്നെ ഓർക്കണമേ എന്നു കള്ളൻ അട്ടഹസിച്ചു പറഞ്ഞു. ബാറെക്മോർ

തരുവിൽതൂങ്ങി തസ്കരരിടയിൽ വിടർന്നവനാം!
സുതനെക്കണ്ടഗ്ന്യാത്മീയർ-തൻനിവഹം- വിസ്മയമാണ്ടു
തൻ നഗ്നതയെ കാണായ്‌വാൻ-കതിരോൻ കതിരുകളെ മൂടി
ആംഗ്യത്താൽ മാനത്തേയും-വീര്യത്താലിക്ഷിതിയേയും
തീർത്തോൻ തൻ നഗ്നതയെക്ക-ണ്ടൂഴിയുമംബരവും ഞെട്ടി

**(അല്ലെങ്കിൽ)**

മരത്തിന്മേൽ തൂക്കപ്പെട്ടും, കള്ളന്മാരുടെയിടയിൽ വിധിക്കപ്പെട്ടും കിടക്കുന്ന പുത്രനിൽ അഗ്നിമയന്മാരും ആത്മമയന്മാരുമായ ഈറേന്മാരുടെ കൂട്ടങ്ങൾ അത്ഭുതപ്പെട്ടു. സൂര്യൻ അതിന്റെ കിരണങ്ങൾ തന്റെ നഗ്നത കാണാതിരിക്കത്തക്കവണ്ണം ഒതുക്കിക്കളഞ്ഞു. സ്വശക്തിയാൽ ഭൂമിയെ രൂപപ്പെടുത്തുകയും ആംഗ്യത്താൽ ആകാശത്തെ വിരിക്കുകയും ചെയ്തവൻ വസ്ത്രം ഉരിഞ്ഞും നഗ്നനായും കിടക്കുന്നത് ആകാശവും ഭൂമിയും കണ്ടപ്പോൾ ഇളകിപ്പോയി. ബാറെക്മോർ

## ബോത്തെദ്ഹാശോ

ܩܳܠܳܐ ܕܚܰܫܳܐ ◆

ܒܪܝܟ ܡܪܝ ܚܫܟ ܕܗܘܐ ܚܠܦܝܢ · ܒܪܝܟ
ܡܘܟܟܟ ܕܡܛܠܬܢ ❖
(ബ്രിക്മോർ ഹാശോക് ദഹ്വൊ ഹ്ലോഫൈൻ
ബ്രീക്മൂകോക്ക് ദ്മേത്തൂലോസാൻ)

**ഞങ്ങൾക്കായ് നീ-യേറ്റൊരു പീഡാ-**
**താഴ്ചകളേറ്റം ധന്യം നാഥാ!**

1. ഉരുകിപ്പോയില്ലാണികൾ-കയ്യിൽ
വെന്തില്ലേതും നിൻ -ഹന്താക്കൾ
    സ്വയമേ താണൊരു- സിംഹക്കുട്ടി
ഏദനിൽ മൃതനാമാദാമിന്നുയിർ
നൽകാൻ പീഡാമൃതി നീയേറ്റു

2. ക്രൂശിൽ മൃതിയേറ്റോനുച്ചത്തിൽ
ഘോഷിച്ചപ്പോൾ ശിലകൾ വീണു
    തീയേറ്റതുപോൽ-കല്ലുകൾ കീറി
ബഹുസംഭ്രമമോടലറീ ഭൂമി
പെൺസിംഹം പോൽ സൃഷ്ടികൾ ചീറി

3. പ്രഭയോലും പൂക്കൾക്കായ് പകരം
ദാഹിച്ചപ്പോൾ കടുവീഞ്ഞേകി
    റോസാ-പുഷ്പ-ങ്ങൾക്കായ് പകരം
അവിവേകത്താ-ലാദുഷ്ടന്മാർ
മുള്ളിൻ മുടിതൻ തലയിൽ ചാർത്തി

4. പാടേറ്റോനെ! ജീവാത്മജനെ!
റൂഹാസഹിതം താതനിലേകാ!
    സ്തുതിതേ സ്തുതിയാം- താരും സർവ-
സ്തോത്രപ്പൂവിൻ കുലയും തേജോ
മകുടത്തിന്മേലണിയിക്കുന്നു

നിൻവിധി ചെയ്തോർ -വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ- ഞങ്ങളെയീശാ. മൊറിയൊ...

## മോർ യാക്കോബിന്റെ ബോവൂസൊ

ܒܥܘܬܐ ܕܡܪܝ ܝܥܩܘܒ ܡܠܦܢܐ ❖

ܡܫܝܚܐ ܕܐܬܐ ܠܚܫܐ ܘܡܘܬܐ ܘܠܐܣܬܟܝܦܘܬܐ.
ܫܡܥ ܒܥܘܬܢ ܘܥܒܕ ܪ̈ܚܡܐ ܥܠ ܢܦܫܬܢ ❖
ܐܠܗܢ ܕܡܪܚܡܢ ܗܘ ❖

മ്ശീഹൊ ദേസോ ല്ഹാശോ വ്മൗതോ വ്ലസ്കീഫൂസോ
ശ്മാ ബോവൂസാൻ വാബെദ് റഹമെ അൽനഫ്ശോസാൻ
ആലോഹൻ റാഹേമേലൈൻ കുറിയേ.....

മശിഹാസ്കീ-പ്പാ മൃതികഷ്ടതകൾക്കായ് വ-ന്നോനെ
പ്രാർത്ഥനകേ-ട്ടിട്ടാത്മാക്കളിലൻപുണ്ടാ-കേണം
ദേവാ! ദയുണ്ടാകേണം-നാഥാ ! കൃപതോന്നേണമൻപാൽ
ചൊന്നാൾ ദുഃ-ഖധ്വനിയോടെവം ഞാൻ ശ്ര-ദ്ധിച്ചു
ചൊല്ലുന്നോരാ-വചനമതെന്തെന്നറിവാ-നായി
നാഥാ! സീ-യോൻ കോട്ട തകർക്കട്ടെ നിൻ സ്ലീബാ
നിന്നെ ദ്വേ-ഷിച്ചൊരു കണ്ണുകളന്ധത പൂ-കട്ടെ ദേവാ....

പാടേറ്റോ-നേ പാടിനു വിട്ടൊരു താതൻ-സ്തുത്യൻ
പീഡാ ഹീ-നാസ്തുതി ഞങ്ങൾക്കായ് പാടേ-റ്റോനെ
റൂഹ്ക്കുദിശാ! പീഡാമൃതിഹീനാ! വന്ദിക്കുന്നേൻ-
ത്രിത്വപ്രഭ-യാമേക പ്രകൃതത്തിന്നായ്-സ്തോത്രം ദേവാ...

നാഥാ ഭൂവാനും നിൻ പീഡയതിൽ ക്ലേശിച്ചു
മാനോർ വാനോർ നിൻ താഴ്മയിലതി വിസ്മയമാർന്നു ദേവാ...

**അല്ലെങ്കിൽ**
**പൗരോഹത്യം രാജ്യം**
**കുംപൗലോസ്**

ധന്യൻ തൻ മൃതിയാൽ -മരണത്തെക്കൊന്നു
പാതാളസ്ഥർക്കായ് -വിടുതൽ കൊടുത്തോൻ

1. സൃഷ്ടികളേയെല്ലാം -കൈകളിലേന്തിക്കൊ-
ണ്ടുടയോൻ നിന്നാന-ക്കാൽവറി മീതേ

വീഴ്ച ഭവിച്ചോനാ-മാദാമിൻ പേർക്കായ്
രക്ഷകനായ് പാരിൻ -നടുവിലുദിച്ചാൻ
സൃഷ്ടികളേ ജീവ-ദ്ധ്വനി കമ്പിപ്പിച്ചു
തിരുമഹിമാവോതാൻ -പരിശുദ്ധന്മാർ-ക്കുയിരേകി
ഭൂസ്വർഗ്ഗങ്ങൾ തൻ-മദ്ധ്യേ ക്രൂശിതനായ്
സ്കീപ്പായാലെങ്ങും-ശാന്തിപരുന്നു

2. സ്കീപ്പുസായ്ക്കാർന്നോ- രേകസുതൻ തന്നെ
യേരുശലേംകാരാം-സ്ത്രീകൾ ദുഷിച്ചു
അറിയാതെന്നാലും-പ്രവചന വാക്യത്തിൽ
ശാപത്തെ ഘോഷിച്ചധികം കേണു
ഘാതകഖഡ്ഗത്തോ-ടടിമത്ത്വത്തിന്നായ്
പോയീടുന്നതിനാ-ലേവം-പാ-രം രോദി-ച്ചു
നിരുപമസന്തോഷം-നൽകിയവന്നായി
നാരികളേ കേഴു-ന്നെന്തിനു നിങ്ങൾ

3. സ്പർദ്ധാധിക്യത്താൽ-ഹതനാം കർത്താവേ!
ഡംഭികൾ നിൻ-മൃതിയിൽ-വെന്തീടട്ടെ
സ്കീപ്പായിന്മീതേ-ഹതമാം തേജസ്സേ
വഞ്ചകരേ കൽപ്പി-ച്ചില്ലാതാക്കൂ
സൃഷ്ടികളിൽ വാക്കും-പ്രഭയും ചേർപ്പോനേ!
ഏറ്റം താണതിനാ-ലവ നിന്നെ-ക്കീർത്തിക്കട്ടെ
തിരുബഹുമാനത്തെ-നിരസിച്ചോരാകും
ജനതയ്ക്കായ് ശാപം ഘോഷിക്കട്ടെ

4. സൃഷ്ടി സമൂഹത്തിൻ-പതിയെ ക്രൂശിതനായ്
സ്ലീബാ വൃക്ഷത്തിൽ-ദർശിച്ചപ്പോൾ
ആത്മീയന്മാർ തൻ-നിവഹം ക്ഷോഭിച്ചു
വഹ്നിമയന്മാരും സംഭ്രമമാണ്ടു
ക്രൂശകവൃന്ദത്തേ-ചെന്നു നശിപ്പിപ്പാൻ
ഗബറീയേൽനോക്കീ-തോഴൻ മീഖായേൽ താനും
തിരുവുള്ളത്താൽതാൻ തരുവിൽ ക്രൂശിതനായ്
അഗ്നിമയന്മാരേ! ക്ഷോഭിക്കേണ്ടാ

5. ഏകതനൂജൻ തൻ-മഹിമയെയേറ്റോതി
സ്തോത്രം ഘോഷിച്ചാൻ-മോഷ്ടാവീനാൾ

അതിഭാസ്സോ ടീശാ-നീ നിൻ രാജ്യത്തിൽ
വന്നീടുന്നേര-ത്തോർക്കണമെന്നേ
എൻവരവോളം നീ-കാക്കേണ്ടെന്നോതീ-
ട്ടുയിർഗതിയാകുന്നോ-രച്ചാരത്തെത്താ-നേകീ
മാമകതത്വത്തെ-നമ്പിയമർത്ത്യാ! നീ
ഈ ദിനമെത്തീടും-പറുദീസായിൽ

6. ധർമ്മവിഹീനന്മാർ- തരുവിൽ-ക്രൂശിച്ചോ-
രുടയോനെക്കണ്ടി-ട്ടടിയാൻ സൂര്യൻ
കതിരുകളേ നീക്കി-സ്കീപ്പായിന്മീതേ
ഭൂപതിയർഹിക്കും-ബഹുമതി നൽകി
അന്ധതപൂണ്ടീടും-ജനനിവഹത്തിന്മേ-
ലെങ്ങനെയാ സൂര്യൻ-സ്വപ്രഭയേ ശോഭി-പ്പിക്കും
ക്രൂശകവൃന്ദത്തി-ന്നൊളി നൽകീടായ്‌വാൻ
രശ്മികളേയർക്കൻ-നിഷ്പ്രഭമാക്കി

7. ജീവമയൻ ജീവൻ-മൺമയനേകീടാൻ
സ്ലീബായിന്മീതേ-മരണം പൂണ്ടു
സാക്ഷിച്ചീടുന്നു- തൻമൃതിയേ വെള്ളം
ഘോഷിക്കുന്നേറ്റം- ജീവനെ രക്തം
ദൈവിക കുഞ്ഞാടേ! നിൻമൃതി സത്യം താൻ
ഉന്നതപുത്രാ നീ-ജീവനെഴുന്നോൻ- സത്യം താൻ
ഉയിരുടയോനാം നീ-മൃതനായ് വാഴുന്നു
ഭൂമിയിലും മേലും -സീമയിലെങ്ങും

## കുലകൂൻ ആമ്മേ

**(കള്ളന്മാരുടെ സംവാദം)**

1. ഭൂജാതികളേ! വന്നെത്തി-
ത്തസ്ക്കരനാദം ശ്രദ്ധിപ്പിൻ
തന്മദ്ധ്യ ഗതം സംവാദം
നേരായാരാഞ്ഞീക്ഷിപ്പിൻ

2. മദ്ധ്യേ കർത്താവിൻ സ്കീപ്പാ...
ചായാത്തൊരു ന്യായാധിപനായ്
സത്യമെഴും ത്രാസെന്നോണം-
തദ്വചനം നന്നായ് തൂക്കീ

3. നിഖിലേശനൊടോതിചോരൻ-
നിൻവരവിൻ നാളോർക്കെന്നേ
അവ്യയരാജ്യേ കാരുണ്യം-
തടവെന്യേ ഞാൻ കാണട്ടെ

4. ഇടതുവശത്തായ് ക്രൂശേറ്റോൻ-
തോഴൻ കേട്ടേവം ചൊന്നാൻ
എന്തിനിവൻ രാജാവെങ്കിൽ
നിന്ദ്യസ്കീപ്പാമേലേറി

5. നിൻ സ്നേഹിതനാം ഞാൻ നമ്പി...
സ്ലീബായാൽ നാം വേർപെട്ടു
വെൺമയണിഞ്ഞോൻ രക്തത്താൽ-
ഉയിരരുളീ ധൈര്യം പൂണ്ടേൻ

6. നമ്മെപ്പോലാണികളേന്തി...
പ്പാടേൽപ്പതു കാണുന്നില്ലേ
രാജ്യം തരുവോനാമെങ്കിൽ-
സ്വയമൊഴിവാകട്ടെ നമ്പാം

7. കർത്തൃ-വചസ്സാം താക്കോലാൽ-
ഏദൻതോട്ടം പൂകും ഞാൻ
നീ തെറ്റിപ്പോയ് തെറ്റവനിൽ-
ചൊന്നെന്നെ തെറ്റിക്കേണ്ട

8. തരുവിൽനമ്മേപ്പോൽ തൂങ്ങി
കഷ്ടത നമ്മേക്കാളേറ്റാൻ
രാജാവെങ്കിൽ ലെഗിയോനാ-
വന്നിഹ ശാപം നീക്കട്ടെ

9. ഈശോ പാരിൽ തരുവിന്മേൽ...
വാനത്തഗ്നിത്തേരിന്മേൽ
പ്രകൃതികളുടയോനേയേറ്റു-
തൻ ക്രൂശേറ്റത്താൽ വെമ്പി

10. നിൻ ശ്രേഷ്ഠനെ നീ സൂക്ഷിക്ക-
മുതുകിൽ ചാട്ടപ്പാടില്ലേ
നീ മഹിമയവാന്നോതുന്നു-
നീ ചൊന്നതിനേയാർ നമ്പും

11. ആദാമിൻ ശാപം പോക്കാൻ-
മൺമുള്ളുകളെത്തൻമുള്ളാൽ
നീക്കിയൊരീശോ നൃപനല്ലാ-
താർക്കും കഴിവില്ലതു ചെയ്യാൻ

12. അരുളിയപോൽ സ്കീപ്പായേറ്റോൻ-
പറുദീസ നിനക്കേകട്ടെ
നീ കാണാത്തോരേദനിലേ-
ക്കെങ്ങനെയവനേറ്റും നിന്നെ

13. ഈ മരണം പാതാളത്തിൻ-
പ്രാഗത്ഭ്യത്തേ മായിച്ചു
അതിനെത്തൻ നാദം വീഴ്ത്തി-
ധൂളിപ്പാൻ താൻപൂകുന്നു

14. ഞെങ്ങിഞ്ഞെരുങ്ങിപ്പാടേറ്റാൻ-
കയ്പുകുടിച്ചുകുത്തേറ്റു
കഷ്ടത നിറയുന്നോനേ ഞാ-
നെങ്ങിനെ രാജാവെന്നോതും

15. പാറകൾ പിളരും നാദത്തേ-
ശ്രദ്ധാപൂർവ്വം കേട്ടാലും
സിദ്ധാസ്ഥികളൊന്നിക്കുന്നു
എന്തിനവിശ്വാസം തോഴാ!

16. സൃഷ്ടികളിളകീ ഭൂതങ്ങൾ
ഞെട്ടീ നീ കൂസുന്നില്ല
കല്ലുകൾ ചിന്നീ വ്യാജം വീ-
ട്ടേറ്റു പറഞ്ഞേൽക്കുക ജീവൻ

17. ആരാഞ്ഞാൽ തൻ മാഹാത്മ്യം-
പലതും നിന്നോടോതീടും
സൃഷ്ടികളവനേ സാക്ഷിപ്പു-
ഇളകുന്നഖിലം തൻ പാടിൽ

18. ലിഖിതം മൂലം രാജാവേ-
ന്നിവനെ വിളിച്ചാൻ പീലാത്തോസ്
സാക്ഷികൾ പോലവരാർത്തതിനാൽ-
നൃപനെന്നോതീ-യിടയേണ്ട

19. നമ്മൾക്കിടയിൽ സ്കീപ്പായ-
ങ്ങതിരാംകുഴി നീയേറീടാ
വാമസുതാ! നിൻ സ്ഥലമേൽക്ക-
വലതുവശം മാമകമല്ലോ

20. സ്ലീബാ തുറന്നു പാതാളം-
സൂര്യനിരുണ്ടു ക്ഷിതി ഞെട്ടി
രണ്ടായ് വാതിൽമറ കീറി-
സർവ്വം സാക്ഷിച്ചുടയോനെ

21. ഭൂ മരുവും സൃഷ്ടികളെല്ലാ-
മുഴറും ധ്വനിയും നീ കേൾക്ക
തൻ ശബ്ദത്താൽ ഭീയാർന്നീ-
ഭൂ ഭിത്തികളാടീടുന്നു

22. പാതാളത്തീന്നെത്തീടും-
മൃതരുടെ ബഹളം തോഴാ കേൾ
ഞാൻ നമ്പിയ ജീവപ്രദനാ-
മേശുവിനെ നീ സൂക്ഷിക്ക

23. ആദാമുണരാൻ മൃതിയേറ്റാൻ-
മൃതിഗതരവനേ നോക്കുന്നു
അവനാദത്തേ വിടുവിക്കു-
ന്നേദനിലെന്നേയേറ്റുന്നു

24. ഹാ! സ്വഹിതത്താൽ മൃതിയേറ്റ-
പരസുതനെ ദൂഷിച്ചീടുന്നോ?
പൊത്തുക ദുഷിയേറും വായ് നീ-
ഞാൻ നമ്പിയ സ്ലീബാ ധന്യം

25. ഏറ്റുപറഞ്ഞേദൻ താനൊ-
ത്തവനേറിടുമെന്നോതുകയാൽ
നാഥാ നിന്നേയേറ്റോരാം-
ഞങ്ങളെ വരവിൻ നാളോർക്ക

## ഏവൻഗേലിയോൻ

### (പെസ്ഗോമോ)

ഹാ-ഹാ- ഏവരുമെന്നേ നിന്ദിച്ചു
ചുണ്ടുമലർത്തി തലയവരാട്ടി-ഹാ-

വി.മത്തായി 27:45-56, വി.മർക്കോസ് 15:33-41,
വി.ലൂക്കോസ് 23:44-49, വി. യോഹന്നാൻ 19:23-30

കൗമാ





മ്ശീഹൊ ദബ്മൗത്തെ ആഹീമീസുസാൻ
നാഹേം ല ആനീദൈൻ വെസറാഹാമ്മേലൈൻ

മൃതിയാ-ലടിയാരുടെ മൃതിപോ-ക്കിയ മശിഹാ
മൃതരാ-യോർക്കുയിരും ഞങ്ങൾക്കരുൾ കൃപയും (മൂന്നു പ്രാവശ്യം)

നാഥാ!തേ സ്തുതിയും മാനം താതന്നും.....
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.....

### സ്ലീബാ ആരാധന - ഒന്നാം പ്രദക്ഷിണ ഗീതം



കദ് നോഫെക്മൊൻ ഗാവകർക്കോ
വതയീൻ സ്ലീബെ അൽ ക്സഫെ
വെസ്കാനാള് എബ്റോ യോസോ
ദൻബകയോൻ ബഹനഗ്സൊ
കൊയ്മൊ ഏമെ മെൻ റൂഹ്കൊ
വ്ആമോ കുൽഹൂൻ യോദുഏയ്
വക് യൗനൊ ശർയാസ് നഫൊ
ബ്ഹാശോ റാബോ വ്കാറൂസൊ
ലായ്കൊ ബെർ ലായ്കൊ ഹാബീബാ
ലയ്കൊ ദ്ബോറീൻ ലൊക് വൊസ്ലിൻ
ല്മോനൊകായ് അല്ലെമത് നഫ്ശോക്
ബീദായ്മൊ തോലുനൊ
വൊയ്ലീ ബെർ വൊയ്ലീ ഹാബീബ്
മോനോ ഗദ്ശോക് യൗമോനോക്
ബ്രീക് ഹാശോക് ദഹ്വൊ ഹാലോഫെൻ
വ്മൂകോകാക് ദ്മേത്തുലോസാൻ

**(പ്രദക്ഷിണ ഗീതം- മലയാളം)**

സ്ലീബാ തോളിന്മേൽ താങ്ങി
ക്കോട്ടയെ വിട്ടു പുറപ്പെട്ടാൻ
നെടുവീർപ്പൊടു നിലവിളി കൂട്ടാൻ
മേളിച്ചെബ്രായാംഗനമാർ
അറിയുന്നോരേവരുമൊന്നി-
ച്ചകലത്തായ് നിന്നാൾ ജനനി
ബഹുസങ്കടവും വ്യാകുലവും-
പൂണ്ടവൾ പ്രാവുസമം കേണു
എങ്ങെന്മമകനേ! വത്സലനേ!
യെങ്ങിവർ നിന്നെ നയിക്കുന്നു?
വിദ്വേഷികളുടെ കൈകളിൽ നീ
യെന്തിനു തനിയേ ഏൽപ്പിച്ചു?
ഹാ മകനേ! മമവത്സലനേ!
എന്തു നിനക്കു ഭവിച്ചിന്നാൾ
ഞങ്ങൾക്കായുളവായൊരു നിൻ-
വ്യഥയും താഴ്ചയുമ-തിധന്യം

### ഗദ്യം

നമ്മുടെ കർത്താവ് സെഹിയോൻ കോട്ടയുടെ ഉള്ളിൽ നിന്നു പുറപ്പെട്ടപ്പോൾ തന്റെ സ്ലീബായെ തോളിൽ വഹിച്ചു. സങ്കടത്തോടെ തന്നെക്കുറിച്ചു കരയുവാൻ എബ്രായ സ്ത്രീകൾ കൂട്ടമായി കൂടി. തന്റെ മാതാവും അവളെ അറിയുന്ന എല്ലാവരും ദൂരെ നിന്നു. മാതാവ് വലിയ സങ്കടത്തോടും ദുഃഖത്തോടും കൂടി, "എന്റെ പുത്രാ, നീ എവിടേക്ക് പോകുന്നു? എന്റെ വാത്സല്യ മകനേ നീ എവിടേക്കു പോകുന്നു? ഇവർ നിന്നെ എവിടേക്കു കൂട്ടിക്കൊണ്ടു പോകുന്നു"?എന്നു പ്രാവിനെപ്പോലെ കുറുകിക്കരയുവാൻ തുടങ്ങി. അയ്യോ, നിഷേധികളായ ജനത്തിന്റെ കയ്യിൽ നീ നിന്നെ എന്തിന് ഏല്പിച്ചുകൊടുത്തു? എന്റെ പുത്രാ, എനിക്കു കഷ്ടം, എന്റെ വാത്സല്യവാനേ, എനിക്കു കഷ്ടം! ഇന്ന് നിനക്ക് എന്ത് ഭവിച്ചു? ഞങ്ങൾക്ക് വേണ്ടിയുണ്ടായ നിന്റെ കഷ്ടാനുഭവവും ഞങ്ങളെ പ്രതിയുള്ള നിന്റെ താഴ്മയും വാഴ്ത്തപ്പെട്ടതാകുന്നു.

### പ്രാരംഭപ്രാർത്ഥന

ദൈവമേ നിന്റെ കൃപയിൻ പ്രകാരം.....

### എനിയോനോ
### (ഹവ്ദെസ്ത്ലേബ്)

1. സീയോനിൽ- തരുവിൽ ക്രൂശേറ്റോനേ
സ്ലീബായാൽ- ലോകം രക്ഷിച്ചോനേ
ദേവാ! ദയ ചെയ്തീടണമേ.

2. സീയോനിൽ- തരുവിൽ ജീവരവത്താൽ
സൃഷ്ടിഗണ-ത്തെക്കമ്പിപ്പിച്ചോനേ ദേവാ..

3. കയ്പും-കാ-ടിയുമുൾക്കൊണ്ടടിയാർ തൻ
കഷ്ടതിയൻ-കയ്പിനെ മായിച്ചോനേ ദേവാ...

4. വിഗ്രഹവ-ന്ദനയിൽ നിന്നും നമ്മെ
കാത്തൊരു സ്ലീ-ബായേ വന്ദിച്ചീടാം ദേവാ...

5. മൃതരായോർ-ശോഭനമാം മോദത്തിൻ
മണവറ പൂ-കീടാൻ കർത്തൃസ്ലീബാ....
വഴിയും-പാലവുമാകട്ടെ

6. സ്ലീബായിൻ-പീഡകളെ കൈക്കൊണ്ടു
തൻതലയി-ന്മേൽ -മുൾമുടിയേറ്റോനേ ദേവാ...

7. കുന്തത്താൽ -കുത്തുവിലാവിതലേറ്റു
നിണവും നീ-രും- പ്രവഹിപ്പിച്ചോനേ ദേവാ...

8. തിരുവുള്ള-ത്താൽ സ്വയമായേല്പിച്ചു
മർത്യാത്മാ-ക്കളെ മോചിപ്പിച്ചോനേ ദേവാ...

9. സ്കീപ്പായി-ന്മേൽ ഈൽ, ഈൽ എന്നാർത്തു
ഭൂമിയെയൊ-ന്നായ് വിറകൊള്ളിച്ചോനേ! ദേവാ...
ബാറെക്മോർ ശുബഹൊ...മെൻഓലം

10. സ്തുതിതാതാ! പഴകിയ രൂപം കാപ്പാൻ
ഏകാത്മജനെ പ്രേഷിപ്പിച്ചോനേ!
ദേവാ! ദയ ചെയ്തീടണമേ. കുറിയേലായിസ്സോൻ

**1. എന്റെ ദൈവമേ എന്റെ ദൈവമേ നീ എന്നെ കൈവിട്ടതെന്തിന്?**

**(തെഹറോ റാബൊ ദൂമോറോ)**

ഗോഗുൽത്തായിൽ-സോദരരേ-
ദർശിച്ച മഹാശ്ചര്യത്താൽ ഞാൻ സംഭ്രമമാർന്നു
ദൈവം തരുവിൽ ക്രൂശിതനായ്-
ദുഷി ദോഷികളീന്നേൽക്കുന്നു- വിണ്ണോരേ! മൺമയരേ
തന്നെ വാഴ്ത്തിൻ നിത്യം കുറിയേലായിസ്സോൻ

**2. ദൈവമേ പകൽസമയത്തു നിന്നെ ഞാൻ വിളിക്കും**

സ്ലീബാത്തരുവിൽ-വചനമതാം
ദൈ-വം വിരിവാർന്നതിനാ-ലതുപാരം ധന്യം!-
നാമതിനാൽ വന്ദിച്ചീടു-ന്നാശയുമഭയവുമാം തന്നെ
ആർത്തീടാൻ- ചൊന്നവനാം
തന്നേ വാഴത്തിൻ നിത്യം കുറിയോ.....

**3. എന്റെ കൈകളും കാലുകളും അവർ കുത്തിത്തുളച്ചു**

കർത്താവേ! നിൻ-സ്ലീബായേ-
കൂ-പ്പിക്കീർത്തിച്ചതിൽ ഞങ്ങൾ ശരണം തേടുന്നു-
ദോഷിയിൽ നിന്നും രക്ഷിപ്പാൻ

ചൂടുന്നതിനെ -ലലാടത്തിൽ
സ്ലീബായിൽ-ക്രൂശിതനാം
തന്നേ വാഴ്ത്തിൻ നിത്യം                കുറിയേ...

**4. അവർ എന്നെ സൂക്ഷിച്ചു നോക്കി**

വന്ദിക്കുക നാം-സ്ലീബായെ-
ബിംബാരാധനയേ നീക്കിത്തടവെന്യേ-യാനം ചെയ്‌വാൻ
ജീവപഥത്തെക്കാട്ടിയതാം
സ്ലീബായെക്കൊണ്ടാടീടാം-
ഘോഷിക്കാം-സർവ്വരുമേ!
തന്നെ വാഴ്ത്തിൻ നിത്യം                ബാറെക്മോർ. കുറിയേ....

**5. കർത്താവേ എന്നിൽ നിന്നും നീ അകന്നുപോകരുതേ**

വന്ദിക്കുന്നോ-ർക്കായുധവും-
കോട്ടയുമായും-ക്രൂശിതനെത്തള്ളുന്നോർ-
ക്കെല്ലാമതി വീഴ്ചയുമായും-
സ്ലീബായെ തീർത്തോൻ ധന്യൻ!
തന്നാഗമനേ ഹിതമില്ലാ
തവർതന്നെക്കൊണ്ടാടീടും

## വി.മറിയാമിന്റെ പാട്ട്
## വി.ലൂക്കോസ് 1:46-53

മറിയാം പറഞ്ഞതെന്തന്നാൽ എന്റെ ദേഹി കർത്താവിനെ പുകഴ്ത്തുന്നു. എന്റെ ആത്മാവ് എന്നെ ജീവിപ്പിക്കുന്നവനായ ദൈവത്തിൽ സന്തോഷിച്ചു. എന്തെന്നാൽ അവൻ തന്റെ ദാസിയുടെ താഴ്മ നോക്കിക്കണ്ടിരിക്കുന്നു. കണ്ടാലും ഇതുമുതൽ സകല വംശങ്ങളും എനിക്ക് ഭാഗ്യം തരും.

എന്തെന്നാൽ ശക്തിമാനും പരിശുദ്ധനാമമുള്ളവും ആയവൻ വലിയ കാര്യങ്ങൾ എങ്കൽ പ്രവർത്തിച്ചിരിക്കുന്നു. അവന്റെ കരുണ അവനെ ഭയപ്പെടുന്നവരുടെമേൽ തലമുറകളായും വംശങ്ങളായും ഉണ്ടാകുന്നു.

അവൻ തന്റെ ഭുജം കൊണ്ട് ജയമുണ്ടാക്കി. തങ്ങളുടെ ഹൃദയവിചാരങ്ങളിൽ അഹങ്കാരികളായവരെ ചിന്നിപ്പിച്ചു. അവൻ ബലവാന്മാരെ സിംഹാസനങ്ങളിൽ നിന്ന് മറിച്ചിടുകയും താഴ്മയുള്ളവരെ ഉയർത്തുകയും ചെയ്തു.

അവൻ വിശപ്പുള്ളവരെ നന്മകൾകൊണ്ട് സമ്പൂർണ്ണരാക്കുകയും സമ്പന്നന്മാരെ വ്യർത്ഥമായി അയയ്ക്കുകയും ചെയ്തു. അവൻ തന്റെ ദാസനായ ഇസ്രായേലിനെ സഹായിക്കുകയും നമ്മുടെ പിതാക്കന്മാരായ അബ്രഹാമിനോടും അവന്റെ സന്തതിയോടും സംസാരിച്ച പ്രകാരം എന്നേയ്ക്കും തന്റെ കരുണയെ ഓർക്കുകയും ചെയ്തു.

**(ലെക്ക് ഫായോ ദൻ കാലേസ്)**

1. ദേവേശാ!മിശിഹായെ
സ്ലീബാതൻ തരുവിന്മേൽ നീ-
ക്രൂശിതനായപ്പോൾ ഭൂവനത്തെ സീ-മകളോളം
ശോഭിപ്പിച്ചതിനാൽ സ്തുത്യൻ

2. രക്ഷകനേ! സ്ലീബായാൽ
ദ്വേഷമെഴും ദോഷിയെവെന്നു
സ്വർഗ്ഗമഹാരാജ്യവുമുയിരും നേ-ടീട്ടടിയാർ
നിൻ കൃപയെ സ്തോത്രം ചെയ്യും

3. ദേവേശാ! മശിഹായേ
വിഗ്രഹസേവ ദുരാത്മഭയം
എന്നിവയിൽനിന്നടിയങ്ങളെ ര-ക്ഷിച്ചതിനാൽ
നിൻ സ്ലീബായെ നമിക്കുന്നു

4. ഉന്നതനാം ദേവേശാ!
സ്വർഗ്ഗസ്ഥാ കൃപയാൽ സഭയിൽ
പുണ്യത്തിൻ ബലിപീഠത്തെ സ്ഥാ-പിച്ചോനേ
പരിശുദ്ധൻ നിയെന്നേക്കും

**(ലമ്ശിഹോ ദേത്റീം)**

1. വിശ്വാസികൾ ഞങ്ങൾ-ക്കഭയമതും
രക്ഷയുമരുളാൻ-ശാപമെഴും-
യുദന്മാർ ഗോഗുൽത്തായിൽ
തരുവിന്മേൽ ക്രൂശിച്ചവനാം-സർവ്വർക്കും-
പ്രാണദനാകും മിശിഹായേ-
തന്മൂലം സ്തുതി സതതം-ചെയ്തീടുന്നെങ്ങൾ

2. വിശ്വാസികൾ ഞങ്ങൾ-ക്കഭയമതും
രക്ഷയുമരുളാനേരുശലേം

ഗോഗുൽത്തായിൽ ക്രൂശേറ്റോൻ
ഗഗനത്തിൽ പകലോൻ മങ്ങീ- ശിലചിതറി
മൃത്യുഗതന്മാരുയിർ പൂണ്ടു
തന്മൂലം സ്തുതി സതതം -ചെയ്തീടുന്നെങ്ങൾ

3. വിശ്വാസികൾ ഞങ്ങൾ-ക്കഭയമതും
രക്ഷയുമരുളാൻ-ശാപമെഴും-
യൂദന്മാരേരുശലേമിൽ
കർക്കപ്സായിൽ തരുമയമാം-സ്ലീബാമേൽ
ക്രൂശിച്ചവനാം മ്ശിഹായേ
തന്മൂലം സ്തുതി സതതം-ചെയ്തീടുന്നെങ്ങൾ
ബാറെക്മോർ. ശുബ്ഹൊ.... മെൻ ഓലം...

4. ജീവസ്ലീബമായേ സ്തുതിചെയ്തും
നതിചെയ്തും സ-മ്മാനിച്ചും
സാനന്ദം ചൊല്ലുന്നടിയാർ
ക്രൂശിതനായ് ദോഷിയിൽനിന്ന-ങ്ങടിയാരേ
രക്ഷിച്ചോൻ മ്ശിഹാ ധന്യൻ
തന്മൂലം സതതം ഞങ്ങൾ വന്ദി-ച്ചീ-ടുന്നു ആമ്മീൻ

## 113-ാം സങ്കീർത്തനം

പ്രകാശത്തിന്റെ സ്രഷ്ടാവിനു സ്തുതി. കർത്താവിന്റെ ഭൃത്യന്മാരേ! സ്തുതി പാടുവീൻ, നിന്റെ കർത്താവിന്റെ നാമത്തെ സ്തുതിപ്പിൻ.

കർത്താവിന്റെ നാമം ആദിമുതൽ എന്നേക്കും വാഴ്ത്തപ്പെട്ടതായിരിക്കട്ടെ.

സൂര്യന്റെ ഉദയം മുതൽ അതിന്റെ അസ്തമനം വരെയും കർത്താവിന്റെ നാമം വലിയതാകുന്നു.

കർത്താവ് സകല ജാതികൾക്കും മേലായി ഉന്നതനും അവന്റെ മഹത്വം ആകാശത്തിനു മീതെയുമാകുന്നു.

ഉയരത്തിൽ വസിക്കുകയും ആഴത്തെ നോക്കുകയും ചെയ്യുന്ന നമ്മുടെ ദൈവമായ കർത്താവിനോടു തുല്യനായി ആകാശത്തിലും ഭൂമിയിലും ആരുള്ളൂ?

അവൻ എളിയവനെ ജനത്തിന്റെ പ്രഭുക്കന്മാരോടുകൂടെ ഇരുത്തേണ്ടതിനു കുപ്പയിൽ നിന്നും ഉയർത്തുന്നു.

അവൻ മച്ചിയായവളെ മക്കളുടെ സന്തോഷമുള്ള മാതാവായി ഭവനത്തിൽ വസിക്കുമാറാക്കുകയും ചെയ്യുന്നു.

ദൈവമേ. സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

**(ഹോമോറാൻ ത്‌ലേ-)**

1. ഹാ! സ്കീപ്പായിൽ-നാഥൻ സത്യം ദ്വേഷിച്ച
യൂദന്മാരാൽ നമ്മൾക്കായ്-ക്രൂശേൽക്കുന്നു

2. ആചാര്യേശന്മാർ-തരുവിന്മേലിവനേ ക്രൂശി-
ക്കെന്നേവം നേരറ്റോരാം-സേവകരൊത്താർത്തു

3. യൂദന്മാർ മദ്ധ്യേ-അടിയും നിന്ദയുമേറ്റോനേ-
പ്രതി കടലും കരയും വാനും-പേടിച്ചഞ്ചുന്നു

4. ക്രോബേന്മാരും -സ്രാപ്പികളും കാദീശാർത്തു
ഭോഷന്മാരാം യൂദന്മാർ-തരുവിന്മേൽ ക്രൂശിക്കെന്നും

**(അല്ലെങ്കിൽ)**

1. അന്യായക്കാരും സത്യത്തെ നിഷേധിക്കുന്നവരുമായ .യൂദാന്മാരാൽ നമ്മുടെ കർത്താവും നമുക്കുവേണ്ടി ഇതാ സ്കീപ്പായിൽ തൂക്കപ്പെട്ടിരിക്കുന്നു

2. നിഷേധികളും സത്യത്തെ ദുഷിക്കുന്നവനുമായ പടയാളികളോടു കൂടെ പ്രധാനാചാര്യന്മാർ, അവനെ മരത്തിന്മേൽ ക്രൂശിപ്പിൻ, ക്രൂശിപ്പിൻ എന്നു പറയുന്നു.

3. യൂദന്മാരുടെ ഇടയിൽ നിന്നു എഴുന്നേറ്റവനെ ആകാശവും, ഭൂമിയും, സമുദ്രങ്ങളും ഇതാ ഇളകി ഭയപ്പെടുന്നു. അവരൊ അവനെ പരിഹസിക്കുകയും അടിക്കുകയും ചെയ്യുന്നു

4. ക്രോബേന്മാരും, സ്രാപ്പേന്മാരും കാദീശ്, കാദീശ് എന്നു പാടുന്നു. ഭോഷന്മരായ യൂദന്മാർ, അവനെ മരത്തിന്മേൽ ക്രൂശിപ്പീൻ, ക്രൂശിപ്പീൻ എന്നുപറയുന്നു.

## (യൗമോനോ അർക്കേൻ)

1. ഇന്നാൾ വിധിഗേഹേ-ജഗതീ വിധിനാഥൻ
മൗലിനമിച്ചേറ്റാൻ-കുറ്റം ദാസൻപോൽ

2. ഇന്നാൾ യുദന്മാർ- വർഷിച്ചീശോയാം
ദൈവത്തിൻമുമ്പിൽ -നിന്ദാക്ഷേപങ്ങൾ

3. ഇന്നാൾ നിർമ്മിച്ചാർ- മുൾമുടി മന്നിതിനെ
പൂവല്ലികളാലെ-ഭൂഷിപ്പിച്ചോനായ്

4. ഇന്നാൾ വിധി ചെയ്താർ-ദുഷ്ടനെയെന്നോണം
രാജാക്കന്മാർക്കായ്-ന്യായം തീർപ്പോനേ

5. ഇന്നാൾ ഘോഷിച്ചാ-രീശോമ്ശിഹായെ
ക്രൂശിക്കെന്നേവം-പീലാത്തോസ്സോടായ്

6. ഇന്നാൾ ശ്ലീഹാന്മാർ- തൻനിരയിൽനിന്നും
നീങ്ങിയ വഞ്ചകനാം- യൂദയ്ക്കയ്യയ്യോ!

7. ഇന്നാൾ തരുവിന്മേൽ- തൂങ്ങിയ ദൈവത്തേ
ഇക്ഷിതി കണ്ടപ്പോ-ളൊന്നായ് വിറകൊണ്ടു

8. ഇന്നാളിരുളാർന്നു-സൂര്യൻ ഗഗനത്തിൽ
ജ്യോതിസ്സുകൾ മങ്ങി- സൃഷ്ടികൾ വിറപൂണ്ടു

9. ഇന്നാൾ സ്വപദം പൂ-ണ്ടാദാം, ക്രൂശിതനാം
മ്ശിഹായാൽ കെറൂബിൻ-കുന്തം നീങ്ങിപ്പോയ്

10. ഇന്നാൾ തലതാഴ്ത്തി-ത്താൻ മൃതിയേറ്റതിനാൽ
മൃതരായോർക്കെല്ലാ-മുയിരേകീടുന്നു

11. ഇന്നാൾ പട്ടക്കാർ ശാസ്ത്രി പരീശന്മാർ
മ്ശിഹായേപ്പകയാൽ-തൂക്കി തരുവിന്മേൽ

12. ഇന്നാൾ മാതാവാം-മറിയാമൊടു ചൊന്നാൻ
കേഴേണ്ടാകേഴൂ-യേരുശലേമിന്നായ്
ബാറെക്മോർ. **ശുബ്ഹൊ.... മെൻ ഓലം...**

13. ഇന്നാൾ സ്ലീബായേ -വാഴ്ത്തിനമിച്ചീടാം
ക്രൂശിതനേയെന്നും-വാഴ്ത്തുന്നടിയങ്ങൾ

**വി.മത്തായി 5:3-12**

ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ. എന്തുകൊണ്ടെന്നാൽ സ്വർഗ്ഗ രാജ്യം അവരുടെയാകുന്നു.

ദുഃഖിച്ചിരിക്കുന്നവർ ഭാഗ്യവാന്മാർ. എന്തുകൊണ്ടെന്നാൽ അവർ ആശ്വാസപ്പെടും.

സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ. എന്തുകൊണ്ടെന്നാൽ അവർ ഭൂമിയെ അവകാശമായി അനുഭവിക്കും.

നീതിക്കായി വിശന്ന് ദാഹിക്കുന്നവർ ഭാഗ്യവാന്മാർ. എന്തുകൊണ്ടെന്നാൽ അവർ തൃപ്തരാകും.

കരുണയുള്ളവർ ഭാഗ്യവാന്മാർ എന്തുകൊണ്ടെന്നാൽ അവരുടെ മേൽ കരുണയുണ്ടാകും.

ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ. എന്തുകൊണ്ടെന്നാൽ അവർ ദൈവത്തെ കാണും.

സമാധാനം നടത്തുന്നവർ ഭാഗ്യവാന്മാർ. എന്തുകൊണ്ടെന്നാൽ അവർ ദൈവത്തിന്റെ പുത്രന്മാരെന്ന് വിളിക്കപ്പെടും.

നീതി നിമിത്തമായിട്ട് പീഡിപ്പിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ. എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യം അവരുടെയാകുന്നു.

അവർ നിങ്ങളെ നിന്ദിക്കുകയും നിങ്ങളെ പീഡിപ്പിക്കുകയും എന്റെ നിമിത്തം സകല ദുർവചനത്തേയും നിങ്ങളുടെ നേരെ വ്യാജമായിട്ട് പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ.

അപ്പോൾ നിങ്ങളുടെ പ്രതിഫലം സ്വർഗ്ഗത്തിൽ വർദ്ധിച്ചിരിക്കകൊണ്ട് നിങ്ങൾ സന്തോഷിച്ച് ആനന്ദിപ്പിൻ. ബാറെക്മോർ

**സ്ലേക് ലസ്ലീബേ**

1. ദേ-വാ-മ്ശിഹാ-മാനവരേ സംര-ക്ഷിപ്പാൻ
താതാത്മഹിതാൽ മറിയാമീ-ന്നേറ്റൊരു തിരുമെയ്യൊടുകൂടി
സ്ലീബായിന്മേൽ നീ-യേറി

2. സ്ലീ-ബാത്തരുവിൽ- ക്രൂശിതനാം ചോരൻ നിന്നെ-
ഇടയോനെന്നിഹ കൊണ്ടാടീ-നീയാഗതനായീടുമ്പോ-
ളെന്നെയോർക്കണമെ-ന്നാർത്താൻ

3. ദേ-വാ മ്ശിഹാ! രക്ഷയെഴും സ്ലീബായാലും
ജീവദമാം പീഡകളാലും-രക്ഷനരർക്കരുളീടുകയാൽ
മാനവവത്സലനേ!സ്തോത്രം

4. ദേ-വാ-മ്ശിഹാ- പ്രാണദമാം നിൻ സ്ലീബായാൽ
ദ്വേഷമെഴു ദോഷിയെ വീഴ്ത്തി-പ്പാപത്തിൻ ദാസ്യത്തിൽ നീ-
ന്നാദാമ്യരെ നീ രക്ഷിച്ചു.

**(അല്ലെങ്കിൽ)**

1. ഞങ്ങളുടെ മ്ശിഹാ തമ്പുരാനേ, മനുഷ്യരുടെ രക്ഷയ്ക്കു വേണ്ടി പിതാവിന്റെയും റൂഹായുടെയും തിരുവിഷ്ടപ്രകാരം മറിയാമിൽ നിന്ന് എടുത്ത ശരീരത്തോടെ നീ സ്ലീബായിലേയ്ക്ക് കരേറി.

2.മരത്തിന്മേൽ കുരിശിക്കപ്പെട്ടിരുന്ന കള്ളൻ നിന്നെ കാണുകയും നീ ദൈവമാകുന്നു എന്നു നിന്നിൽ ഏറ്റു പറയുകയും നീ വരുമ്പോൾ എന്നെഓർത്തുകൊള്ളണമേ എന്നു പറഞ്ഞു കൊണ്ട് നിന്റെ അടുക്കലേക്ക് അട്ടഹസിക്കുകയും ചെയ്തു.

3.ഞങ്ങളുടെ മ്ശിഹാ തമ്പുരാനേ, രക്ഷാകരമായ നിന്റെ സ്ലീബാകൊണ്ടും ജീവൻ ഉണ്ടാക്കുന്ന നിന്റെ കഷ്ടാനുഭവങ്ങൾ കൊണ്ടും ഞങ്ങളുടെ വർഗ്ഗത്തിനു നീ രക്ഷയുണ്ടാക്കി. മനുഷ്യരെ സ്നേഹിക്കുന്നവനേ നിനക്കു സ്തുതി.

4.ഞങ്ങളുടെ മശിഹാ തമ്പുരാനേ, ജീവിപ്പിക്കുന്ന നിന്റെ സ്ലീബാകൊണ്ട് ശത്രുവായ ദുഷ്ടനെ നീ നശിപ്പിക്കുകയും പാപത്തിന്റെ അടിമത്വത്തിൽ നിന്ന് ആദാമിനെയും അവന്റെ സന്താനങ്ങളെയും നീ രക്ഷിക്കുകയും ചെയ്തു.

**(മൊഹനീഗോ വൊസ്ശോസോ)**

1. ആ സമയം ദയനീ-യം!
വിട്ടു-മശിഹാപുരിയൂ-റിശിലേം
രോഗങ്ങളെയങ്ങാറ്റിയതിൻ-പകരം ത-ന്നെ
ക്രൂശി-ച്ചീടാൻ -കൊണ്ടിഹപോയീ-ധൃഷ്ടന്മാർ

2. ആ നാദം ദയനീ-യം
ഏകാത്മജനോടാകുലപൂർവ്വം

ചൊന്നാൾമറിയാം വത്സലനേ-പോകുന്നെ-വിടെ
നിന്നെ-യെങ്ങോ-ട്ടവർകൊണ്ടിഹ പോയീ-ടുന്നു

3. ഹാ! ബഹുമോഹനനാ-ദം!
ജനനിയൊടോതീ ദൈവതനൂജൻ
ജഗതീരക്ഷയ്ക്കായി ക്രൂശേ-റ്റാദാമ്മി-ന്നായ്-
ഓഹരി -യേകാൻ -പോകുന്നേനെൻ മാ-താവേ!

4. ആ-സമയം ദയനീ-യം!
തരുവിൻമീതേ തന്നെത്തൂക്കി
മശിഹായെങ്കിലിറങ്ങുക നീ-ഞങ്ങൾ നി-ന്നെ
നമ്പീ-ടാമെ-ന്നാക്ഷേപിച്ചു യൂ-ദന്മാർ

5. ആ-സമയം ദയനീ-യം!
നുകരാൻ മ്ശിഹാ ജലമർത്ഥിച്ചാൻ
ശപ്തസമൂഹം കടുവീഞ്ഞും കാടിയുമേ-കീ
നിൻ നാ-ദത്താൽ- ആഴിയുമാഴവുമഞ്ഞി

6. തിരുസഭ സങ്കടപൂർവ്വം
ദേവനോടർത്ഥിച്ചോതുന്നേവം
ഞങ്ങളെ മഹിത സ്ലീബായാൽ-നീ രക്ഷി-ച്ചു
നിൻ വര-വിങ്കൽ-ഓർത്തീടണമെന്നേ നാഥാ!

7. രക്ഷകനേ! കബറീ-ന്നും
പറുദീസയിലേക്കുയിരോടേറാൻ
പാർക്കുന്ന മൃതർക്കായ് പുണ്യം-നൽകീട-ണമേ
സാത്താ-നീന്നും-ഞങ്ങളെ വീണ്ടൊരുസ്ലീ-ബായാൽ
ബാറെക്മോർ. ശുബ്ഹൊ.... മെൻ ഓലം...

8. ബഹുമാന്യ മഹൽ സ്ലീബാ!
നഷ്ടമതാം പറുദീസായിൽ ഞങ്ങൾ
നിന്നാലേറിടുമെന്നോതി- പ്രണമിച്ചി-ട്ടാ
ക്രൂശേറ്റോനാം-മ്ശിഹായെ-സ്തുതിചെ-യ്യുന്നു
സ്തൗമെൻകാലോസ്... കുറിയേലായിസോൻ

# പ്രുമിയോൻ
# കോലോ

**(കൂക്കോയൊ)**

1. ദൈവതനൂജൻ സ്കീപ്പായിൽ- സ്വയമർപ്പിച്ചേകി
ലോകാധിപനാം താതൻ തൻ-തൃക്കൈകളിലാത്മം
കബറുകൾ പൊട്ടി- പാറകളും ചിതറി
സൃഷ്ടികളെല്ലാം-സംഭ്രമമതിലാണ്ടു
ദൈവസുതന്റെ വിലാവയ്യോ-കുന്തത്താൽ ചീന്തി
മോചനമുലകത്തിനു നൽകും-ജലവും രക്തമതും
ഹാലേലൂയ്യ- പ്രവഹിച്ചതിൽനിന്നും

2. വെള്ളിയിൽ മുന്തിരിയന്ത്രത്തേ-യൂദന്മാർ നാട്ടി
വീഞ്ഞുകുടിച്ചില്ലവർ വാഴ്‌വിൻ-കുലമർദ്ദിച്ചിട്ടും
പാപപ്പിശറാം- കാടി കുടിച്ചയ്യോ
തരുവിന്മീതേ-വാനവനന്ദനനെ
ക്രൂശിച്ചതിനാൽ യേരുശലേം സന്തതികൾക്കവർതൻ-
മേശകൾ കെണിയാമെന്നുള്ളൊരു -നിബിയാം ദാവീദിൻ
ഹാലേലൂയ്യ.... വചനം നിറവേറി.
ബാറെക്മോർ.... ശുബഹൊ.... ഹാലേലൂയ്യ...

3. കർത്താവമ്മയൊടും വധുവാം -സഭയോടും ചൊന്നു
പ്രിയസുതരെന്നൊടു ചെയ്തതെന്തെ-ന്നീക്ഷിപ്പാൻ വരുവീൻ
അബ്രഹാമ്യർ-തരുവിൽ ക്രൂശിച്ചു
യാക്കോബ്യന്മാർ -താഡിച്ചെൻ കവിളിൽ
കുന്തത്താൽ കുത്തീ സ്വഹിതം-പോലെല്ലാം ചെയ്തു
പ്രതിഫലമേകീടാനായ് ഞാ-നാഗതനാകുമ്പോൾ
ഹാലേലൂയ്യാ-കഷ്ടമവർക്കയ്യോ.
മെൻ ഓലം....ഹാലേലൂയ്യ

4. മ്ശിഹാ വാനിൽ നിന്നെത്തി-ത്തരുവിൽ ക്രൂശിതനായ്
യൂദന്മാർ കൊന്നൊരുകൂറ്റൻ-ബലിപീഠേസ്ഥിതനായ്
വന്നേറിടുവിൻ -ജാതികളേ!സഭയേ!
എഴുന്നേൽക്കുക നീ സീയോൻ നിപതിച്ചു.
ജീവനെഴുന്നോ-രപ്പത്തിൻ-മേശയതും നിന്നിൽ
കർത്താവിന്റെ വിലാവിൽ നി-ന്നൂറ്റിയ കാസായും
ഹാലേലൂയ്യാ........സ്തുതി ചെയ്തീടുന്നു.
മൊറിയോ........

## എത്രോ-ഹൂത്തോമ്മാ
## കോലോ

**(തൂബൈക്ക് ഈൗത്തോ)**

1. താതൻ തന്നേകാത്മജനാം കർത്താവേ!
ധിക്കാരികളിസ്രായേല്യർ-
സ്കീപ്പാമേൽ നിന്നെത്തൂക്കി
കുന്തമതേറ്റ വിലാവിൽനി
ന്നൊഴുകീ ശോണിതവും നീരും
ഗോഗുൽത്തായിൽ സ്കീപ്പാമേൽ
ജീവനെഴുന്നോരുറ്റൊഴുകീ
വിശ്വാസത്താൽ പതിതന്മാർ
വിഗ്രഹസേവിൽ നിന്നേ-റി

2. ഉന്മാദിനിയാം സീയോൻ സുത ഗോഗുൽത്തായിൽ-
ദൈവത്തിൻസുതനെത്തൂക്കി
രോഗങ്ങളെയാറ്റുമ്പോൾ തൻ
തലമേൽ വടിയാൽ താഡിച്ചു
തൂപ്പി തിരുവദനത്തിന്മേൽ
നമ്മെപ്പറുദീസൈലേറ്റാൻ
നമ്മുടെ ദീനകലുത്തിന്നായ്
അടിയും, കഷ്ടതയും, ദുഷിയും-
പരമേറ്റോനായി സ്തോത്രം ബാറെക്മോർ ശുബഹോ....

3. പാരം ശ്രേഷ്ഠം പാർത്തൽ തസ്കരവിശ്വാസം
പാണിപാദങ്ങളിലാണിയുമായ്-
നാഥൻ തരുവിൽ തൂങ്ങുമ്പോൾ
എൻപിഴപോക്കണമെന്നേവം
പാപവിമോചനമർത്ഥിച്ചാൻ
ശീമോൻ കണ്ടു നിഷേധിച്ചു-
യൂഹാനോൻ നിന്നാനകലെ
നിൻവരവതിലോർക്കണമെന്നേ-
യെന്നേവം മോഷ്ടാവാർത്തു മെൻഓലം..

4. പുണ്യമെഴുന്നോൻ കണ്ടീടും തരുവതി ധന്യം!
ശ്ലേമുൻനൃപനേവം നമ്മൾ-
ക്കെഴുതി സൃഷ്ടികളോടോതീ
സ്കീപ്പുസായിൻ തരുവിന്മേൽ-
ദൈവസുതൻതന്നെ വിരിച്ചു-
അമ്പൊടണഞ്ഞഖിലം ലിഖിതം
നിറവേറ്റിത്തന്നേനമ്പും
വിമലസഭയ്ക്കു വിലാപ്പഴുതാൽ-
പുണ്യമണച്ചോനേ! സ്തോത്രം
മൊറിയോ......

**(അല്ലെങ്കിൽ)**

1. പിതാവിൽ നിന്നുള്ള ഏകജാതനായ കർത്താവേ, നിഷേധികളായ ഇസ്രായേൽ മക്കൾ ലജ്ജ കൂടാതെ നിന്നെ സ്കീപ്പായിൽ തൂക്കി, കുന്തം കൊണ്ടു നിന്റെ വിലാവു തുറന്നു. നിന്നിൽ നിന്നും രക്തവും വെള്ളവും ഒഴുകി, ഗോഗുൽത്താമേൽ സ്കീപ്പായിൽ ജീവന്റെ ഉറവ ചീന്തി, ജാതികൾ വിശ്വസിച്ച് വിഗ്രഹങ്ങളുടെ വഴിതെറ്റിൽ നിന്നു സ്വാതന്ത്ര്യപ്പെട്ടു.

2.സെഹിയോൻ പുത്രി ഭ്രാന്തു പിടിച്ച് ഗോഗുൽത്താ മേൽ സ്ലീബായിൽ ദൈവപുത്രനെ ക്രൂശിക്കയും, വടികൊണ്ടു തന്റെ തലയ്ക്കു അടിക്കയും താൻ അവരുടെ നൊമ്പരങ്ങളെ സൗഖ്യമാക്കിയിരുന്നപ്പോൾ അവർ തന്റെ മുഖത്തു തുപ്പുകയും ചെയ്തു. നമ്മെ പറുദീസായിലേക്കു തിരിപ്പാൻ നമ്മുടെ അരിഷ്ട വർഗ്ഗത്തിനുവേണ്ടി ഇത്രയും കഷ്ടതകളും അടികളും ആക്ഷേപങ്ങളും സഹിച്ചവനും സ്തുതി. ബാറെക്മോർ. ശുബഹൊ...

3.തന്റെ യജമാനൻ തന്റെ കൈകളിലും, കാലുകളിലും ആണികളാൽ മരത്തിന്മേൽ തൂങ്ങിക്കിടക്കുന്നു. തന്നിൽ നിന്നു മോചനത്തെ ചോദിക്കുകയും എന്റെ കുറ്റത്തെ എന്നോട് ക്ഷമിക്കണമേ എന്നു തന്നോട് അപേക്ഷിക്കയും ചെയ്യുന്ന കള്ളന്റെ വിശ്വാസം വളരെ വലിയതാകുന്നു. തന്നെ കണ്ട ശെമവോൻ തന്നെ തള്ളിപ്പറയുന്നു; യോഹന്നാൻ ദൂരെ നിൽക്കുന്നു.

കള്ളനോ 'എന്റെ കർത്തവേ, നീ വരുമ്പോൾ എന്നെ ഓർത്തു കൊള്ളണമെ' എന്നു അട്ടഹസിച്ചു പറയുന്നു. മെനഓലം...

4. നീതിമാൻ കാണപ്പെടുന്ന മരം വാഴ്ത്തപ്പട്ടതാകുന്നു. സ്കീപ്പാ മരത്തിന്മേൽ ദൈവപുത്രൻ തന്നെത്തന്നെ നിവർത്തിയിരിക്കുന്നു എന്ന് ശ്ലേമോൻ രാജാവു നമുക്ക് എഴുതുകയും സർവ്വസൃഷ്ടികളോടും പ്രസംഗിക്കുകയും ചെയ്തിരിക്കുന്നു. തന്റെ അനുഗ്രഹങ്ങളാൽ താൻ വന്ന് എഴുതപ്പെട്ട സകലവും നിവർത്തിക്കയും തന്റെ വിലാവിലെ ദ്വാരത്താൽ വിശ്വസ്തമായ പരിശുദ്ധ സഭ നീതീകരിക്കപ്പെടുകയും ചെയ്തു. തനിക്കു സ്തുതി. മൊറിയോ....

## മോർ അപ്രേമിന്റെ ബോവൂസൊ

കർത്താവേ!കൃപ ചെയ്യണമേ-
മഹിതമതാം നിൻ ഹാശായാൽ
നിൻഹാശായിൽ ചേർന്നടിയാർ-
നേടണമവകാശം രാജ്യേ
ദേവാ ദയയുണ്ടാകേണം
നാഥാ! കൃപതോന്നണമൻ-പാൽ

1. മറിയാം തരുസവിധേ ചെന്നു-
ഗോഗുൽത്തായിൽ തല താങ്ങി
സങ്കടദയനീയദ്ധ്വനിയോ-
ടോകാത്മജനെ പ്രതികേണാൾ
തരുവിൽതൂക്കിയ സുതനെക്ക-
ണ്ടതിദുഃഖം കണ്ണീർ ചിന്തി
ഇടറിയ സങ്കടനാദത്തോ-
ടെബറായയിലേവം ചൊന്നാൾ
സഖികളുമവളൊപ്പം കേണു
കഷ്ടതയും വ്യഥയും പൂണ്ടു ദേവാ.....

2. നിലവിളയൊടു മറിയാം ചൊന്നാൾ
മൂകപ്രകൃതികളിളകുന്നു
മകനേ! നാലതിരും ചുറ്റി-
ത്തിരുവധമെന്ന വിരുന്നിന്നായ്

സകലരെയും ചേർപ്പാൻ നാഥാ!
ഗരുഡത്വമെനിക്കാരേകി?
നിൻ കബറേറ്റത്താലിന്നാൾ-
കേഴുന്നേൻ മോദിക്കുന്നേൻ
വിഗതസമൂഹത്താൽ ദുഃഖം
രക്ഷിതസഭയാലാനന്ദം
നിൻ കല്ലറമണവറ തുല്യം-
മകനേ നീയതിൽ മണവാളൻ
മൃതി പൂണ്ടോർ തോഴന്മാരായ്-
വാനവരൊപ്പം വാ-ഴുന്നു ദേവാ.....

3. കേണോതി മറിയാം ശാന്താ-
നിന്നോടാർക്കീ വൈരാഗ്യം
ഇന്മാദിനി സീയോൻ നിന്നിൽ-
കണ്ടെന്തിഹ നിൻ സ്കീപ്പായ്ക്കായ്
മിസറേമീന്നവളേ വീണ്ടു-
വൻകടൽ തരണം ചെയിച്ചു
സൗഖ്യം രോഗാർത്തർക്കേകീ
പൂർണ്ണസുഖം വാതാർത്തർക്കും
ക്രൂശകികൾക്കായി പകരം-
ദുഷിയും ദുഷ്ടതയും നൽകീ
പകരം ജാതികൾ മദ്ധ്യേയീ-
സംഘത്തെ മഴു ചിതറിക്കും ദേവാ.....

4. നിന്നെത്തൂക്കിയ നഗരത്തിൽ-
ന്യായാധീശൻ വാഴരുതേ
നിൻ സ്ലീബായാം വെൺമഴുവാ-
ലതു ചുറ്റും ചിതറീടട്ടെ
നിന്നെ വിധിച്ചൊരു വിധിനിലയേ
വിധി നാഥനിരുന്നീടരുതേ
നീ പിഴയേറ്റൊരു മദ്ബഹായിൽ
പുണ്യമതുണ്ടായീടരുതേ
നിന്നെ സ്കീപ്പായേൽപ്പിച്ച
വൈദികനേൽക്കരുതാശ്വാസം
അവനതിവേദന ശാശ്വതമായ്-
നരകത്തിൽ പ്രാപി-ക്കട്ടെ ദേവാ.....

5. സൃഷ്ടികളേ!വിലപിച്ചിടുവിൻ-
തരുവിൽ തൂക്കിയ നാഥന്നായ്
നീക്കുക ദിനകര! കതിരുകളേ-
നാഥാക്ഷേപം മറവാക്കാൻ
പാതാളസ്ഥരെ ദർശിപ്പാൻ
നിർമ്മാതാവു ഗമിക്കുന്നോ
തിരുളിൽ താണുദയം ചെയ്ക
ജീവദനെന്നവരോതീടും
നാഥസുതൻ ദുഷിയേല്പതിനാൽ-
ഞെട്ടിവിറയ്ക്കുക ഭുതലമേ!
സീയോൻ സുതരാം വൈരികൾതൻ
നിന്ദയെ വീട്ടുക നിൻ വായിൽ
പതിനായിരമായ് നിഹനിച്ച
വാളെങ്ങിഹ മിഖാ-യേലേ ദേവാ.....

6. എങ്ങിഹ ഗബ്രിയേലേ നിൻ-
ജ്വാലാഭീകര വൈരാഗ്യം
സ്കീപ്പാമേൽ നാഥൻ നഗ്നൻ-
നിൻ ചിറകെന്തിളകുന്നില്ല
പെരുനാളറ്റൊരു സീയോനേ-
പ്രതി മന്ദിരമേ! വിലപിക്ക
റൂഹാവാതിൽ മറകീറി
നിന്നെ വെടിഞ്ഞിഹ പൊയ്പ്പോയി
മൂകപ്രകൃതികൾ വാഴ്ത്തീടും
പ്രകൃതിയ്ക്കുടയോനേ സ്തോത്രം
തിരുവുളമായ് ഭൗതീകർ കുറ്റം-
ചാർത്തിയ നാകപതേ! സ്തോത്രം ദേവാ.....

7. വാനവുമാഴവുമേൽക്കുമ്പോൾ-
തരുവേറ്റോനേ ! തേ സ്തോത്രം
ഭൂസീമകളെ വഹിക്കുമ്പോൾ-
കബറിലമർന്നോനേ സ്തോത്രം
നിൻ സ്ലീബായാൽ രക്ഷിതരാം....
സൃഷ്ടികളിൽ നിന്നും സ്തോത്രം
നിൻപ്രഭയങ്ങു പരന്നതിനാൽ-

മൃതലോകം വാഴ്ത്തും നിന്നെ
ആയിരമൊടു പതിനായിരമായ്....
സ്തുതി മഹിമകളേകീടുന്നു
സ്തുതി! നിൻപ്രേക്ഷകതാതന്നു...
റൂഹ്ക്കുദിശായ്ക്കു നമസ്കാ-രം ദേവാ.....

കർത്താവേ! കൃപ ചെയ്യണമെ-
മഹിതമതാം നിൻ ഹാശായാൽ
നിൻഹാശായിൽ ചേർന്നടിയാർ-
നേടണമവകാശം രാജ്യേ
ദേവാ ദയയുണ്ടാകേണം-
നാഥാ! കൃപതോന്നണമൻ-പാൽ

## സുമോറോ

(ഗ്ലാവ് ഹർമ്മേ ഉശാലഹ്)

തൻ വസ്ത്രമുരിഞ്ഞു ശപ്തർ...
ഭൂവനം സംഭ്രമമൊടുമേവീ
സെഹിയോൻ തൻ ദുഷ്കൃത്യത്താൽ...
വസുധാധാരം ഭ്രമമാണ്ടു
തൻ ഭാരത്തെത്താങ്ങീടാൻ
ഗോഗുൽത്താ ക്ലേശിച്ചേറ്റം
ഞങ്ങൾക്കായുളവായൊരു നിൻ.....
വ്യഥയും താഴ്ചയുമ-തിധന്യം

വായനകൾ

ആദ്യപുസ്തകം 22:1-14, പുറപ്പാട് 17:8-14, ഏശായ 52:13-53:12,
1 പത്രോസ് 2:19-25, ഗലാത്യർ 2:26-3:14, 6:11-18

## ഏവൻഗേലിയോൻ

## (പെസ്ഗോമോ)

ഹാ-ഹാ- എന്നാടകളവർ ഭാഗിച്ചു
എന്നങ്കിക്കായ് ചീട്ടിട്ടു.....ഹാലേലൂയ്യാ

വി. യോഹന്നാൻ 19:31-42

# സ്ലീബാ വന്ദനവ്



സൊ..........ഗദീ.........നാൻ............ലസ്ലീബൊക്
ദ്ബേവോ പുറുകോ നൊലനപ്ശോ......സാൻ
അം.......ഗാ-യോസോ ഓമറീനാൻ മ്ശീഹോ
എസദ്-ക്രൈമ്മോ...............ദോ........സേ...........ആത്ത്

(മലയാളം)

ആത്മാ-ക്കളെ രക്ഷിച്ചൊരു-
നിൻ സ്ലീബായെ നമിച്ചെ-ങ്ങൾ
ചോ-രനൊടൊപ്പം ചൊല്ലുന്നു
മ്ശിഹാ!യോർക്കെ-ങ്ങളെ നീ വന്നീ-ടുമ്പോൾ

**ഗദ്യം**

ഞങ്ങളുടെ ആത്മാവിന് അതിനാലേ രക്ഷയുണ്ടായി എന്ന സ്ലീബായേ ഞങ്ങൾ കുമ്പിടുന്നു. മ്ശിഹാ തമ്പുരാനേ! നീ എഴുന്നെള്ളി വരുമ്പോൾ ഞങ്ങളെയും ഓർക്കണമെന്നു- കള്ളനോടുകൂടി ഞങ്ങളും-ചൊല്ലുന്നു

# സ്ലീബായയാഘോഷം

## 2–ാം പ്രദക്ഷിണം



കാദ് അഹ്സുക് മെൻ റിശ് കയ്സൊ
യൗസേഫ് അം നിക്കോദീമോസ്
വത് ഈനീൻ ലൊക് അകമീസൊ
കദ്ഹായെ ബോകു ക്സേൻവാവ്
വബ്മൂറോ വ് അലായ് ഹൻതൂക്
വബ്കേതോനെ തുബ് കർകൂക്ക്
വബ്കബ്റൊ ഹാദ്സൊ സോമൂക്
വഹ്ത്സ്യം കീഫൊ അൽ തർഏ
ബ്രീസോ കുലോ ക്മീറോ ഹ്വൊസ്
വാബീലോ ഹ് വൊസ് അൽ മൗതോക്

വ് ആനിദെ സൗവസ്ഗേദ് ലൊക്
ഹായോ ദ്മീസ് അക് സെബ്യോനെ
ബ്രിക് ഹാശോക് ദഹ് വൊ ഹ് ലോഫൈൻ
മൂകോകോക് ദ്മേത്തൂലോസാൻ

(മലയാളം)

യൗസേപ്പൊടു നിക്കോദീമോസ്-
തരുവീന്നും നിന്നെയിറക്കി

പ്രാണൻ ഗുഢമിരിക്കുമ്പോൾ
മൃതനെപ്പോൽ നിന്നേയേന്തി

അൽവായും മൂറും പൂശി
ക്കേത്താനാപ്പട്ടിൽ ചുറ്റി

പുതിയൊരു കല്ലറയിൽ വച്ചു
ശിലയാൽ വാതിൽ ബന്ധിച്ചു

സൃഷ്ടികളഖിലം നിൻമൃതിയിൽ
സന്താപത്തൊടു വിലപിച്ചു

സ്വഹിതാൽ മൃതനാമുയിരോലും
നിന്നെമൃതന്മാർ വന്ദിച്ചു

ഞങ്ങൾക്കായുളവായൊരു നിൻ
വ്യഥയും താഴമയുമതിധന്യം

(അല്ലെങ്കിൽ)



ഹദ്ഗബറൊ ദ്ശമെ ഹ് വൊ യൗസേഫ്
മെൻ റംസൊ ദ്കീൻ ഹ് വൊ ബ്ദൂബോറായ്
ഏസൽ ഹ് വൊ ബ്ഗ മെൻ പീലാത്തോസ്
ദ്നേസെൽ ലേ ഫഗ്റെ ദംശീഹോ
ദായോനോ ഹബ് ലീ ഫഗ്റെ ദ്ഫോറൂകാൻ
സീമ്തോ ദ്കുൽ തുബ്ബീൻ ദീസാൽ ആഫേവ്
യൂദോയെ സ്ലീബ്ബൂയ് അൽ കയ്സൊ
വ്ലീ ഹാബോ ദാമേനെ എസ്ബാസാം

(മലയാളം)

അരിമത്യാ നാട്ടിൽ-ധാർമ്മികനായ് വാണ
യൗസേപ്പെന്നോതും.........മാനവനേകൻ
മ്ശിഹാതൻ ഗാത്രം........പ്രാപിപ്പാൻ ചെന്നു
പീലാത്തോസ്സോടാ..........യർത്ഥിച്ചേവം
വിധി നാഥാ! നൽക.....ഭാഗ്യമഹാനിധിയാം
രക്ഷകഗാത്രത്തെ....സംസ്കാരം ചെ...യ്യട്ടേ....ഞാൻ
അവനേയൂദന്മാർ.......തരുവിന്മേൽ തൂക്കി
ഞാനാമോദിപ്പാ.........നതിനേ നൽക

## കിഴക്ക് (പ്രാർത്ഥന)

## എക്ബൊ

**(എസ്ക്ബാത്തോർ ബസലീബോ)**

ദോഷികളാൽ നീ കർത്താവേ!................
ക്രൂശിന്മേൽ തൂക്കപ്പെട്ടു
പാണികൾ നീ നീട്ടിപ്പാരിൻ...
നാലതിരുകൾ കരഗതമാക്കി
നാഥനെ നഗ്നം കണ്ടതിനാൽ-
ഗഗനത്തിൽ പകലോൻ മങ്ങീ,
പകൽ മദ്ധ്യാഹ്നേ നിശയേറി-
ത്തന്നധികാരേ നിലകൊണ്ടു
തരുവിൽ നിൻദ്ധ്വനി ധരയേയും-

വാനിനെയും വിറകൊള്ളിച്ചു
കൃപയാൽ നീ മൃതസമനായി-
ഹിതമൊടുനീയുത്ഥിതനായി
ട്ടാദാമിനെയെഴുന്നേല്പിച്ച
ങ്ങേദനിലേക്കു തിരിച്ചേറ്റി
രക്ഷക! കരുണാസമ്പന്നാ!
ശ്രേഷ്ഠം നിൻകൃപ കർത്താ-വേ!

**പെസ്ഗോമോ**

**(യാബ്ലീ സക്റൊദു പൂർക്കാനോ)**

**രക്ഷണപരിചയെനിക്കായ് നീ നൽകി**

പറുദീസാമദ്ധ്യേ നട്ടോ-രേദൻ തന്നിലെ ജീവമരം
സ്ലീബായുടെ ദൃഷ്ടാന്തം താൻ-പാരും വാനും പുരുമോദാൽ
പെരുന്നാൾ ഘോഷിച്ചീടുന്നു-നാമും ചേർന്നോതീടേണം-
കുറിയേലായിസോൻ...........കുറിയേ.............കുറിയേ......

**പടിഞ്ഞാറ് (പ്രാർത്ഥന)**

**എക്ബൊ**

**(ബമ്സാതൊദ് മെസ് അമറേനീസോ)**

മ്ശിഹാ! നീ ഭൂമദ്ധ്യത്തിൽ.....
ക്രൂശിതനായൊരു വേളയതിൽ
ആലയമറ രണ്ടായ് കീറി....
നിന്നെക്കുരിശിൽ ദർശിച്ചി......
ട്ടൂഴിയുമഖിലം വിറപൂണ്ടു
സംഭ്രമമോടുൽഘോഷിച്ചാൾ
താതന്മാരുടെ ദൈവം നീ...
വാഴ്ത്തപ്പെട്ടവനാ-കുന്നു

**പെസ്ഗോമോ**

**(യാമീനോക് ത്സയ് ആൻ)**

**തൃക്കൈതുണ ചെയ്തെന്നെ വളർത്തും നിൻശിക്ഷ**

മൃതിയിൽ നിന്നിസഹാക്കിനെ സം....
രക്ഷിച്ചോരജപോതത്തെ

സംദാനം ചെയ്തൊരു തരുഭൂ
സീമകളെപ്പരിരക്ഷിപ്പാൻ
തൂക്കപ്പെട്ടൊരു കുഞ്ഞാടിൻ...
സ്ലീബാ തന്നുടെ ദൃഷ്ടാന്തം
തന്നുടെ പൂജാ ദിവസത്തിൽ.....
പാരും വാനും പുരുമോദാൽ
പെരുന്നാൾ ഘോഷിച്ചീടുന്നു
നാമും ചേർന്നോതീടേണം-
കുറിയേലായിസോൻ...........കുറിയേ.............കുറിയേ......

**വടക്ക് (പ്രാർത്ഥന)**

**എക്ബൊ**
**(ആത്ദസലീബ് ഹെസ്ദോ)**

കർത്താവേ! നീ ഞങ്ങൾക്കായ്-
ഗോഗുൽത്തായിൻ മൗലിയതിൽ
തിരുവുള്ളത്താൽ നിന്ദിതമാം...
കുരിശിൽ കഷ്ടത ഭരമേറ്റു
ആർത്തിയെഴും ഭീഷ്കമൃതിയിൻ...
ദംഷ്ട്രയെ നീ നിപതിപ്പിച്ചു.
പാതാളത്തിലകപ്പെട്ടോർ.....
ക്കേകീ ബന്ധനമുക്തിയേ നീ
തന്മൂലം വിജയദ്ധ്വനിയോ.....
ട്ടാത്മീയമതാം ഗാനങ്ങൾ
എന്നിവ സഹിതം തിരുസവിധേ...
കൂപ്പിനമിച്ചീടുന്നെങ്ങൾ

**പെസ്ഗോമോ**

**(ബോക്കുനുദാക്കർ)**

**കുത്തിമുറിക്കും ശത്രുക്കളെ നിന്നാൽ ഞങ്ങൾ**

യാക്കോബാമജപാലനവൻ-
തഴകി വണങ്ങിയതാം ദണ്ഡം
മ്ശിഹായാം നമ്മുടെയിടയൻ
മൃതിയെ വണങ്ങിക്കൊല ചെയ്ത്...
പാതാളത്തേ ധൂളിച്ച......

സ്ലീബാതന്നുടെ  ദൃഷ്ടാന്തം
തന്നുടെ പൂജാ ദിവസത്തിൽ.....
പാരും വാനും പുരുമോദാൽ
പെരുന്നാൾ ഘോഷിച്ചീടുന്നു
നാമും ചേർന്നോതീടേണം-
കുറിയേലായിസോൻ...........കുറിയേ.............കുറിയേ...

## തെക്ക് (പ്രാർത്ഥന)

## എക്ബൊ
**(ബ്രീക്ദെസ്തലേബ്)**

ജളതയെഴും യൂദന്മാരാൽ....
ഗോഗുൽത്തായിൽ ക്രൂശിതനായ്
ജീവപ്രദമാം സ്ലീബായാൽ...
ഞങ്ങളെ രക്ഷിച്ചോൻ ധന്യൻ
നീയാഗതനായീടുമ്പോൾ
ഞങ്ങളെയോർക്കണമെന്നേവം
ചോരനൊടൊന്നിച്ചുൽഘോഷി...
ച്ചെപ്പോഴും കൂപ്പുന്നടിയാർ

## പെസ്ഗോമോ
**(ആത്തു പ്രക്ത്തൻ)**

**ശത്രുക്കളെ നീക്കിക്കാത്തെങ്ങളെ നീ**

നീതിപരൻ നോഹിൻകാല.......
ത്തുലകത്തിനു ജീവിത ശിഷ്ടം
സംരക്ഷിച്ചോരാനൗക...
നവജീവനസുവിശേഷത്തെ
ലോകത്തിനു പരമരുളിയതാം....
സ്ലീബാ തന്നുടെ ദൃഷ്ടാന്തം
തന്നുടെ പൂജാ ദിവസത്തിൽ.....
പാരും വാനും പുരുമോദാൽ
പെരുന്നാൾ ഘോഷിച്ചീടുന്നു
നാമും ചേർന്നോതീടേണം-
കുറിയേലായിസോൻ...........കുറിയേ.............കുറിയേ...

## വീണ്ടും കിഴക്ക്

## (ഹവ്ദ്മാലാകേ)

ദൂതന്മാർ-സേവിപ്പോനേ!
ഈശാ! നീ-പരിശുദ്ധൻ
ക്രോബേന്മാർ- വാഴ്ത്തുന്നോനേ!
ശക്താ! നീ -പരിശുദ്ധൻ
സ്രാപ്പികൾ കാ-ദീർശാർപ്പോനേ!
മൃതിഹീനാ! നീ-പരിശുദ്ധൻ
വിശ്വാസിനിയാം തിരുസഭ തൻ-സുതരർത്ഥിക്കുന്നു
ഞങ്ങൾക്കായ് ക്രൂശേറ്റോനേ! -കൃപ ചെയ്യേണം.

## പടിഞ്ഞാറ്

തീമയർഹാ-ലൽ ചൊൽവോനേ!
ഈശാ! നീ -പരിശുദ്ധൻ
ആത്മീയർ- ശ്ലാഘിപ്പോനേ!
ശക്താ! നീ -പരിശുദ്ധൻ
മൺമയരാ-ഘോഷിപ്പോനേ!
മൃതിഹീനാ! നീ-പരിശുദ്ധൻ
പാപികളനുതാപത്തോട-ർത്ഥിച്ചോതുന്നു
ഞങ്ങൾക്കായ് ക്രൂശേറ്റോനേ!-കൃപ ചെയ്യേണം

## വടക്ക്

മേലുള്ളോർ-മാനിപ്പോനേ!
ഈശാ! നീ -പരിശുദ്ധൻ
മദ്ധ്യമർ കീർ-ത്തിക്കുന്നോനേ!
ശക്താ! നീ -പരിശുദ്ധൻ
കീഴുള്ളോർ-കൂപ്പുന്നോനേ!
മൃതിഹീനാ! നീ പരിശുദ്ധൻ
വിശ്വാസനിയാം തിരുസഭ തൻ- സുതരർത്ഥിക്കുന്നു
ഞങ്ങൾക്കായ് ക്രൂശേറ്റോനേ!- കൃപ ചെയ്യേണം.

## തെക്ക്

നാഥാ! കൃ-പ ചെയ്തീടണമേ
നാഥാ! കൃ-പ ചെയ്യുക കനിവാൽ
നാഥാ!കർമ്മാർത്ഥനകളെ നീ-
കൈക്കൊണ്ടും കൃപ- ചെയ്തീടേണം
ദേവേശാ! തേ സ്തോത്രം
സൃഷ്ടാവേ -തേ സ്തോത്രം
പാപികളാം ദാസരിലലിയും
മ്ശിഹാ- രാജാ-വേ സ്തോത്രം ബാറെക്മോർ
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.....
(തുടർന്നു പട്ടക്കാരൻ മദ്ബഹായിൽ പ്രവേശിച്ച് കബറടക്ക ശുശ്രൂഷ നടത്തുന്നു)

## കബറടക്കശേഷം

## കുക്കിലിയോൻ

(ബസ്മീസേ ബർ ഹീറോ)

കബറിലുറങ്ങും ഹതരെപ്പോൽ-ഹാ-ഹാ
മൃതരുടെ മദ്ധ്യേ-സ്വാ-തന്ത്ര്യസുതൻ
മൃതി നിഴലും കൂരിരുളുമെഴും-ഹാ-ഹാ
പടുകുഴിയിൽ ചേർത്താ-നെന്നേ നീ
മൃതരായോർക്കായ് നീ ചെയ്താശ്ചര്യങ്ങൾ ഹാ-ഹാ
വീരന്മാരെഴുന്നേറ്റങ്ങേ -വാഴ്ത്തീടും
നിൻകൃപയെക്കല്ലറവാസികളും-ഹാ-ഹാ
നിൻ വിശ്വാസത്തെപ്പാഴായോരും-വർണ്ണിക്കും
ശുബഹോ.........മെൻഓലം (ബാറെക്മോർ)

## എക്ബൊ

## (ലശ് യൂൽ ഏമൊദ്മീസേ)

മൃതരുടെ മാതാവാം പാതാളത്തിൽ......
രാജതനൂജനിറങ്ങിച്ചെന്നു..........
ശൂന്യതയെഴുമവളേ നിർമ്മൂലം വീഴ്ത്തി
ട്ടുൾക്കോട്ടകളെല്ലാം ഭഞ്ജിച്ചു....
സത്തമശീലൻ മരണക്കോയ്മയെ നീക്കം ചെയ്തു.....

കോശത്തേയും കൊട്ടാരങ്ങളേയും ശൂന്യമതാക്കി....
വന്നേൻ കല്പന ലംഘിച്ചോനാദാമിൻ പേർക്കായ്
എൻസവിധം ചേരുവിനെന്നേവം മൃതരോടോതീ
വിശ്വാസികളാം നാമേവരുമേവം മോദത്തോടു ഘോഷിക്കേണം....
ആശ്ചര്യങ്ങളെ മൃതരായോർക്കായ് നീ ചെയ്യുന്നു.....
വീരന്മാരെഴുന്നേറ്റങ്ങേ സ്തുതി ചെയ്തീ-ടും
സ്തൗമെൻകാലോസ്... കുറിയേലായിസോൻ

## പ്രുമിയോൻ

## ലോക്മൊറിയോ കോറേനോൻ

1. ജീവമയൻ മൃതലോകം പൂ-ക്കുൽഘോഷി-ച്ചാൻ
പുനരുജ്ജീവനമുത്ഥാനം കടമോ- ചനമിവയേ
പാതാളത്തിൻ വാതിൽ തക-ർത്തോടാമ്പലൊടി..
ച്ചാമൃതിതന്നധികാരത്തൊടു ജയവും....മായിച്ചു
മരണത്തെ ജീവിപ്പിച്ചവനേ!
നിദ്രയൊഴി-ച്ചോനേ! നീ ധന്യൻ
കബറാൽ ജീവൻ തന്നവനേ കൃപയാൽവാഴ്വരുൾക
ബാറെക്മോർ. ശുബ്ഹൊ.... മെൻഓലം...

2. മൃതലോകം പൂകിയ ദാവീ-ദാത്മജനാകും
രാജാവിന്നാൾപ്പേരായ് ദാ-വീദോ-തീടുന്നു
പാതാളത്തിന്നുയിരെത്തീ-യെന്നുടെയാത്മം-
ക്രൂശകരീന്നും ദുഷിയേറ്റു-കുഴിയാ-ർന്നോരൊപ്പം
എണ്ണപ്പെ-ട്ടേൻ പാതാളസ്ഥ-
ർക്കുയിരും മോ-ചനവും ഞാൻ നൽകും
ഉയിരാർന്നുയിർ ഞാനേകും ക്രൂ-ശകർല-ജ്ജിതരാകും
മൊറിയോ..

## മോർ യാക്കോബിന്റെ ബോവൂസൊ

ܒܩܠܐ ܕܡܪܝ ܝܥܩܘܒ

ܡܫܝܚܐ ܕܐܬܐ ܠܚܫܐ ܘܡܘܬܐ ܘܠܙܩܝܦܘܬܐ .
ܫܡܥ ܒܥܘܬܢ ܘܥܒܕ ܪ̈ܚܡܐ ܥܠ ܢܦܫܬܢ ܐܠܗܢ
ܪܚܡ ܥܠܝܢ ܩܘܪܝܠܝܣܘܢ

മ്ശീഹൊ ദേസോ ല്ഹാശോ വ്മൗതോ വ്ലസ്ഖീഫുസോ
ശ്മാ ബോവൂസാൻ വാബെദ് റഹമെ അൽനഫ്ശോസാൻ
ആലോഹൻ റാഹേമേലൈൻ കുറിയേലായിസോൻ

മ്ശിഹാസ്കീ-പ്പാ മൃതികഷ്ടതകൾക്കായ് വ-ന്നോനെ
പ്രാർത്ഥനകേ-ട്ടിട്ടാത്മാക്കളിലമ്പുണ്ടാ-കേണം ദേവാ....
ദേവാ! ദയുണ്ടാകേണം-നാഥാ ! കൃപതോന്നേ-ണമൻപാൽ

1. ദാസ്യത്തിൽ രക്ഷകനെപ്പോൽ മൃതസവിധം പൂണ്ടാൻ
ഭീയാർന്നു ഭീകരഭൂതം-താൻ ദാസ്യം നീക്കി
ബദ്ധന്മാരുടെ തുടലും തളയും പാടേ പോക്കി
വീണ്ടീടാൻ വന്നൊരു രക്ഷകനെ -യവർ വ-ന്ദിച്ചു
ദേവാ....

2. പാതാളത്തിൻ നിലയേ മരുവും വാങ്ങിപ്പോയോർ
കൊണ്ടർപ്പിച്ചാർ നതിമഹിമകൾതൻ-മകുട-ങ്ങൾ താൻ
ആദ്യം ഹതനാം ഹാബേൽ തൻമുമ്പിൽകു-മ്പിട്ടു
വർഗങ്ങൾക്കെല്ലാം തലയായോ-നാദാം-താനും
ദേവാ....

3. നോഹിൻ വീടും സുന്ദരശേത്തൊത്തബറാഹാമും
രക്ഷിപ്പാൻ വന്നോരുയിരോനേ-മോദാൽകൂപ്പി
നീതിജ്ഞന്മാർ പിതൃതതി ജാതിത്തലവന്മാരും
ആചാര്യന്മാർ നൃപരരും വന്നാമോദാൽ കൂ-പ്പി
ദേവാ....

4. മൂശാനിബിയും നിബിസഞ്ചയമങ്ങഹറോൻതാനും
ലേവ്യന്മാരും പട്ടക്കാരും തന്നെ-കൂപ്പി
വാഞ്ഛിച്ചാർ നെടുനാളായ്തന്നെ ദർശിച്ചീടാൻ
ദർശിച്ചപ്പോൾ നതിയും സ്തുതിയും-പകരം-നൽകി

ദേവാ....

5. സ്തോത്രം താതാ! മൃതലോകേസുതനേ -വിട്ടോനേ
തൽഗേഹം പൂണ്ടൊരു സുതനേ-വന്ദിച്ചീടുന്നു
ആശ്വാസകനാം ജീവപ്രദനേ! റൂഹാസ്തോത്രം
കബറീന്നും പറുദിസായിൽ ചേർ-പ്പോനേ സ്തുതിതേ

ദേവാ....

**(അല്ലെങ്കിൽ)**

പൗരോഹിത്യം രാജ്യം പ്രവചനമേന്നിവയെന്യേ
യൂദന്മാരേ നിങ്ങടെ നിലയം സർവ്വംശൂന്യം

ദേവാ....

## മാലാഖമാരുടെ സ്തുതിപ്പ്

അത്യുന്നതങ്ങളിൽ സ്വർഗ്ഗീയ മാലാഖമാരും, പ്രധാന മലാഖമാരും സ്തുതിക്കുന്നതുപോലെ ബലഹീനരും പാപികളുമായ ഞങ്ങളും സ്തുതിച്ചുപറയുന്നു.

എല്ലാകാലത്തും എല്ലാ സമയത്തും ഉയരങ്ങളിൽ ദൈവത്തിനു സ്തുതിയും ഭൂമയിൽ സമാധാനവും നിരപ്പും മനുഷ്യമക്കൾക്ക് നല്ല ശരണവുമുണ്ടായിരിക്കട്ടെ.

ഞങ്ങൾ നിന്നെ സ്തുതിക്കുകയും വാഴ്ത്തുകയും വന്ദിക്കുകയും ചെയ്യുന്നു. സ്തുതിയുടെ ശബ്ദം നിനക്കു ഞങ്ങൾ കരേറ്റുന്നു.

സർവ്വശക്തിയുള്ള പിതാവായ ദൈവവും, സ്വർഗ്ഗീയ രാജാവും സൃഷ്ടാവുമായ കർത്താവെ! നിന്നെയും യേശുമ്ശിഹാ ആയ ഏക പുത്രനായിരിക്കുന്ന ദൈവമായ കർത്താവെ! പരിശുദ്ധ റൂഹായോടുകൂടെ നിന്നെയും നിന്റെ സ്തുതിയുടെ വലിപ്പം നിമിത്തം ഞങ്ങൾ നിന്നെ സ്തുതിക്കുന്നു.

പിതാവിന്റെ പുത്രനും വചനവും ലോകത്തിന്റെ പാപത്തെ വഹിക്കുന്നവനും വഹിച്ചവനുമായ ദൈവത്തിന്റെ കുഞ്ഞാടായ ദൈവമായ

കർത്താവേ ഞങ്ങളോടു കരുണചെയ്യണമെ.

എന്തെന്നാൽ നീ മാത്രം പരിശുദ്ധനാകുന്നു. പിതാവായ ദൈവത്തിന്റെ മഹത്വത്തിന് പരിശുദ്ധ റൂഹായോടുകൂടെ യേശുമ്ശിഹായായ നീ മാത്രം കർത്താവാകുന്നു. ആമ്മീൻ.

എല്ലാക്കാലത്തും ഞങ്ങൾ ജീവനോടിരിക്കുന്ന ദിവസങ്ങളൊക്കെയും നിന്നെ വാഴ്ത്തുകയും എന്നേക്കും വാഴ്ത്തപ്പെട്ടതും നിത്യത്വമുള്ളതുമായ നിന്റെ പരിശുദ്ധ തിരുനാമത്തെ ഞങ്ങൾ സ്തുതിക്കുകയും ചെയ്യും.

ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ സർവ്വശക്തിയുള്ള കർത്താവെ നീ വാഴ്ത്തപ്പെട്ടവനാകുന്നു. നിന്റെ നാമം മഹത്വമുള്ളതും നീ എന്നേയ്ക്കും മഹത്വങ്ങളിൽ പ്രഭാവമുള്ളവനുമാകുന്നു.

സ്തുതി നിനക്കുയോഗ്യമാകുന്നു. മഹത്വം നിനക്ക് യുക്തമാകുന്നു. സകലത്തിന്റെ ദൈവവും സത്യത്തിന്റെ പിതാവുമായവനെ നിനക്കും ഏക പുത്രനും ജീവനുള്ള പരിശുദ്ധ റൂഹായ്ക്കും പുകഴ്ച്ച ചേർച്ചയാകുന്നു. അതിപ്പോഴും എല്ലാ സമയത്തും എന്നേക്കും ഉണ്ടായിരിക്കട്ടെ ആമ്മീൻ.

ഞങ്ങളുടെ കർത്താവായ യേശുമ്ശിഹാ! നിന്റെ കരുണയുടെ വാതിൽ ഞങ്ങളുടെ നേരെ നീ അടയ്ക്കരുതെ. കർത്താവേ ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റുപറയുന്നു. ഞങ്ങളോട് കരുണയുണ്ടാകണമേ

കർത്താവേ, നിന്റെ മരണത്താൽ ഞങ്ങളുടെ മരണം മാഞ്ഞുപോകുവാനായിട്ടു നിന്റെ സ്നേഹം നിന്റെ സ്ഥാനത്ത് നിന്ന് ഞങ്ങളുടെ അടുക്കലേക്ക് നിന്നെ ഇറക്കിക്കൊണ്ടുവന്ന് ഞങ്ങളോട് കരുണയുണ്ടാകണമെ.

## കൗമാ

ദൈവമേ നീ പരിശുദ്ധനാകുന്നു..................(മൂന്നുപ്രാവശ്യം)

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.....

## വിശ്വാസപ്രമാണം

സർവ്വശക്തിയുള്ള പിതാവായി ആകാശത്തിന്റെയും ഭൂമിയുടെയും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സൃഷ്ടാവായ സത്യേകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

ദൈവത്തിന്റെ ഏകപുത്രനും സർവ്വലോകങ്ങൾക്കും മുമ്പേ പിതാവിൽനിന്നു ജനിച്ചവനും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും, ജനിച്ചവനും, സൃഷ്ടിയല്ലാത്തവനും സാരാംശത്തിൽ പിതാവിനോടു സമത്വമുള്ളവനും തന്നാൽ സകലവും മുഖാന്തിരം നിർമ്മിച്ചവനും മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കും വേണ്ടി തിരുവിഷ്ടപ്രകാരം സ്വർഗ്ഗത്തിൽ നിന്നിറങ്ങി+പരിശുദ്ധ റൂഹായാൽ ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിൽ നിന്നും ശരീരിയായിത്തീർന്നു മനുഷ്യനായി പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ ഞങ്ങൾക്കുവേണ്ടി കുരിശിൽ തറയ്ക്കപ്പെട്ട്+ കഷ്ടത അനുഭവിച്ച് മരിച്ച് അടക്കപ്പെട്ടു. മൂന്നാം ദിവസം ഉയർത്തെഴുന്നേറ്റു സ്വർഗ്ഗത്തിലേക്കു കരേറി+ തന്റെ പിതാവിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നവനും ജീവനുള്ളവരേയും മരിച്ചരേയും വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും തന്റെ രാജ്യത്വത്തിന് അവസാനമില്ലാത്തവനും ആയ യേശുമ്ശിഹാ ആയ ഏക കർത്താവിലും ഞങ്ങൾ വിശ്വസിക്കുന്നു.

സകലത്തേയും ജിവിപ്പിക്കുന്ന കർത്താവും പിതാവിൽ നിന്നു പുറപ്പെട്ടു പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും നിബിയൻമാരും ശ്ലീഹന്മാരും മുഖാന്തരം സംസാരിച്ചവനും ആയി ജീവനും വിശുദ്ധിയുമുള്ള ഏകറൂഹായും കാതോലികവും ശ്ലൈഹികവും ആയ ഏക വിശുദ്ധ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.

പാപമോചനത്തിനു മാമോദീസ ഒന്നു മാത്രമേയുള്ളൂ എന്നു ഞങ്ങൾ ഏറ്റു പറഞ്ഞു. മരിച്ചുപോയവരുടെ ഉയർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനുമായി ഞങ്ങൾ നോക്കിപ്പാർക്കുന്നു. ആമ്മീൻ.

ബാറെക്മോർ സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ കുറിയേലായിസ്സോൻ കുറിയേലായിസ്സോൻ.

## കുക്കിലിയോനു പകരം
## കൗമാ





മ്ശീഹൊ ദബമൗത്തെ ആഹീമീസൂസാൻ
നാഹേംല ആനിദൈൻ വെസറാഹാമ്മേലൈൻ

(മലയാളം)

മൃതിയാ-ലടിയാരുടെ മൃതിപോ-ക്കിയ മ്ശിഹാ!
മൃതരാ-യോർക്കുയിരും ഞങ്ങൾ-ക്കരുൾകൃപയും
(മൂന്നുപ്രാവശ്യം ചൊല്ലി കുമ്പിടണം)

നാഥേ! തേ സ്തുതിയും മാനം താതന്നും
മഹിമാ, വന്ദനകൾ ശുദ്ധാ-ത്മാവിന്നും
ഉണ്ടാം ഉൾകൃപ പാ-പികളാം ഞങ്ങളിലും
മേലാ-മൂറിശിലേം വാതിൽ-ക്കുള്ളിൽ നിൻ
സിംഹാ-സനമണയണ മീപ്രാ-ർത്ഥന മ്ശിഹാ
സ്തോത്രം കർത്താവേ! സ്തോത്രം കർത്താവേ!
നിത്യം ശരണവുമേ സ്തോത്രം, ബാറെക്മോർ

**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ................**